# സത്യദൂതൻ

2020 ഫെബ്രുവരി | ലക്കം 02

വില ₹ 30



## കേവലനീതി, അനുകമ്പ, ബന്ധുത്വം
## മൂന്ന് സക്രിയ തത്വങ്ങൾ നിർവ്വചിക്കപ്പെടുന്നു

## ചൈനയിൽ നിന്ന് പൊട്ടി പുറപ്പെട്ട മഹാമാരി

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2020 ഫെബ്രുവരി
ഹി.ശ.1400 - തബ്‌ലീഗ്
1441 ജമാദുൽ ആഷിർ - റജബ്
പുസ്തകം 92 ലക്കം 02
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**ബദരി സഹാബിയായിരുന്ന ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ (റ)**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 ജനുവരി 24ന് മുബാറക്ക് മോസ്ക്, ഇസ്‌ലാമാബാദ്, യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**11**
അഹ്മദിയ്യാ പ്രസ്ഥാനം - 5
**വെളിപാടിന്റെ യാഥാർത്ഥ്യം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**16**
**കേവലനീതി, അനുകമ്പ, ബന്ധുത്വം മൂന്ന് സക്രിയ തത്വങ്ങൾ നിർവ്വചിക്കപ്പെടുന്നു**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**19**
**ദൈവാസ്തിക്യം: ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ**
പ്രൊഫ: സാലേ മുഹമ്മദ് അല്ലാദീൻ

**24**
സെക്കുലരിസം 2
**വിശുദ്ധ റോമാ സാമ്രാജ്യം മുതൽ വെസ്റ്റ് ഫാലിയൻ കരാർ വരെ**
എ.എം. മുഹമ്മദ് സലീം

**28**
ഭാഗം - 5
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**34**
**മനുഷ്യാവകാശങ്ങളും മുസ്‌ലിം രാജ്യങ്ങളും**
അബു റിസ്വാൻ

**35**
**ഉമ്മിയായ പ്രവാചകൻ**
മുഹമ്മദ് ഉമർ എച്ച് എ

**39**
കുറിപ്പുകൾ
**ചൈനയിൽ നിന്ന് പൊട്ടി പുറപ്പെട്ട മഹാമാരി**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരന്മാർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിന് വേണ്ടി. (49:11)



## നബിവചനം

സൂര്യൻ ഉദിച്ചുയരുന്ന ഓരോ ദിവസവും നന്മ ചെയ്യൽ ഓരോ മനുഷ്യാവയവത്തിന്നും കടമയാക്കപ്പെട്ടതാണ്. പരസ്പരം പോരടിക്കുന്ന രണ്ടു പേർക്കിടയിൽ സമാധാനം സ്ഥാപിക്കുന്നത് നന്മയാണ്. ഒരാളെ അയാളുടെ സവാരി മൃഗത്തിന്ന് പുറത്ത് കയറാൻ സഹായിക്കുക അല്ലെങ്കിൽ അയാളുടെ ഭാണ്ഡം കെട്ടാൻ സഹായിക്കുന്നതും നന്മയാണ്. നല്ലൊരു വാക്ക് നന്മയാണ്. നമസ്ക്കാരത്തിന്ന് വേണ്ടി നടക്കുന്ന ഓരോ കാലടിവെപ്പും നന്മയാണ്. ഉപദ്രവകരമായ വസ്തുക്കൾ വഴിയിൽ നിന്നും നീക്കം ചെയ്യുന്നതും നന്മയാണ്. (ബുഖാരി, മുസ്‌ലിം)

## വാഗ്ദത്ത മസീഹിന്റെ വചനം

പ്രിയ ജനങ്ങളേ! സമാധാനത്തെ പോലെ കാര്യമായിട്ട് മറ്റൊന്നും തന്നെയില്ല. .വരുവീൻ നമ്മൾ ഇരു കൂട്ടർക്കും ഈ ഉഭയ സമ്മതം മുഖേന ഒരു ജാതിയായി തീരാം. അന്യോന്യം പ്രവാചകന്മാരേയും മത ഗ്രന്ഥങ്ങളേയും ആക്ഷേപിക്കുന്നത് മൂലം എത്രമാത്രം ഛിദ്രവും വഴക്കുമാണ് ഉണ്ടായിതീരുന്നതെന്നും രാജ്യത്തിന്ന് എത്രമാത്രം നഷ്ടമാണ് സഹിക്കേണ്ടിവരുന്നതെന്നും നിങ്ങൾ കാണുന്നുണ്ടല്ലോ? വരുവീൻ ഇനി അന്യോന്യം മതബോധങ്ങളെ വക വെച്ചു കൊടുക്കുന്ന സഹിഷ്ണുതാ ശീലത്തിന്റെ അനുഗ്രഹ ഫലങ്ങളേയും ഒന്നു പരീക്ഷിച്ചു നോക്കുവീൻ! ഇതത്രേ പരസ്പരം സന്ധിക്കാനും മൈത്രി ഭാവം പുലർത്താനുമുള്ള ഉത്തമ മാർഗ്ഗം. ഇതല്ലാതെ മറ്റേതെങ്കിലും മാർഗ്ഗേണ മൈത്രി സ്ഥാപിക്കാമെന്ന് വിചാരിക്കുന്നത് ദുർഗന്ധമേറിയ ചലവും ദുഷ്ടും ഉള്ളിലടങ്ങിയ ഒരു പരുവിന്റെ ബാഹ്യമായ തിളക്കം കണ്ട് തൃപ്തിപ്പെടുന്നതിന്ന് തുല്യമാകുന്നു. (മൈത്രി സന്ദേശം)



എഡിറ്റോറിയൽ

# ശാന്തി: മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം

മനുഷ്യ സമൂഹത്തെ രാഷ്ട്രങ്ങൾ തങ്ങളുടെ അതിർത്തികളിൽ അടച്ചു പൂട്ടിയിരിക്കുകയാണ്. ബലിഷ്ടമായ ആയുധ സന്നാഹങ്ങളും വിഭിന്ന സ്വത്വബോധവുമുള്ള രണ്ട് രാഷ്ട്രങ്ങൾ അടുത്തടുത്ത് നിൽക്കുമ്പോൾ അതിർത്തികൾ സംഘർഷ ഭരിതമാകുന്നു. ആധുനിക കാലത്ത് സമാധാനം പുലരാൻ ഉഭയ രാഷ്ട്രങ്ങൾ മാത്രം ആഗ്രഹിച്ചാൽ പോര. ലോകം മുഴുവൻ വലയം ചെയ്തു നിൽക്കുന്ന വൻ ശക്തികളുടെ സഹകരണവും ആശീർവാദവും അവരുടെ താൽപര്യങ്ങൾക്ക് വിധേയപ്പെടലും മറ്റു പല സങ്കീർണ്ണമായ ഘടകങ്ങളുടെ അനുകൂലാവസ്ഥയും ഉണ്ടാവണം. സമാധാനത്തിന്ന് വേണ്ടി സമർപ്പിക്കപ്പെട്ട ആഗോള സ്ഥാപനമായ ഐക്യരാഷ്ട്ര സഭ പോലും സമാധാനം കൊണ്ടുവരാനും യുദ്ധവും സംഘർഷവും ഇല്ലാതാക്കാനും പര്യാപ്തമല്ല.

ഇസ്‌ലാമിന്ന് ഏറ്റവും പ്രിയപ്പെട്ട ആശയമാണ് സമാധാനം. ഇസ്‌ലാം എന്ന പദത്തിന്റെ അർത്ഥം തന്നെ സമാധാനം എന്നാണ്. ദൈവസ്മരണയുള്ള മനുഷ്യ ഹൃദയമാണ് സമാധാനത്തിന്റെ അധിഷ്ഠാനമായി ഇസ്‌ലാം കാണുന്നത്. ***'വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക, അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ.'*** (13: 29) യഥാർത്ഥ മുസ്‌ലിംകളെ പോലെ സമാധാനം കാംക്ഷിക്കുന്ന നിരവധി മനുഷ്യ സ്നേഹികൾ ലോകത്തുണ്ട്. ആത്മീയവും ധാർമികവുമായ മൂല്യങ്ങൾ ആദർശങ്ങളായി സ്വീകരിച്ചാൽ മാത്രമേ വ്യക്തിക്കും സമൂഹത്തിനും സമാധാനം കൈവരുകയുള്ളൂ.

ഖലീഫത്തുൽ മസീഹ് 2008 ഒക്ടോബർ 22 ന്ന് ബ്രിട്ടീഷ് പാർലമെന്റിനെ അഭിസംബോധന ചെയ്ത്കൊണ്ട് നടത്തിയ പ്രസംഗത്തിൽ ഒരു ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് അന്യരുടെ വിഭവങ്ങളിൽ കണ്ണുവെച്ച് ചൂഷണം ചെയ്യാൻ ശ്രമിക്കുന്നതാണ് ലോകത്ത് അശാന്തി പടരുന്നതിന്റെ മൂലകാരണം എന്ന് പറയുകയുണ്ടായി. വ്യക്തിക്കെന്നത് പോലെ രാജ്യങ്ങൾക്കും സമൂഹങ്ങൾക്കും ഇത് ബാധകമാണ്. ആ ഖുർആൻ വചനം ഇപ്രകാരമാണ് ***'അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹിക വിഭവങ്ങൾ അനുഭവപ്പെടുത്തി കൊടുക്കുന്നതിന്റെ നേരെ നീ നിന്റെ കണ്ണുകൾ ഉയർത്തരുത്. അവരെ പരീക്ഷിക്കുന്നതിന്ന് വേണ്ടിയാണ്. നാം അത് നൽകിയത്.(20:132)'*** ഇങ്ങിനെ തങ്ങൾക്കനുവദിക്കപ്പെട്ട ഭൗതിക വിഭവങ്ങളിൽ തൃപ്തരാവാതെ അന്യന്ന് അവകാശപ്പെട്ട വിഭവങ്ങൾ കൂടി കൊള്ളയടിക്കാനുള്ള ത്വരയാണ് ലോകത്ത് യുദ്ധങ്ങൾക്കും സംഘർഷങ്ങൾക്കും കാരണം.

മനുഷ്യന്റെ ക്ഷണികമായ ഈ ജീവിത പ്രയാണത്തിന്റെ പൊരുളും ലക്ഷ്യവും മറന്നു കൊണ്ടും നീതിയുടെ മൂല്യങ്ങൾ ബലികഴിച്ചു കൊണ്ടും നശ്വരമായ ഈ ലോകത്തിന്ന് വേണ്ടി നാം ഇത്ര വീറോടെ പൊരുതേണ്ടതുണ്ടോ? യേശുവിന്റെ ഒരു ഉപദേശം ശ്രദ്ധിക്കുക.***'ഭൂമിയിൽ നിനക്കായി നിക്ഷേപങ്ങൾ സംഭരിച്ച് വെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും. കള്ളന്മാർ കുത്തിക്കവർന്നു കൊണ്ടു പോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗ്ഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതിവെക്കുക. കാരണം നിക്ഷേപം എവിടെയാണോ അവിടെയായിരിക്കും നിന്റെ ഹൃദയം.' (മത്താ: 6:19)***

വ്യക്തികളിൽ നിന്നും ആരംഭിക്കുന്ന നീതിയുമായി ബന്ധപ്പെട്ട സ്വർഗ്ഗീയ സമാധാന ചിന്തകൾ സാർവ്വദേശീയ പ്രസ്ഥാനമായി വളർന്നു വികസിക്കട്ടെ. അല്ലാഹു പറയുന്നു: ***'വിശ്വസിച്ചരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷമമായി അറിവുള്ളവനാണ്.' (വി.ഖുർആൻ 5: 9) 'മനുഷ്യവംശത്തെ അവൻ സമാധാനത്തിന്റെ ഗേഹത്തിലേക്ക് ക്ഷണിക്കുന്നു.' (വി.ഖുർആൻ. 10:26)***



ഹദ്റത്ത് അഹ്മദ് (അ)

# ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ സൂത്രവാക്യം

അല്ലയോ മുസ്ലിംകളെ! നിങ്ങളുടെ മതഭേദം കാരണമായി ഹിന്ദുക്കൾ നിങ്ങളെ അന്യജാതിയായി കരുതി പോന്നു. ഇതേ കാരണത്താൽ തന്നെ നിങ്ങൾ അവരേയും ഒരു വ്യത്യസ്ത ജാതിയായി വിചാരിച്ചു വരുന്നു. ഈ വിപരീത ഭാവത്തിന്ന് ശരിയായ ഒരു നിവാരണം കാണാതെ നിങ്ങൾക്കും അവർക്കും മദ്ധ്യേ യഥാർത്ഥവും സുസ്ഥിരവുമായ ഒരു സൗഹാർദ്ദ ഭാവം ഉണ്ടാകുന്നതെങ്ങനെ? ഇരുവരും അന്യോന്യം കാപട്യത്തോടുകൂടിയ ഒരു താൽക്കാലിക മൈത്രി ഉണ്ടായെന്ന് വരാം. എന്നാൽ യഥാർത്ഥ മൈത്രി എന്നു പറയാവുന്ന മാനസൈക്യം ഉണ്ടായിതീരുന്നത് നിങ്ങൾ വേദത്തെയും ഋഷിമാരെയും ആത്മാർത്ഥമായി കൈകൊള്ളുകയും അപ്രകാരം ഹിന്ദുക്കൾ തങ്ങളുടെ ഹ്രസ്വ മനസ്ഥിതി ഉപേക്ഷിച്ചു നമ്മുടെ നബി നായകൻ മുഹമ്മദ് മുസ്തഫാ തിരുമേനി(സ) യുടെ സത്യത്തെ സമ്മതിക്കുമ്പോൾ മാത്രമാണ്. ഇതാകുന്നു നിങ്ങൾക്കും ഹിന്ദുക്കൾക്കുമിടയിൽ യഥാർത്ഥ ഐക്യവും സൗഹാർദ്ദവും ഉണ്ടായി ത്തീരുന്നതിന്നുള്ള ഏക പദ്ധതിയെന്നും ഇതു തന്നെയാണ് ഹൃദയ രോഗങ്ങളെ സുഖപ്പെടുത്തു ന്നതിന്നുള്ള ഒരേയൊരു ദ്രാവകമെന്നും ധരിക്കുവീൻ! വേർപിരിഞ്ഞു നിൽക്കുന്ന ഈ രണ്ടു സമുദായവും തമ്മിൽ സന്ധിക്കുവാനുള്ള സമയം വന്നുവെങ്കിൽ ഏതൊന്നിന്നായിട്ടു ദൈവം ഞങ്ങളുടെ ഹൃദയങ്ങളെ തുറന്നുതന്നിരിക്കുന്നുവോ അതിന്നായിട്ട് അവൻ ഇരുവരുടെയും ഹൃദയങ്ങളെ തുറന്നു കൊടുക്കുന്നതാണ്.

ഇതിനും പുറമെ നാം ഹൈന്ദവ മിത്രങ്ങളുടെ നേരെ അനുകമ്പ കാണിക്കുകയും അവരോട് സ്നേഹത്തോടും സഹതാപത്തോടും പെരുമാറുകയും വേണ്ടതാണ്. അവർക്ക് മനോവേദനക്ക് കാരണമാവുന്ന നമ്മുടെ മതത്തിന്റെ നിർബന്ധ കടമകളോ അവശ്യ കർമ്മങ്ങളോ അല്ലെന്ന് വരുകിൽ അങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് നമ്മൾ ഒഴിഞ്ഞു നിൽക്കേണ്ടതുമാകുന്നു. അതിനാൽ ഹിന്ദുക്കൾ ആത്മാർത്ഥമായി നമ്മുടെ തിരുമേനി (സ) യെ ഒരു സത്യ പ്രവാചകനായി കൈകൊള്ളുകയും തിരുമേനി (സ) യിൽ വിശ്വസിക്കുന്ന പക്ഷം ഗോവധം കാരണമായി ഇരു സമുദായക്കാർക്കും തമ്മിലുണ്ടാകാറുള്ള ഛിദ്രവും ഇല്ലാതാക്കി തീർക്കേണ്ടതാണ്. മതം അനുവദിച്ചതായി കരുതുന്നതെല്ലാം നാം ഉപയോഗിച്ചേ കഴിയൂ എന്ന നിർബന്ധമില്ല. മതത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാധനങ്ങളിൽ നാമൊരിക്കലും ഉപയോഗിച്ചിട്ടില്ലാത്തവ വളരെ ഉണ്ടല്ലോ? ഏക ദൈവത്തിൽ വിശ്വസിക്കുക എന്നത് പോലെ തന്നെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാഭാവത്തോടും കൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഉപദേശമാകുന്നു. അതിനാൽ അത്യാവശ്യവും ഗുണകരവുമായ ഒരു കാര്യത്തിന്ന് വേണ്ടി അത്ര ആവശ്യമല്ലാത്ത ഒന്നിനെ ഉപേക്ഷിക്കുക എന്നത് മതവിരോധ മാകയില്ല. ഒരു കാര്യം മതത്തിൽ അനുവദനീയമല്ല എന്ന് കരുതുന്നതും അതിനെ ഉപയോഗിക്കുക എന്നതും രണ്ടും വ്യത്യസ്ത കാര്യങ്ങളാണ്. മതധർമ്മം എന്നാൽ ദൈവം വിരോധിച്ച സംഗതികളിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കുക യും അവന്റെ അഭീഷ്ടത്തെ തേടി നടക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പ കാണിക്കുകയും ലോകത്ത് വന്ന സർവ്വ പ്രവാചകന്മാരും അതാതു കാലത്ത് മനുഷ്യരെ നന്നാക്കി തീർക്കേണ്ടതിന്ന് എഴുന്നേൽപ്പിക്കപ്പെട്ട ദിവ്യ ദൂതന്മാരും പരിഷ്ക്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരു ടെ ഇടയിൽ വ്യത്യാസം കൽപ്പിക്കാതിരിക്കുകയും എല്ലാ മനുഷ്യരോടും ദയാപൂർവ്വം പെരുമാറുകയും ചെയ്യുക എന്നതാകു ന്നു. ഇത് തന്നെയാണ് ഇസ്ലാം മതത്തിന്റെ രത്ന ചുരുക്കം.

*(ഹദ്റത്ത് അഹ്മദ് (അ), മൈത്രി സന്ദേശം)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 ജനുവരി 24ന് മുബാറക്ക് മോസ്ക്, ഇസ്ലാമാബാദ്, യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ബദരി സഹാബിയായിരുന്ന ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ (റ)




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ എന്ന സഹാബിയെ കുറിച്ചാണു വിവരിക്കുന്നത്. ഹദ്റത്ത് അബ്ദുല്ലായുടെ പിതാവിന്റെ പേര് റവാഹ ബിൻ സഅലബ എന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് കബ്ശ ബിൻത് വാഖിദ് ബിൻ അംറ് എന്നാണ്. അദ്ദേഹം അൻസാറുകളുടെ ഗോത്രമായ ഖസ്റജിന്റെ കുടുംബം ബനൂ ഹാരിസ് ബിൻ ഖസ്റജിൽ ഉൾപ്പെടുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ ബൈഅത്തെ അഖ്ബയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ബനൂ ഹാരിസ് ബിൻ ഖസ്റജിന്റെ നേതാവായിരുന്നു. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂ മുഹമ്മദ് എന്നായിരുന്നു. ചിലർ അബൂ റവാഹ എന്നും അബൂ അംറ് എന്നും വിവരിക്കുന്നുണ്ട്. ഇബ്നു സഅദിന്റെ അഭിപ്രായത്തിൽ, അദ്ദേഹം നബി(സ) തിരുമേനിയുടെ കാതിബ് (വഹ്യ് എഴുത്തുകാരൻ) ആയിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ്(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹം മുഅത്ത യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. മുഅത്ത യുദ്ധത്തിലെ സേനാനായകൻമാരിൽ ഒരാൾ ഇദ്ദേഹമായിരുന്നു.

ഒരു നിവേദനത്തിൽ വരുന്നു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ നബി(സ) തിരുമേനിയുടെ സമക്ഷം ഹാജറായി. തദവസരത്തിൽ നബി(സ) തിരുമേനി ഖുത്ബ നല്കുകയായിരുന്നു. ഖുത്ബയുടെ ഇടയിൽ അവിടുന്ന് പറഞ്ഞു: ഇരിക്കുക. അതു കേട്ടപ്പോൾതന്നെ അദ്ദേഹം മസ്ജിദിനു പുറത്ത് എവിടെയാണ് നില്പ്പുണ്ടായിരുന്നത് അവിടെ തന്നെ ഇരുന്നു. അങ്ങനെ ഖുത്ബ അവസാനിച്ചപ്പോൾ നബി(സ) തിരുമേനിക്ക് ഈ വിവരം ലഭിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു:

അല്ലാഹുവിനോടുള്ള അനുസരണത്തിന്റെയും അവന്റെ റസൂലിനോടുള്ള അനുസരണത്തിന്റെയും ആഗ്രഹം അല്ലാഹു നിന്നിൽ വർധിപ്പിക്കുമാറാകട്ടെ. അതുപോലെ തന്നെ ഹദീസ് ഗ്രന്ഥങ്ങളിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിനെ സംബന്ധിച്ചും ഈ സംഭവം കാണാൻ സാധിക്കുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ ജിഹാദിനായി ഏറ്റവും ആദ്യം വീട്ടിൽനിന്നു പുറപ്പെടുക

യും ഏറ്റവും അവസാനം തിരിച്ചെത്തുകയും ചെയ്തിരുന്നു. ഹദ്റത്ത് അബൂദർദാഅ് പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെകുറിച്ച് പ്രതിപാദിക്കാതെ കടന്നുപോകുന്ന ആ ദിവസത്തെകൊണ്ട് ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു. അദ്ദേഹം എന്റെ മുന്നിൽ വന്നു ഞാനുമായി കണ്ടുമുട്ടുമ്പോൾ എന്റെ നെഞ്ചിൽ കൈ വെക്കുകയും എന്നെ കണ്ടു തിരിച്ചു പോകുമ്പോൾ എന്റെ തോളുകളുടെ മധ്യത്തിൽ കൈ വെക്കുകയും എന്നിട്ട് എന്നോട് ഇപ്രകാരം പറയുകയും ചെയ്തിരുന്നു:

അല്ലയോ ഉവൈമിർ! ഇരിക്കൂ. അല്പനേരത്തേക്ക് നമുക്ക് ഈമാനെ നവീകരിക്കാം. അങ്ങനെ ഞങ്ങൾ ഇരിക്കുകയും അല്ലാഹു ഇച്ഛിക്കുന്നതുവരെ അല്ലാഹുവിന്റെ ദിക്റിൽ ഏർപ്പെടുകയും ചെയ്യും. പിന്നെ ഹദ് റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ പറയും: അല്ലയോ ഉവൈമിർ! ഇത് ഈമാന്റെ സദസ്സാകുന്നു. ഹദ്റത്ത് ഇമാം അഹ്മദിന്റെ ഗ്രന്ഥമായ കിതാബുൽ സുഹദിൽ വിവരിക്കുന്നു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ ഏതെങ്കിലും തന്റെ സുഹൃത്തിനെ കണ്ടുമുട്ടുമ്പോൾ പറയും: വരൂ നമുക്ക് അല്പനേരം നാഥന്റെ സ്മരണകൾ പുതുക്കാം. അതിനാൽ നബികരീം(സ) തിരുമേനി പറഞ്ഞു: അല്ലാഹു ഇബ്നു റവാഹയുടെമേൽ കരുണ ചൊരിയുമാറാകട്ടെ. മലക്കുകൾ ഊറ്റം കൊള്ളുന്ന സദസ്സുകളോടാണ് അദ്ദേഹത്തിന് പ്രിയം.

ഹദ്റത്ത് അബൂഹുറയ്റ നിവേദനം ചെയ്യുന്നു: നബി കരീം(സ) തിരുമേനി പറഞ്ഞു:

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ എത്ര നല്ല മനുഷ്യനാണ്. ഖൈബറിലെ വിജയത്തിനുശേഷം ഫലങ്ങളുടെയും ധാന്യങ്ങളുടെയും മറ്റും കണക്കു പരിശോധിക്കുന്നതിനായി നബി(സ) തിരുമേനി ഹദ്റത്ത് അബ്ദു ല്ലാഹ് ബിൻ റവാഹയെ അയച്ചിരുന്നു. ഒരിക്കൽ ഹദ് റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ എത്രമാത്രം അസുഖ ബാധിതനായെന്നാൽ അദ്ദേഹത്തിന് ബോധക്ഷയം സംഭവിച്ചു. നബി കരീം(സ) അദ്ദേഹത്തെ കാണുന്നതിനായി ചെന്നു. എന്നിട്ട് പറഞ്ഞു: അല്ലാഹുവേ! അദ്ദേഹത്തിന്റെ സമയം അടുത്ത് എത്തിയെങ്കിൽ അദ്ദേഹത്തിന് എളുപ്പത്തെ ഉണ്ടാക്കിയാലും. ഇനി ആ തീരുമാനിക്കപ്പെട്ട സമയം ഇതല്ലെങ്കിൽ അദ്ദേഹത്തിന് നീ ശിഫ നല്കിയാലും. ആ ദുആ ചെയ്തശേഷം ഹദ്റത്ത് അബ്ദുല്ലായ്ക്ക് പനി അൽപം കുറഞ്ഞതായി അനുഭവപ്പെട്ടു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞാൻ രോഗി ആയിരുന്നപ്പോൾ എന്റെ മാതാവ് പറയുന്നുണ്ടായിരുന്നു: അല്ലയോ എന്റെ പർവ്വതമേ! അല്ലയോ എന്റെ താങ്ങായുള്ളവനേ! അപ്പോൾ ഞാനൊരു മലക്കിനെ കണ്ടു. അത് ഒരു ഇരുമ്പിന്റെ ഗദ പിടിച്ചിരുന്നു. എന്നിട്ട് പറഞ്ഞു: സത്യത്തിൽ നീ അങ്ങനെ ആയിരുന്നോ. ഞാൻ അതെയെന്നു പറയുന്നതായാൽ അത് എന്നെ ഗദകൊണ്ട് തീർച്ചയായും മർദിക്കുമായിരുന്നു.

ഇദ്ദേഹം ഒരു കവി കൂടിയായിരുന്നു. നബി(സ) തിരുമേനിയുടെ ഭാഗത്തുനിന്ന് അങ്ങയെ പരിഹസിച്ചിരുന്ന എതിരാളികൾക്കു മറുപടി നല്കിയിരുന്ന കവികളിൽ അദ്ദേഹവും ഉൾപ്പെടുന്നു. ഒരവസരത്തിൽ നബി(സ) അദ്ദേഹത്തിന്റെ കവിതകൾ കേട്ട് പറഞ്ഞു: അല്ലയോ ഇബ്നു റവാഹ! അല്ലാഹു നിനക്ക് സ്ഥൈര്യം പ്രദാനം ചെയ്യട്ടെ. ഹിശാം ബിൻ ഉർവ പറയുന്നു: അല്ലാഹു അദ്ദേഹത്തിന് ഈ ദുആ കാരണം തന്റെ അനുഗ്രഹത്താൽ സ്ഥൈര്യം പ്രദാനം ചെയ്തു. ഏതുവരെയെന്നാൽ അദ്ദേഹം ശഹീദാക്കപ്പെടുകയും അദ്ദേഹത്തിനായി സ്വർഗീയ വാതിലുകൾ തുറക്കപ്പെടുകയും ചെയ്തു. ഇബ്നു സഅദ് നിവേദനം ചെയ്യുന്നു,

അതായത് വഴിപിഴച്ചവരാണ് കവികളെ പിന്തുടരുക എന്ന ആയത്ത് അവതരിച്ചപ്പോൾ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ പറഞ്ഞു: അല്ലാഹു നല്ലതുപോലെ അറിയുന്നവനാകുന്നു. ആരെ സംബന്ധിച്ചാണ്. വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുന്നവരും ഒഴിച്ച് - എന്ന ആയത്ത് അല്ലാഹു അവതരിപ്പിച്ചത്, ഞാൻ അവരിൽപ്പെട്ടവനാണ്. മുഅജമുശ്ശുഅ്റായുടെ രചയിതാവ് എഴുതുന്നു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ ജാഹലിയ്യാ കാലഘട്ടത്തിലും വലിയ പദവിയും സ്ഥാനവും അലങ്കരിച്ചിരുന്നു. ഇസ്ലാമിക കാലഘട്ടത്തിലും അദ്ദേഹത്തിന് ഉന്നതമായ സ്ഥാനവും പദവിയും ലഭിച്ചിരുന്നു. നബി(സ) തിരുമേനിയുടെ മഹിമയെ വാഴ്ത്തികൊണ്ട് ഒരു കവിത ഹദ്റത്ത് അബ്ദുല്ലാഹ് രചിച്ചു. അത് അദ്ദേഹത്തിന്റെ ഏറ്റവും ഉത്തമ രചനയെന്ന് പറയാവുന്നതാണ്. ആ വരികൾ അദ്ദേഹത്തിന്റെ മാനസികാവസ്ഥയെ നല്ലവണ്ണം വിവരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ്, നബി(സ) തിരുമേനിയെ അഭിമുഖീകരിച്ചു കൊണ്ടു പറയുന്നു: ഒരു വേള ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ അസ്തിത്വത്തിനു വ്യക്തമായ അടയാളങ്ങളോ പ്രഭാപൂരിതമായ ദൃഷ്ടാന്തങ്ങളോ പ്രകടമാകാതിരുന്നാലും അങ്ങയുടെ വ്യക്തിത്വം തന്നെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാൻ മതിയായതാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ ജാഹിലിയ്യാ കാലഘട്ടത്തിലും എഴുത്തും വായനയും അറിയുന്ന വ്യക്തിയായിരുന്നു. ആ കാലഘട്ടത്തിൽ എഴുത്തറിയുന്നവർ വളരെ വിരളമായിരുന്നു. ബദർ യുദ്ധത്തിന്റെ അവസാനത്തിൽ നബി കരീം(സ) ഹദ്റത്ത് സൈദ് ബിൻ ഹാരിസയെ മദീനയിലേക്കും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെ മദീനയുടെ ഉയർന്ന ഭാഗമായ അവാലിയുടെ ഭാഗത്തേക്കും വിജയത്തിന്റെ വാർത്ത കേൾപ്പിക്കുന്നത്തിനായി ബദറിന്റെ മൈതാനത്തു നിന്ന് അയക്കുകയുണ്ടായി. ഹദ്റത്ത് സഅദ് ബിൻ ജബീർ നിവേദനം ചെയ്യുന്നു, റസൂലുല്ലാഹ്(സ) മസ്ജിദ് ഹറാമിൽ ഒട്ടകത്തിന്റെ പുറത്ത് ഇരുന്നുകൊണ്ട് പ്രവേശിച്ചു. അവിടുന്ന് ഊന്നുവടികൊണ്ട് ഹജറെ അ

സ്വദിനെ ചുംബിച്ചു. അങ്ങയോടൊപ്പം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും ഉണ്ടായിരുന്നു. അങ്ങയുടെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചിരുന്നു. ഈ കവിത ചൊല്ലുന്നുണ്ടായിരുന്നു. അതിന്റെ സാരാംശം ഇപ്രകാരമാണ്, അല്ലയോ നിഷേധികളേ! റസൂലുല്ലാഹ്(സ)യുടെ വഴിയിൽ നിന്ന് മാറി നില്ക്കുവിൻ, തിരുനബി(സ) മടങ്ങി വന്നപ്പോൾ ശിരസ്സുകളെ അസ്വസ്ഥമാക്കുന്ന ശക്തമായ ആഘാതമായിരുന്നു ഞങ്ങൾ നിങ്ങൾക്ക് നല്കിയത്. ഹദ്റത്ത് ഖയ്സ് ബിൻ അബൂ ഹാദമിൽ നിന്ന് നിവേദനം, റസൂൽ(സ) തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയോടു പറഞ്ഞു: ഇറങ്ങുക. നമ്മുടെ ഒട്ടകത്തെ നടത്തുക. അതിൽ അദ്ദേഹം ഒരു കവിത ചൊല്ലി: അതിന്റെ തർജ്ജുമ ഇപ്രകാരമാണ്, അല്ലയോ പ്രപഞ്ചനാഥാ! നീ ഇല്ലാതിരുന്നെങ്കിൽ ഞങ്ങൾക്ക് നേർമാർഗം ലഭിക്കുമായിരുന്നില്ല. ഞങ്ങൾ ദാനധർമ്മങ്ങളും ചെയ്യുമായിരുന്നില്ല. നമസ്കാരവും നിർവഹിക്കുമായിരുന്നില്ല. ഞങ്ങൾക്ക് ശാന്തിയും സമാധാനവും നല്കിയാലും ഞങ്ങൾ ശത്രുകളുമായി പോരാടുമ്പോൾ ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിർത്തേണമേ. കാരണം അവിശ്വാസികൾ ഞങ്ങളുടെമേൽ ആക്രമണം അഴിച്ച് വിട്ടിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹുവേ, അവരുടെമേൽ കരുണ ചൊരിഞ്ഞാലും. അപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു: നബി(സ) തിരുമേനിയുടെ ദുആ കാരണത്താൽ ഈ കാരുണ്യം നിശ്ചയമായും ലഭിക്കുന്നതാണ്.

ഹദ്റത്ത് ഉബാദ ബിൻ സാമിത്തിൽനിന്ന് നിവേദനം, റസൂലുല്ലാഹ്(സ) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയുടെ രോഗവിവരം അന്വേഷിച്ചറിയാനായി പുറപ്പെട്ടു. അദ്ദേഹത്തിനു കിടക്കയിൽ നിന്ന് എഴു ന്നേൽക്കുവാൻ സാധിക്കുമായിരുന്നില്ല. അവിടുന്നു പറ ഞ്ഞു: നിങ്ങൾക്ക് അറിയുമോ എന്റെ സമുദായത്തിലെ ശുഹദാക്കൾ ആരെല്ലാമാണെന്ന്? ജനങ്ങൾ പറഞ്ഞു: ഒരു മുസ്‌ലിം വധിക്കപ്പെടുകയെന്നത് ശഹാദത്താകുന്നു. അവിടുന്ന് പറഞ്ഞു: എങ്കിൽ എന്റെ സമുദായത്തിൽ ശുഹദാക്കൾ കുറവായിരിക്കും. നബി(സ) പറ ഞ്ഞു: മുസ്‌ലിം വധിക്കപ്പെടുന്നത് ശഹാദത്താകുന്നു. വയറിനു ബാധിച്ച രോഗം കാരണം മരണപ്പെടുന്നത് ശഹാദത്താകുന്നു. വെള്ളത്തിൽ മുങ്ങി മരിക്കുന്നത് ശഹാദത്താകുന്നു. പ്രസവത്തോടെ മരണമടയുന്ന സ്ത്രീയും അങ്ങനെയുള്ള എല്ലാവരും ശഹാദത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ഹദ്റത്ത് ഉർവ ബിൻ സൈദിൽ നിന്ന് നിവേദനം, റസൂലുല്ലാഹ്(സ) തിരുമേനി മുഅത്ത യുദ്ധത്തിനായി ഹദ്റത്ത് സൈദ് ബിൻ ഹാരിഥയെ സൈന്യത്തിന്റെ നേതാവായി നിയമിച്ചു. പറഞ്ഞു: ഇദ്ദേഹം ശഹീദാകുകയാണെങ്കിൽ, ഹദ്റത്ത് ജഅ്ഫർ ബിൻ അബൂതാലിബ് അദ്ദേഹത്തിന്റെ സ്ഥാനം അലങ്കരിക്കുന്നതാണ്. പിന്നെ അദ്ദേഹവും ശഹീദാകുകയാണെങ്കിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ നേതാവാകുന്നതാണ്. ഇനി അബ്ദുല്ലായും ശഹീദാകുകയാണെങ്കിൽ പിന്നെ മുസ്‌ലിംകൾ ആരെയാണ് ഇഷ്ടപ്പെടുന്നത് അയാളെ അവരുടെ നേതാവാക്കട്ടെ. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ തദവസരത്തിൽ ഈ വരികൾ ചൊല്ലി: ഞാൻ കാരുണ്യവാനായ ദൈവത്തോട് പാപപൊറുതി തേടുന്നു. ആഴത്തിൽ പതിയുന്ന മുറിവ് ഉണ്ടാക്കുവാൻ സാധിക്കുന്നവിധം വാൾ വീശുന്നതിനു തൗഫീഖ് ചോദിക്കുന്നു. പുതുരക്തം പൊലിയുന്നതും അതിൽനിന്ന് പത ഉയരുന്നതുമായിരിക്കണം. കൂടാതെ പൂർണമായ തയ്യാറെടുപ്പോടുകൂടി രക്തദാഹിയുടെ കരങ്ങളാൽ ചെയ്യപ്പെടുന്ന പോരാട്ടമായിരിക്കണം. അത് കുടൽ മാലയിലൂടെയും കരളിലൂടെയും കടന്നുപോകണം. ഏതുവരെ എന്നാൽ ജനങ്ങൾ എന്റെ ഖബറിന് അരികിലൂടെ കടന്നുപോകുമ്പോൾ പറയണം, അല്ലയോ യുദ്ധത്തിലെ പോരാളി! അല്ലാഹു നിനക്ക് നന്മ വരുത്തട്ടെ. ആ ദൈവം നിനക്കു നന്മ ചെയ്തിരിക്കുന്നു. പിന്നീട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ റസൂലുല്ലാഹ്(സ) തിരുമേനിയുടെ സമക്ഷം ഹാജറായി. നബി(സ) തിരുമേനി അദ്ദേഹത്തിനു വിട നല്കി. മുഅത്തയുടെ പ്രദേശത്ത് മൂന്നു ലക്ഷം റോമൻ സൈന്യവുമായി മുസ്‌ലിംകൾ യുദ്ധത്തിൽ ഏർപ്പെട്ടു. മുസ്‌ലിംകൾ വെറും മൂവായിരമായിരുന്നു. മുസ്‌ലിംകളുടെ കമാൻഡർമാർ ഒരോരുത്തരായി ശഹീദാക്കപ്പെട്ടു. അല്ലാഹു നബി(സ) തിരുമേനിക്ക് ശഹാദത്തിനെ കുറിച്ചുള്ള വാർത്തയും നല്കി.

ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു: നബി(സ) ഹദ്റത്ത് സൈദ്, ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് അബ്ദു ല്ലാഹ് ബിൻ റവാഹ എന്നിവരുടെ ശഹാദത്തിനെ സംബന്ധിച്ചുള്ള വാർത്ത ജനങ്ങളെ അറിയിച്ചു. അവിടുന്നു പറഞ്ഞു: സൈദ് പതാക ഉയർത്തി അദ്ദേഹം ശഹീദായി. പിന്നെ ജഅ്ഫർ എടുത്തു, അദ്ദേഹവും ശഹീദായി. പിന്നീട് അബ്ദുല്ലാഹ് ബിൻ റവാഹ എടുത്തു, അദ്ദേഹവും ശഹീദാക്കപ്പെട്ടു. അങ്ങയുടെ നേത്രങ്ങളിൽനിന്ന് അശ്രുകണങ്ങൾ പൊലിഞ്ഞു. പറഞ്ഞു: പിന്നീട് അല്ലാഹുവിന്റെ വാളുകളിൽപ്പെട്ട ഒരു വാൾ ആ പാതാക ഉയർത്തി. അവസാനം അല്ലാഹു അദ്ദേഹം മുഖേന വിജയം നല്കി.

ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: ഹദ്റത്ത് സൈദും ഹദ്റത്ത് ജാഫറും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും ശഹീദായപ്പോൾ റസൂലുല്ലാഹ്(സ) തിരുമേനി പള്ളിയിൽ ഇരിക്കുകയായിരുന്നു. അങ്ങയുടെ തിരുമുഖത്ത് അതീവ ദുഃഖം ദൃശ്യമായിരുന്നു.

ഹദ്റത്ത് ഉർവയിൽനിന്ന് നിവേദനം, നബി(സ) തിരുമേനി ഒരു കഴുതപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. അങ്ങ് തന്റെ പിന്നിൽ ഉസാമയെ ഇരുത്തിയിരുന്നു. അവിടുന്ന് ഹദ്റത്ത് സഅദ് ബിൻ ഉബാദയുടെ രോഗവിവരം അന്വേഷിക്കുന്നതിനാ

യി ബനൂഹാരിസ് ബിൻ ഖസ്റജിന്റെ ഗോത്രത്തിലേക്കു പുറപ്പെട്ടതായിരുന്നു. നബി(സ) തിരുമേനി ഒരു സദസ്സിന്റെ സമീപത്തു കൂടി കടന്നു പോയി. അതിൽ അബ്ദുല്ലാഹ് ബിൻ ഉബൈയും ഉണ്ടായിരുന്നു. അതുപോലെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും അവിടെ ഉണ്ടായിരുന്നു. സദസ്സിലേക്ക് സവാരിമൂലം പൊടിപടലങ്ങൾ ഉയർന്നപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബൈ തന്റെ മൂക്ക് പുതപ്പ്കൊണ്ട് പൊത്തി. എന്നിട്ട് പറഞ്ഞു: ഞങ്ങളുമേൽ പൊടി വീഴ്ത്തരുത്. നബി(സ) തിരുമേനി അവരോട് അസ്സലാമു അലൈക്കും എന്നു പറഞ്ഞു. പിന്നെ അവിടെ നിന്നു. സവാരിയിൽ നിന്ന് ഇറങ്ങി. അവരെ അല്ലാഹുവിലേക്കു ക്ഷണിച്ചു. അവരെ ഖുർആൻ കേൾപ്പിച്ചു. അബ്ദുല്ലാഹ് ബിൻ ഉബൈ പറഞ്ഞു: അല്ലയോ മനുഷ്യാ! ഇതു നല്ലകാര്യമല്ല. ഇനി നിങ്ങൾ പറയുന്നത് സത്യമാണെങ്കിലും ശരി. അത് ഞങ്ങളുടെ സദസ്സിൽ വന്നു പറഞ്ഞു ഞങ്ങളെ ബുദ്ധിമുട്ടിക്കരുത്. നിങ്ങളുടെ സങ്കേതത്തിലേക്കു തന്നെ തിരിച്ചു പോകുക. നിങ്ങളുടെ സമീപത്തു വരുന്നവർക്കു അതു വിവരിച്ചു നല്കുക. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ ഉടൻ പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഞങ്ങളുടെ സദസ്സിൽ വന്നാലും ഞങ്ങൾ അത് ഇഷ്ടപ്പെടുന്നു. ഹദ്റത്ത് അബുദർദാഅ് വിവരിക്കുന്നു, റമദാൻ മാസത്തിൽ ഒരിക്കൽ ഞങ്ങൾ നബി(സ) തിരുമേനിയോടൊപ്പം ശക്തമായ വേനലിൽ പുറപ്പെട്ടു. നബി(സ) തിരുമേനിയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയും ഒഴികെ ബാക്കി ഞങ്ങളിൽ ആരും തന്നെ നോമ്പ് അനുഷ്ഠിച്ചിരുന്നില്ല. ഹദ് റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു, മസ്ജിദ് നബവിയുടെ നിർമ്മാണ ഘട്ടത്തിൽ നബി(സ) തിരുമേനി സ്വയം ദുആ ചെയ്തുകൊണ്ട് തറക്കല്ല് വെച്ചു. സഹാബാക്കൾ മിസ്തരിയുടെയും തൊഴിലാളികളുടെയും ജോലി ചെയ്തു. അതിൽ ചിലപ്പോഴെല്ലാം നബി(സ) തിരുമേനിയും സ്വയം പങ്കെടുത്തിരുന്നു. ചിലപ്പോൾ സഹാബാക്കൾ ജോലിചെയ്തു ചെയ്ത് അബ്ദുല്ലാഹ് ബിൻ റവാഹയുടെ ഈ കവിത ചൊല്ലികൊണ്ടിരുന്നു:

ഞങ്ങളുടെ നാഥാ! യഥാർത്ഥ പ്രതിഫലം വെറും പരലോക പ്രതിഫലമാകുന്നു. അതിനാൽ നീ നിന്റെ അനുഗ്രഹത്താൽ അൻസാറുകളുടെയും മുഹാജിറുകളുടെയുംമേൽ കാരുണ്യം വർഷിച്ചാലും. സഹാബാ ക്കൾ ഈ വരികൾ ചൊല്ലുമ്പോൾ ചില സന്ദർഭങ്ങളിൽ നബി(സ) തിരുമേനിയും അവരുടെ ശബ്ദത്തോടൊപ്പം തന്റെ ശബ്ദവും കൂട്ടിചേർക്കുമായിരുന്നു. ഇത്തരത്തിൽ നീണ്ട കാലത്തെ പരിശ്രമത്തിനുശേഷം ഈ പള്ളി പൂർത്തിയായി.

ഹുസൂർ തിരുമനസ്സ് പറയുന്നു; ഇനി ഞാൻ ഒരു മർഹൂമിനെ കുറിച്ച് പറയുന്നതാണ്. അതു നമ്മുടെ ബഹുമാനപ്പെട്ട ഡോ. ലത്തീഫ് അഹ്മദ് ഖുറൈശി സാഹിബ് ആണ്. അദ്ദേഹം മൻസൂർ അഹ്മദ് ഖുറൈശി സാഹിബിന്റെ മകനായിരുന്നു. 2020 ജനുവരി 19 ന് ഏകദേശം ഉച്ചക്ക് ഒരുമണിക്ക് തന്റെ ഭവനത്തിൽവച്ചു 80-ാമത്തെ വയസ്സിൽ വഫാത്തായി 1937 ൽ അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കരങ്ങളിൽ ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന്റെ മാതാവ് ബഹുമാനപ്പെട്ട മൻസൂറ ബുശ്റ സാഹിബ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. 1968 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഡോക്ടർ സാഹിബിനോട് പറഞ്ഞു: താങ്കൾ ഞങ്ങളുടെ അടുത്ത് എപ്പോഴാണ് വരുന്നത്? ഡോക്ടർ സാഹിബ് പറഞ്ഞു: അങ്ങ് കല്പന നല്കിയാലും. അങ്ങനെ അദ്ദേഹം താങ്കൾ വന്നുകൊള്ളുകയെന്ന് പറഞ്ഞു. ഉടൻ അദ്ദേഹം ഇംഗ്ലണ്ടിൽനിന്ന് റബ്വയിലേക്ക് സ്ഥലംമാറി. ഫസലെ ഉമർ ഹോസ്പിറ്റലിൽ ഡോക്ടർ സാഹിബ് നിയമിതനായി. വളരെ നീണ്ടകാലം അവിടെ ജോലി ചെയ്തു. 1983 ജൂലൈ 11 ന് ചീഫ് മെഡിക്കൽ ഓഫീസറായി ഫസലെ ഉമർ ഹോസ്പിറ്റലിൽ നിയമിച്ചു. ഫസലെ ഉമർ ഹോസ്പിറ്റലിൽ അദ്ദേഹത്തിന്റെ സേവനകാലഘട്ടം 30 വർഷമാണ്. അദ്ദേഹത്തിന്റെ ഭാര്യയും കുറച്ചു ദിവസം മുമ്പ് വഫാത്തായിരുന്നു. അവരെകുറിച്ചും ഞാൻ വിവരിച്ചിരുന്നു. അവർ മൗലാന അബ്ദുൽ മാലിക് ഖാൻ സാഹിബിന്റെ മകളായിരുന്നു. കഴിഞ്ഞ ജുമുഅക്ക് അവരുടെ ജനാസ നമസ്കാരം ഞാൻ നിർവഹിച്ചിരുന്നു. അവരുടെ വഫാത്തിനു ഏകദേശം 15 ദിവസത്തിന് ശേഷം അദ്ദേഹത്തിന്റെ വഫാത്ത് സംഭവിച്ചു. അദ്ദേഹത്തിന്റെ മകൻ പറയുന്നു: എനിക്ക് ബുദ്ധിവച്ചത് മുതൽ എനിക്ക് അറിയുന്ന കാര്യമാണ്, പിതാവ് ഒരിക്കലും തഹ്ജ്ജുദ് ഉപേക്ഷിച്ചിട്ടില്ല. ഞങ്ങളുടെ മാതാവ് പറയാറുള്ളത്, വിവാഹത്തിന്റെ ആദ്യ ദിവസം മുതൽ തഹ്ജ്ജുദ് കൃത്യമായി നിർവഹിച്ചിരുന്നു. ചുരുക്കത്തിൽ ഏകദേശം 50 വർഷക്കാലത്തിൽ കൂടുതൽ ദിനവും തഹ്ജ്ജുദ് നിർവഹിച്ചിരുന്നു.

അദ്ദേഹത്തിന്റെ രണ്ടാമത്തെ മകൻ ഡോ. ഖുറൈശി മുഹമ്മദ് അഹ്മദ് മഹ്മൂദ് പറയുന്നു: ഖലീഫ സാലിസ് അദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞു: അദ്ദേഹം വെറും ഡോക്ടർ മാത്രമല്ല ദുആ ചെയ്യുന്ന ഡോക്ടറാണ്. എല്ലാ രോഗികൾക്കുവേണ്ടിയും ദുആ ചെയ്തിരുന്നു. എല്ലാ കുറിപ്പിലും മരുന്ന് കുറിക്കുന്നതിനു മുമ്പായി ബിസ്മില്ലാഹി റഹ്മനിർ റഹീം എന്ന് എഴുതി അതിന്റെ താഴെ ഹുവശ്ശാഫി എഴുതിയിരുന്നു.

അല്ലാഹു അവരോട് റഹ്മത്തോടും മഗ്ഫിറത്തോടും പെരുമാറട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്ക് ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യട്ടെ. അദ്ദേഹത്തിന്റെ നന്മകൾ അദ്ദേഹത്തിന്റെ മക്കളിലും തുടർന്നു കൊണ്ടിരിക്കട്ടെ. അദ്ദേഹത്തിന്റെ മാതാവും അങ്ങേയറ്റം രോഗിയാണ്. അല്ലാഹു അവരുടെമേലും കാരുണ്യവും അനുഗ്രഹവും ചൊരിയുമാറാകട്ടെ.

അഹ്മദിയ്യ പ്രസ്ഥാനം- 5

# വെളിപാടിന്റെ യാഥാർത്ഥ്യം

1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷൻ ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതസമ്മേളനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അവതരിപ്പിച്ചതും സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഇംഗ്ലീഷിൽ വായിച്ചു കേൾപ്പിച്ചതുമായ പ്രബന്ധമാണ് Ahmadiyya Movement അഥവാ അഹ്മദിയ്യാ പ്രസ്ഥാനം എന്ന ഈ ലഘുകൃതി. ഇംഗ്ലീഷിൽ നിന്ന് വിവർത്തനം: ആരിഫ് മുഹമ്മദ് ബി.എം.

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

വെളിപാടിനെക്കുറിച്ച് തികച്ചും അബദ്ധജടിലമായ കാഴ്ചപ്പാടായിരുന്നു ഹദ്റത്ത് അഹ്മദി(അ)ന്റെ കാലത്ത് പ്രബലമായിരുന്നത്. മതത്തിന്റെ അടിത്തറ തന്നെ അതിളക്കുകയും മതത്തിന്റെ അന്ത:സത്തയെ മാറ്റിമറിക്കുകയും ചെയ്തു. തത്ഫലമായി, വെളിപാടാകുന്ന ദിവ്യവെളിച്ചത്തിന്റെ സ്ഥാനത്ത് ഈ കാഴ്ചപ്പാടുകളും ആശയങ്ങളുമായിരുന്നു ജനമനസ്സുകളിൽ സ്ഥാനം പിടിച്ചത്. അവയ്ക്ക് പൊതുവായ സ്വീകാര്യതയും ലഭിച്ചു. സ്വതന്ത്രചിന്തയും ദീർഘകാലമായി ഒരു പ്രവാചകന്റെ ആവിർഭാവം ഇല്ലാതിരുന്നതും വെളിപാട് എന്നത് മനസ്സിന്റെ വെറും പ്രേരണകളാണെന്ന് ലോകത്തിലെ ഒരു വലിയ ഭാഗം ജനങ്ങൾ വിശ്വസിക്കാനിടയായി. ഇതിനു കാരണം, ഒരു ഭാഗത്ത് വെളിപാടുകളെപ്പറ്റിയുള്ള പൂർണമായ നിഷേധവും മറുഭാഗത്ത് ദൈവം ഭൗതികമായ ഒരു അസ്തിത്വമല്ലാത്തതിനാൽ വചനങ്ങളാൽ അവന് സംസാരിക്കാനാകില്ലെന്നും മനുഷ്യനെപ്പോലെ ഭൗതിക മാർഗങ്ങളെ അവലംബിക്കുന്നവനല്ലെന്നും ഉള്ള ധാരണയാണ്. വെളിപാട് വചനരൂപത്തിൽ അറിയിക്കപ്പെടുമെന്നും മനുഷ്യർ പരസ്പരം സംസാരിക്കുന്നതു പോലെ ദൃഢതരവും സുനിശ്ചിതവുമാണെന്നും ഹദ്റത്ത് അഹ്മദ്(അ) തന്റെ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിശദീകരിച്ചു. വെളിപാട് വചനങ്ങളിലൂടെ പ്രകടമാകാതെ കണ്ട് അത് സംശയത്തിൽ നിന്ന് പൂർണമായി മുക്തമാവുകയോ പൂർണമായ ദൃഢവിശ്വാസത്തിലേക്ക് നയിക്കുകയോ ഇല്ല. കാരണം, ആന്തരിക പ്രചോദനങ്ങളാണ് വെളിപാടുകളെങ്കിൽ ഓരോ മനുഷ്യനും താൻ അപ്രകാരം പ്രചോദിതനായിരിക്കുന്നു എന്ന് കരുതാവുന്നതും അങ്ങനെ സ്വയം വഞ്ചിതനായിക്കൊണ്ട് മനുഷ്യരാശിയെ വഴിതെറ്റിക്കുന്നതുമാണ്. വെളിപാടിനെക്കുറിച്ചുള്ള ഈ തെറ്റായ ധാരണയ്ക്ക് പ്രചാരം സിദ്ധിച്ചതു കാരണം ഇത്തരത്തിലുള്ള പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. സന്ദേഹങ്ങളും തെറ്റിധാരണകളും ഉന്മൂലനം ചെയ്യുക എന്നതാണ് വെളിപാടു കൊണ്ടുദ്ദേശിക്കുന്നത്. അതു വാക്കുകളിലൂടെ വെളിപ്പെടാതിരുന്നാൽ സംശയത്തിന്റെ, സന്ദേഹത്തിന്റെ പ്രവിശാലമായ കവാടങ്ങൾ വീണ്ടും തുറക്കപ്പെടും. അങ്ങനെ വരുമ്പോൾ വെളിപാടിനെയും മനുഷ്യന്റെ ആന്തരിക പ്രചോദനങ്ങളെയും വേർതിരിച്ചറിയാനുള്ള മാർഗമില്ലാതെ വരുന്നു. സവിശേഷമായ തേജസ്സും പ്രതാപവും അടങ്ങിയ വാക്കുകളിലാണ് വെളിപാട് ഇറങ്ങുന്നതെന്ന് അവിടുന്ന് വിശദീകരിച്ചു. രണ്ടു വ്യക്തികൾ തമ്മിൽ സംഭാഷണം സാധ്യമാകുന്നതു പോലെ ദൈവവും മനുഷ്യനും തമ്മിലും സംഭാഷണം സാധ്യമാണ്. മറ്റൊരു തെളിവിന്റെയും ആവശ്യമില്ലാത്ത

ഭൂമിയിലെ ഇരുളടഞ്ഞ ഓരോ കോണും വെളിപാടിന്റെ ദിവ്യ വെളിച്ചത്താൽ ദീപ്തമായിരുന്നിട്ടുണ്ട്. ഒരു പ്രത്യേക സമൂഹത്തിൽ വെളിപാടിന്റെ ദിവ്യവെളിച്ചം നമുക്ക് കണ്ടെത്താനാകുന്നില്ലെങ്കിൽ ഒരു പ്രവാചകനും അവരിൽ ആവിർഭവിച്ചിട്ടില്ല എന്നത് അർഥമാക്കുന്നില്ല. അവർ തങ്ങളുടെ സാമൂഹിക സമ്പ്രദായങ്ങളെ നിർജീവമാക്കിയിരിക്കുന്നു എന്നാണ് അത് അർഥമാക്കുന്നത്. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഇന്ത്യയിലെ പ്രവാചകന്മാരായ ശ്രീകൃഷ്ണന്റെയും ശ്രീരാമന്റെയും ശ്രീബുദ്ധന്റെയും പേർഷ്യയിലെ പ്രവാചകനായ സ്വരാഷ്ട്രരുടെയും സത്യത്തെ സാക്ഷ്യപ്പെടുത്തുകയും അവരെ നിഷേധിക്കുന്നത് ഒരർഥത്തിൽ ദൈവാനുഗ്രഹത്തിന്റെ സാർവജനീനതയെ നിരസിക്കലാണെന്നും പ്രസ്താവിച്ചു. മറ്റൊരു മതത്തിലോ പ്രസ്ഥാനത്തിലോ കാണപ്പെടാത്ത തത്ത്വമാണിത്. സത്യം പറഞ്ഞാൽ, വെളിപാട് തങ്ങളുടെ സ്വന്തം മതസ്ഥാപകരിൽ മാത്രം പരിമിതപ്പെട്ടിരിക്കുന്നു എന്നാണ് ഭൂരിപക്ഷം ജനങ്ങളും വിശ്വസിക്കുന്നത്. മറ്റു മതവിഭാഗങ്ങളിലെ ജനങ്ങൾക്കും വെളിപാട് ഇറങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കുന്നവർ പോലും വിശ്വസിക്കുന്നത് അത് ആ മതസ്ഥാപകർ മാനവരാശിക്ക് ചെയ്ത സേവനത്തിന് ബഹുമാന സൂചകമായി ലഭിച്ചതാണ് എന്നാണ്, അല്ലാതെ ദൈവാനുഗ്രഹം സാർവജനീനമായതു കൊണ്ടല്ല. ആ മതസ്ഥാപകർ സദ്‌വൃത്തരും മനുഷ്യസേവനത്തിനായി ജീവിതം ഉഴിഞ്ഞു വെച്ചവരെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ദൈവദാസരുമാണെന്ന് അദ്ദേഹം വിശുദ്ധ ഖുർആനിൽ നിന്ന് സ്ഥാപിച്ചു. മാത്രമല്ല, ദൈവിക ഗുണങ്ങളും ദൈവവചനങ്ങളും സാക്ഷ്യപ്പെടുത്തുന്നത് എല്ലാ സമുദായങ്ങളിലും, അവരുടെ പാരമ്പര്യം സംരക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, പ്രവാകന്മാർ തയെ തുടച്ചു മാറ്റുന്ന വിധത്തിൽ മതത്തിന്റെ മേലുള്ള ആക്രമണത്തെ ചെറുക്കാനുള്ള മാർഗം പ്രദാനം ചെയ്തത് അദ്ദേഹമാണ്. ദൈവസാക്ഷാത്കാരത്തിന്റെ പ്രതീക്ഷ ഉയർത്തിക്കൊണ്ട് ആ മാർഗത്തിൽ കാലിടറുന്നവരുടെ ചുവടുകൾ അദ്ദേഹം ദ്രുതഗതിയിലാക്കി.

## എല്ലാ സമുദായത്തിലും പ്രവാചകൻ ആവിർഭവിച്ചിട്ടുണ്ട്

ദൈവിക മനുഷ്യനുമായി ബന്ധപ്പെട്ട മറ്റൊരു സുപ്രധാന ചോദ്യവുമുണ്ട്. അതു മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിനെയും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിനെയും സ്വാധീനിക്കുന്നതാണ്. ഏതു സമൂഹമാണ് വെളിപാടിന്റെ ഗുണഭോക്താവായിരിക്കുന്നത്? ഏതു തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം അവരെ വെളിപാടിന്റെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തത്? ഈ ചോദ്യത്തിനുള്ള പരിഹാരം കാണാതെ ദൈവാസ്തിക്യത്തെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ) ചെയ്ത സമുദ്ധാരണം അപൂർണമാവുകയെയുള്ളൂ. ഈ ചോദ്യത്തെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞത് സർവലോകങ്ങളുടെയും പരിപാലകനായ ദൈവത്തിന്റെ മാർഗദർശനത്തെ ഒരു പ്രത്യേക സമുദായത്തിൽ മാത്രം പരിമിതപ്പെടുത്താൻ കഴിയില്ല എന്നാണ്. മാനവരാശിക്കാകമാനം പരിപാലകനായ അവൻ എല്ലാവർക്കും ചിന്തിക്കാനുള്ള മനസ്സ് തന്നരുളിയിരിക്കുന്നു. ഒരു സമുദായത്തെയും തന്റെ മാർഗദർശനത്തിൽ നിന്ന് അവൻ തടയുന്നവനല്ല. അവൻ വിശുദ്ധ ഖുർആനിൽ പറയുന്നു: ഒരു താക്കീതുകാരൻ വന്നിട്ടില്ലാത്ത ഒരു സമൂഹവുമില്ല. എല്ലാ സമൂഹങ്ങളിലും എല്ലാ കാലങ്ങളിലും അവൻ ദൂതന്മാരെ അയച്ചിട്ടുണ്ട്. സൂര്യൻ ഭൂമിയെ മുഴുവൻ പ്രകാശത്താൽ പ്രശോഭിതമാക്കുന്നതു പോലെ വിധത്തിലുള്ള ഒരു ദൃഢവിശ്വാസത്തിലേക്ക് വെളിപാടു ലഭിക്കുന്ന വ്യക്തി എത്തിച്ചേരുന്നു.

ദൈവം നാവു കൊണ്ടാണോ സംസാരിക്കുന്നത് എന്ന ചോദ്യത്തിന് അദ്ദേഹം മറുപടി നല്കിയത് തന്റെ ഇംഗിതവും ഇഷ്ടവും പ്രകടിപ്പിക്കാൻ ദൈവത്തിന് ഭൗതിക മാർഗങ്ങളുടെ ആവശ്യമില്ല എന്നാണ്. അവൻ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത് ഭൗതിക ഹസ്തങ്ങൾ കൊണ്ടല്ലല്ലോ. ഭൗതിക നേത്രങ്ങൾ കൂടാതെ അവൻ കാണുകയും ചെയ്യുന്നു. അതുപോലെ, അവൻ സംസാരിക്കുന്നതും ഭൗതിക നാവിന്റെ സഹായമില്ലാതെയാണ്. ദൈവം സംസാരിക്കുന്നു എന്നു ഞങ്ങൾ പറയുമ്പോൾ അവൻ നാവുകൊണ്ടാണ് സംസാരിക്കുന്നത് എന്നർഥമാക്കുന്നില്ല. മറിച്ച്, വചനങ്ങളുടെ രൂപത്തിൽ പ്രകടമാവും വിധത്തിലുള്ള ചലനം ഉണ്ടാക്കാൻ അവൻ പ്രകൃതിക്ക് കല്പന നല്കുകയാണ് ചെയ്യുന്നത്. വെളിപാട് ലഭിക്കുന്ന വ്യക്തി ആ വചനങ്ങൾ കേൾക്കുന്നു. ദൈവത്തിന് വചനങ്ങളുടെ ആവശ്യമില്ല; മനുഷ്യന് അവയുടെ ആവശ്യമുണ്ട്. വെളിപാടുകൾ വചനങ്ങളുടെ രൂപത്തിൽ ലഭിക്കുന്നു എന്ന് കേവലം വാദിക്കുകയല്ല ഹദ്റത്ത് അഹ്മദ്(അ) ചെയ്തത്; അദ്ദേഹം അത് തെളിയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആത്മീയ ചൈതന്യത്തിൽ നിന്ന് ഗുണം സിദ്ധിച്ച ആയിരക്കണക്കിനാളുകൾക്ക് അത്തരം വെളിപാടുകൾ ലഭിക്കുമാറായി. ഈ പ്രബന്ധം എഴുതുന്ന വിനീതനും അത്തരം അനുഭവങ്ങൾ പലവട്ടം ഉണ്ടായിട്ടുണ്ട്.

വെളിപാടിന്റെ സ്വഭാവത്തെപ്പറ്റി ഹദ്റത്ത് അഹ്മദ്(അ) നല്കിയ വിശദീകരണത്തിന് ലോകം അദ്ദേഹത്തോട് വർദ്ധിച്ച തോതിൽ കടപ്പെട്ടിരിക്കുന്നു. കാരണം, വെളിപാട് മനസ്സിന്റെ ആന്തരിക പ്രചോദനം മാത്രമാണെന്ന് വിശദീകരിച്ചു കൊണ്ട് എല്ലാ മതഗ്രന്ഥങ്ങളുടെയും ആധികാരിക

അവതീർണരായിട്ടുണ്ട് എന്നാണ്. പ്രവാചകന്മാർ മുഖേന സന്മാർഗം സ്വീകരിക്കുക എന്നത് മാനവികതയുടെ അവകാശമാണ്. അതൊരിക്കലും ദൈവം അവഗണിക്കുന്നതല്ല. മാനവരാശിയുടെ ആഭ്യന്തര ബന്ധങ്ങളെ ഐക്യത്തിലും മൈത്രിയിലും ഊട്ടിയുറപ്പിക്കുമാറ് ഈ സിദ്ധാന്തം എല്ലാ സമൂഹങ്ങൾക്കും വേണ്ടി ദൈവസ്നേഹത്തിന്റെ കവാടങ്ങൾ തുറന്നിട്ടിരിക്കുകയാണ്. എല്ലാ മതസ്ഥാപകരെയും ആക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതിൽ നിന്ന് ഇത് സംരക്ഷിക്കുകയും ചെയ്യുന്നു.

## വിശുദ്ധ ഖുർആൻ സമ്പൂർണ നിയമസംഹിത

മനുഷ്യമനസ്സ് വികാസം പ്രാപിച്ചത് അനുക്രമമായിട്ടാണെന്നും ആ വികാസത്തിലെ ഓരോ ഘട്ടത്തിലും സർവജ്ഞനും കാരുണ്യവാനുമായ ദൈവം അനുയോജ്യമായ അധ്യാപനങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരുന്നുവെന്നും ഹദ്റത്ത് അഹ്മദ്(അ) ചൂണ്ടിക്കാണിച്ചു. മനുഷ്യമനസ്സ് പൂർണമായ വികാസം പ്രാപിക്കുകയും മനുഷ്യ സമൂഹങ്ങൾ പരസ്പരം ബന്ധപ്പെടുന്ന വിനിമയോപാധികൾ വികസിക്കുകയും ജനസമൂഹം ഒരു രാജ്യം എന്നപോലെ പുരോഗതി പ്രാപിക്കുകയും ചെയ്തപ്പോൾ അവസാന നിയമവാഹകനായ പ്രവാചകനെ, മുഹമ്മദ് നബി(സ)യെ അവസാനത്തെ സമ്പൂർണ നിയമസംഹിതയുമായി അല്ലാഹു അയച്ചു. അതായത്, എല്ലാ കാലഘട്ടത്തിലേക്കും ആവശ്യമായ അധ്യാപനങ്ങളടങ്ങുന്ന വിശുദ്ധ ഖുർആൻ. എന്നിരുന്നാലും വെളിപാടിന്റെയും ആത്മീയോന്നതിയുടെയും കവാടങ്ങൾ എന്നെന്നേക്കുമായി തുറന്നിട്ടിരിക്കുന്നു. പുതിയ ന്യായപ്രമാണം വെളിപ്പെടുന്നതല്ല. അതേസമയം വിശുദ്ധ ഖുർആനിൽ മറഞ്ഞിരിക്കുന്ന ആത്മീയ നിധിയെ വെളിപ്പെടുത്തുകയും ദൈവസായൂജ്യത്തിന്റെ വാതിലുകൾ മനുഷ്യരാശിക്കു തുറന്നു കൊടുക്കുകയും ചെയ്യുന്ന പ്രവാചകന്മാർ ആവിർഭവിച്ചു കൊണ്ടിരിക്കുന്നതാണ്. കാരണം, സമ്പൂർണ ന്യായപ്രമാണം ഉണ്ടായിരിക്കെ പുതിയ ന്യായപ്രമാണത്തിന്റെ ആവശ്യമില്ല. എങ്കിലും, മനുഷ്യന് സദാ ദൈവസായൂജ്യത്തിന്റെ ആവശ്യകതയുണ്ട്.പുതിയ ന്യായപ്രമാണം ഇനി ഉണ്ടാവുകയില്ലെങ്കിലും ആത്മീയ സമ്പൂർത്തിയാൽ സ്വായത്തമാകുന്ന പ്രവാചകത്വത്തിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു; അതു ശാശ്വതമായി തുറന്നിട്ടിരിക്കേണ്ടതുമാണ്. എന്തെന്നാൽ, നമ്മുടെ പൂർവികരുടെ പരിപാലകനായിരുന്നതു പോലെ ദൈവം നമ്മുടെയും പരിപാലകനാണ്.

വിശുദ്ധഖുർആൻ അവസാനത്തെ സമ്പൂർണ ന്യായപ്രമാണമാണെന്ന് സിദ്ധാന്തിക്കുമ്പോൾ മനുഷ്യൻ ധൈഷണികമായി അവസാന ഘട്ടത്തിലെത്തിയെന്നോ ഇനിയൊരു പ്രയാണം സാധ്യമല്ലെന്നോ അതർഥമാക്കുന്നില്ലെന്ന് ഹദ്റത്ത് അഹ്മദ്(അ) സൂക്ഷ്മമായി വിലയിരുത്തുകയും വിശദീകരിക്കുകയും ചെയ്തു. മനുഷ്യാത്മാവ് ഈ ലോകത്തും പരലോകത്തും പുരോഗതിയുടെ മാർഗത്തിൽ അനസ്യൂതം മുന്നോട്ട് ഗമിച്ചു കൊണ്ടിരിക്കുന്നു. ഒരു ന്യായപ്രമാണം എത്ര കണ്ട് സമ്പൂർണമാണോ അത്ര കണ്ട് അതു പഠന മുന്നേറ്റത്തെ സഹായിക്കേണ്ടതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വെളിപാടു ഗ്രന്ഥങ്ങളുടെ അന്ത:സത്തയെക്കുറിച്ച് അദ്ദേഹം പ്രതിപാദിച്ചപ്പോൾ അവയുടെ സത്യതയെക്കുറിച്ചുള്ള സത്യാന്വേഷികളുടെ മനോഭാവത്തിൽ തന്നെ വിപ്ലവം സൃഷ്ടിക്കപ്പെട്ടു. അതിപ്രകാരമാണ്: ദൈവവചനവും അവന്റെ പ്രവൃത്തിയും തമ്മിൽ സാദൃശ്യം ഉണ്ടാകണമല്ലോ. ദൈവികകർമങ്ങളുടെ അളവറ്റ രഹസ്യകലവറയെ പൂർണമായി കണ്ടെത്താൻ പ്രപഞ്ചോത്പത്തി മുതൽ നാളിതുവരെ മാനവകുലത്തിന് സാധിച്ചിട്ടില്ല. ഇതേ പോലെ, ദൈവവചനവും ജ്ഞാനത്തിന്റെയും പഠനത്തിന്റെയും അക്ഷയമായ ഖജനാവ് ആകേണ്ടതാണ്. അതുതീർന്നു പോകുന്ന പക്ഷം മനുഷ്യൻ തന്റെ ജീവിതത്തിലെ ഒരു ഭാഗം കഴിച്ചു തീർക്കുന്ന ഭൗതിക പ്രപഞ്ചത്തിൽ ദൈവം എണ്ണമറ്റ നിധികൾ സൂക്ഷിക്കുകയും എന്നാൽ ആത്മീയ പ്രപഞ്ചമാകുന്ന സമ്പൂർണ ന്യായപ്രമാണത്തിലെ നിധികൾ പെട്ടെന്ന് തീർന്നു പോവുകയും ചെയ്തു എന്ന് വിശ്വസിക്കാൻ ഒരുവൻ നിർബന്ധിതനാകും. എന്നാൽ സംഗതി അതല്ല. ഭൗതിക പ്രപഞ്ചത്തെക്കാൾ എണ്ണമറ്റ നിധികൾ ഉൾക്കൊള്ളുന്നതാണ് വിശുദ്ധ ഖുർആൻ. അതിനു വേണ്ടി ആത്മാർഥമായി അന്വേഷിക്കുന്നവരുടെ മുൻപാകെ അതു തുറക്കപ്പെടുകയും ചെയ്യുന്നു. ധൈഷണികതയുടെ വിശാലമായ അനന്ത ചക്രവാളങ്ങളിലേക്ക് നയിക്കുന്ന ഈ നവസിദ്ധാന്തത്തിൽ ആഴത്തിൽ ചിന്തിച്ചാൽ മിക്കവർക്കും ബൗദ്ധികരസം നുകരാൻ സാധിക്കുന്നതാണ്. വിശുദ്ധ ഖുർആൻ പഠനത്തിൽ ഈ സിദ്ധാന്തം പ്രയോഗവത്ക്കരിച്ചതിന്റെ ഫലമായി ഞാൻ അനുഭവിച്ച ആനന്ദം പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്. വിശുദ്ധ ഖുർആൻ പഠനത്തിന്റെ വിശാലതയെയും വ്യാപ്തിയെയും കുറിച്ച് ചിന്തിക്കുമ്പോൾ ഈ പ്രപഞ്ചം വെറും മണൽതരി മാത്രമാണ്. വിശുദ്ധ ഖുർആൻ നമ്മുടെ മുൻപിൽ തുറന്നു കാട്ടുന്ന ആത്മീയ പ്രപഞ്ചത്തിന്റെ ഒരു മൂലയോളം വരില്ല ഈ മൊത്തം പ്രപഞ്ചം. ഖുർആന്റെ ഈ ദിവ്യാദ്ഭുതം അതിന്റെ സത്യത്തിനുള്ള ശക്തമായ തെളിവാണ്. ഒരാൾ എത്ര തന്നെ പഠിപ്പുള്ളവനാണെങ്കിലും, നേരത്തെ തന്നെ ആവശ്യങ്ങൾ നിറവേറ്റാനോ ഭാവികാലങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനോ അയാൾക്കാവില്ല. കാരണം, സാഹചര്യങ്ങൾ അന സ്യൂതം

മാറിക്കൊണ്ടിരിക്കുകയാണ്. മനുഷ്യൻ ഭാവിയിൽ ഏതൊക്കെ സാഹചര്യങ്ങളിലൂടെയാണ് കടന്നുപോവുകയെന്നും നവീനമതപ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന ഏതൊക്കെ ശാസ്ത്രവിജ്ഞാനങ്ങളാണ് അവൻ കണ്ടെത്തുകയെന്നും അവന്റെ ധിഷണാ ശക്തി എത്രമാത്രം പുരോഗതി പ്രാപിക്കുമെന്നും ഏതു വിധത്തിലുള്ള ആത്മീയ ആഹാരമാണ് അവന് ആവശ്യമായി വരുക എന്നും ആർക്കാണ് ഊഹിക്കാനാവുക?

അതുകൊണ്ട്, ദൈവിക ഗ്രന്ഥം സമ്പൂർണ അധ്യാപനങ്ങൾ ഉൾക്കൊള്ളുന്നതും എല്ലാ കാലത്തേക്കും അനുയോജ്യമായതും ആത്മീയരോഗങ്ങൾക്കുള്ള ശമനൗഷധമായിക്കൊണ്ട് എല്ലാ കാലത്തേക്കും ധാർമികവും ആധ്യാത്മികവുമായ അഭിവൃദ്ധിക്കു വേണ്ട സംവിധാനം ചെയ്യുന്നതുമായ ഗ്രന്ഥം ആയിരിക്കേണ്ടതാണ്. എന്തെന്നാൽ, മനുഷ്യപുരോഗതിയുടെ തത്ത്വജ്ഞാനമാണ് അതു വിശദീകരിക്കുന്നത്. നിരന്തരം പരിവർത്തനോന്മുഖമായ ഒരു അസ്തിത്വത്തിന്റെ വികാസതത്ത്വത്തിൽ നൈപുണ്യം നേടുക എന്നത് മനുഷ്യബുദ്ധിക്കതീതമാണ്.

ഇസ്ലാമികാധ്യാപനങ്ങൾ ചിലപ്പോൾ വിമർശിക്കപ്പെടാറുണ്ട് എന്നത് നിസ്സന്ദേഹമാണ്. എന്നാൽ, ഹദ്റത്ത് അഹ്മദ്(അ) സ്ഥാപിച്ചതുപോലെ, ഇസ്ലാമിനെതിരെ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങളെല്ലാം തന്നെ ഗൗരാവഹമായ ചിന്തയുടെ അഭാവത്താലോ വിവേകത്തിനുമേൽ വികാരത്തെ ആധിപത്യം പുലർത്താൻ അനുവദിച്ചതുകൊണ്ടോ ആണ്. സമ്പൂർണമായ അധ്യാപനങ്ങളാണ് ഇസ്ലാം അവതരിപ്പിക്കുന്നത്. വികാരത്തിന് അടിപ്പെടാതെ കണ്ട് യുക്തിയുടെയും ഗാഢചിന്തയുടെയും തീർപ്പിന് വിട്ടു കൊടുത്താൽ തന്നെ മനുഷ്യന്റെ ധാർമികവും ആത്മീയവുമായ ഉത്ക്കർഷത്തിന് അനുഗുണമായ മറ്റൊരു നിയമസംഹിത കണ്ടെത്താനാവില്ല. എന്നാൽ മുൻപത്തെക്കാളുപരിയായി ഇസ്ലാമിനെ അപകീർത്തിപ്പെടുത്താനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു.

## ജിഹാദ് ഇസ്ലാമിൽ

വാളു കൊണ്ട് മതം പ്രചരിപ്പിക്കാൻ ഇസ്ലാം അനുവദിക്കുന്നുവെന്നാണ് അതിനെതിരെ ഉന്നയിക്കപ്പെടുന്ന ഒരാരോപണം. എന്നാൽ വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നത് ഇങ്ങനെയാണ്:

മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യതിരിക്തമായിരിക്കുന്നു. എല്ലാ മനുഷ്യർക്കും ഇവ രണ്ടിനെയും വ്യവച്ഛേദിച്ച് അറിയാൻ സാധിക്കുന്നതാണ്.

ഇസ്ലാമിനെ നശിപ്പിക്കുകയും മുസ്ലിംകളെ തങ്ങളുടെ മതം ഉപേക്ഷിക്കാൻ നിർബന്ധം ചെലുത്തുകയും ചെയ്യുക എന്ന ലക്ഷ്യം വെച്ചു കൊണ്ട് യുദ്ധം ചെയ്യുന്ന ആളുകളോട് മാത്രം യുദ്ധം ചെയ്യാനുള്ള അനുവാദമാണ് ഇസ്ലാം മുസ്ലിംകൾക്ക് നല്കുന്നത്. ഈയൊരു ലക്ഷ്യം മുന്നിൽ വെച്ച് ചെയ്യാനുള്ള അനുവാദമാണ് ഇസ്ലാം മുസ്ലിംകൾക്ക് നല്കുന്നത്. ഈയൊരു ലക്ഷ്യം മുന്നിൽ വെച്ചു കൊണ്ട് യുദ്ധനടപടികൾ തുടർന്നു കൊണ്ടു പോകുന്നവരോട് യുദ്ധം തുടർന്നു കൊണ്ടു പോകാൻ ഇസ്ലാം അനുവാദം നല്കുന്നു. ശത്രുക്കൾ യുദ്ധം അവസാനിപ്പിക്കാൻ തയ്യാറായാൽ മുസ്ലിംകളും ക്ഷണത്തിൽ യുദ്ധം അവസാനിപ്പിക്കേണ്ടതാണ്. ശത്രുവിനെ പൂർണമായും നിഷ്കാസനം ചെയ്യാനും അനാവശ്യമായി ജീവഹാനി വരുത്താനും ഉദ്ദേശിച്ചു കൊണ്ട് പ്രതികാര വാഞ്ഛയും അമർഷവും കാരണത്താൽ മാത്രം ശത്രുവിന്റെ ഭാഗത്തു നിന്നുള്ള സന്ധിസമാധാന ശ്രമങ്ങളെ മുസ്ലിംകൾ നിരസിക്കരുത്. ഈ നിർദേശങ്ങളുടെ വെളിച്ചത്തിൽ വാളുകൊണ്ട് മതം പ്രചരിപ്പിക്കാൻ ഇസ്ലാം അനുവാദം നല്കുന്നു എന്നു പറയാനാവുമോ? നബി തിരുമേനി(സ) ചെയ്ത എല്ലാ യുദ്ധങ്ങളും പ്രതിരോധയുദ്ധങ്ങളായിരുന്നു. ഇസ്ലാമിനെ നശിപ്പിക്കാൻ വേണ്ടി ഇറങ്ങിപ്പുറപ്പെട്ട ശത്രുക്കൾക്കെതിരെയായിരുന്നു ആ യുദ്ധങ്ങളൊക്കെയും. ഒരാൾ സത്യമതത്തെ നശിപ്പിക്കാൻ വാളുമേന്തി തുനിഞ്ഞിറങ്ങുമ്പോൾ ആ മതത്തിലെ അനുയായികൾ അവന് സവിനയം കീഴ്പ്പെട്ടു കൊണ്ട് തന്റെ ജീവത്യാഗം മുഖേന ആ ബുദ്ധിമോശത്തെ ആദരിക്കണമെന്ന പാഠം നല്കലാണോ ഒരു സത്യമതത്തിന്റെ ധർമം എന്നു പറയുന്നത്? സത്യമതത്തിന് തീർച്ചയായും അത്തരം പാഠം നല്കാൻ കഴിയില്ല. സത്യത്തെയും സന്മാർഗത്തെയും ബലികഴിപ്പിച്ചു കൊണ്ട് ദുർമാർഗത്തെയും അധർമത്തെയും നിരന്തരം വ്യാപിക്കാൻ അനുവദിക്കുന്നതിന് തുല്യമായിരിക്കും അത്.

## ഇസ്ലാമും അടിമത്തവും

അടിമത്തസമ്പ്രദായത്തിന്റെ ഏറ്റവും വലിയ ശത്രുവായിരുന്ന ഇസ്ലാമിനെക്കുറിച്ച് അത് അടിമത്തത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ് മറ്റൊരാരോപണം. മനുഷ്യനെ അടിമത്തത്തിലേക്ക് തരം താഴ്ത്തുന്ന സമ്പ്രദായം ഇസ്ലാമിനു മുൻപ് നിലനിന്നിരുന്നു. അവയെല്ലാം ഇസ്ലാം അവസാനിപ്പിക്കുകയാണുണ്ടായത്. അകാരണമായി ജനങ്ങളെ പിടിച്ച് അടിമകളാക്കുകയും ഗോത്രപരമോ ദേശപരമോ ആയ ശത്രുതയാലോ ഭൗതിക ലക്ഷ്യത്തിനായുള്ള യുദ്ധങ്ങളിൽ തടവുകാരായി പിടിക്കുന്നവരെയോ അടിമകളാക്കുകയും ചെയ്യുന്നതിനെ ഇസ്ലാം വിരോധിക്കുന്നു. ഏതെങ്കിലും മതവിശ്വാസം ബലാത്കാരേണ തള്ളാനോ കൊള്ളാനോ ലക്ഷ്യം വെച്ചു കൊണ്ട് വാളുമേന്തി യുദ്ധത്തിനു വരുന്ന ശത്രുസൈന്യത്തിൽ നിന്ന് കിട്ടുന്ന യുദ്ധതടവുകാരെ അടിമകളാക്കാനുള്ള

അനുവാദം മാത്രമാണ് അതു നല്കുന്നത്. ഒരു വിശ്വാസം ബലാത്കാരേണ അടിച്ചേൽപ്പിക്കുന്ന ഹീനകൃത്യം മനുഷ്യത്വരഹിതമാണെന്ന കാര്യം നിസ്സന്ദേഹമാണല്ലോ. അങ്ങനെ ശിക്ഷിക്കപ്പെടുന്നവർ മനുഷ്യരുടെ ആരാധനാസ്വാതന്ത്ര്യത്തെ വാൾ മുഖേന ബലാത്കാരപൂർവം ഹനിക്കാനും സാത്താന്റെ അടിമത്തത്തിൽ ഏൽപിക്കാനുമാണ് ശ്രമിച്ചിരുന്നതെന്ന് മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനെ ജുഗുപ്സാവഹമായി കാണുന്നവർ മനസ്സിലാക്കേണ്ടതാണ്. അവൻ തന്റെ ലക്ഷ്യത്തിൽ വിജയിച്ചിരുന്നെങ്കിൽ ലക്ഷക്കണക്കിനാളുകൾ സത്യം പരിത്യജിക്കാൻ നിർബന്ധിക്കപ്പെട്ട് ശാശ്വതമായ ഇരുട്ടിലേക്ക് തള്ളപ്പെട്ടേനെ. അങ്ങനെയുള്ള വ്യക്തി താൻ ചെയ്ത തെറ്റിനെക്കുറിച്ച് പശ്ചാത്തപിക്കുകയും തന്റെ മനോഭാവത്തിൽ ദു:ഖിക്കുകയും ചെയ്യുന്നതുവരെ സ്വതന്ത്രനാക്കപ്പെടാൻ അർഹനാണോ? അടിമത്തം എന്നാൽ എന്താണ്? താൻ ചെയ്ത കുറ്റത്തിന് ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ട് യുദ്ധത്തിന് വേണ്ടി ചെലവായ ഒരു പങ്ക് അടയ്ക്കുന്നതു വരെ ഒരാളെ അയാളുടെ സ്വാതന്ത്ര്യത്തിൽ നിന്നും തടഞ്ഞു വയ്ക്കലാണത്. യുദ്ധതടവുകാരായി പിടിക്കുകയും അവരെക്കൊണ്ട് ജോലി ചെയ്യിക്കുകയും ചെയ്യുന്നത് വിലക്കുന്ന ധാർമികമോ രാഷ്ട്രീയോ ആയ മറ്റു വല്ല കാരണവും ഉണ്ടോ? വിചിത്രകരമെന്ന് പറയട്ടെ, ഭീമമായ യുദ്ധനഷ്ടപരിഹാരം നല്കുന്നതു വരെ മുഴുവൻ രാജ്യങ്ങളെയും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ അടിമത്തത്തിൽ വയ്ക്കുന്നത് അനുവദനീയമായി കരുതപ്പെടുന്നു. അതേ സമയം, മേൽ വിവരിച്ച പ്രകാരം യുദ്ധത്തിൽ പങ്കെടുത്ത കുറ്റത്തിന് തടവിലാക്കപ്പെടുകയും യുദ്ധത്തിൽ ചെലവായതിന് ഒരു പങ്കു നല്കുന്നതു വരെ അവർക്ക് സ്വാതന്ത്ര്യം നിഷേധിക്കുകയും ചെയ്യുന്നതിനെ മനുഷ്യത്വരഹിതമെന്ന് പറഞ്ഞ് അപലപിക്കുകയും ചെയ്യുന്നു. അടിമയാക്കപ്പെട്ട ഓരോ യുദ്ധത്തടവുകാരനും യുദ്ധച്ചെലവിന്റെ ഒരു പങ്ക് അടച്ചുകൊണ്ട് സ്വതന്ത്രനാകാമെന്നും ഇസ്‌ലാം വ്യവസ്ഥ ചെയ്യുന്നു. ഒരു അടിമ അടിമത്തത്തെക്കാൾ സ്വാതന്ത്ര്യത്തിനാണ് പ്രാമുഖ്യം നല്കുന്നതെങ്കിൽ അയാളോ അയാളുടെ ബന്ധുക്കളോ നാട്ടുകാരോ അവർ അക്രമിച്ച രാജ്യത്തിന് യുദ്ധച്ചെലവെന്നോണം ഒരു തുക മോചനദ്രവ്യം നല്കി അയാളെ സ്വതന്ത്രനാക്കാത്തത് എന്തുകൊണ്ട്?

## ഇസ്‌ലാമും പലിശയും

പലിശ വാങ്ങുന്നതും കൊടുക്കുന്നതും വിരോധിച്ചു കൊണ്ടുള്ള ഇസ്‌ലാമിക അധ്യാപനവും വിമർശിക്കപ്പെടുന്നുണ്ട്. അതേസമയം പലിശ ലോകവ്യവസ്ഥിതിയുടെ സാമൂഹ്യവും നാഗരികവുമായ സ്വാഭാവിക അടിത്തറയല്ല. അതിനെ ഒരടിത്തറയായി അവലംബിച്ചിരിക്കുന്നുവെന്നു മാത്രം. ഖുർആൻ പറയുന്നതു പോലെ, ആധുനികകാലത്ത് നടന്ന പല യുദ്ധങ്ങൾക്കും ഉത്തരവാദി പലിശയാണെന്ന് അല്പമൊന്ന് ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. പലിശയ്ക്ക് കടം കൊടുക്കാൻ ഗവൺമെന്റുകൾക്ക് സാധിക്കാതെ വന്നാൽ അവർ ഒരിക്കലും തന്നെ ഒരു യുദ്ധത്തിന് ഒരുങ്ങി പുറപ്പെടുമായിരുന്നില്ല. എന്തെന്നാൽ, ഏതൊരു യുദ്ധത്തിനും പണം അത്യാവശ്യമാണ്. പ്രത്യേകിച്ചും ആധുനിക കാലത്ത് യുദ്ധം ഭീമമായ സാമ്പത്തിക ത്യാഗം ആവശ്യപ്പെടുന്നുണ്ട്. പലിശാധിഷ്ഠിതമായ വായ്പ മുഖേന ആവശ്യമായ തുക ശേഖരിക്കാൻ ഗവൺമെന്റുകൾക്ക് കഴിയാതെ വന്നാൽ ഒരു നശീകരണ യുദ്ധത്തിന് അല്പമൊന്ന് ചിന്തിക്കാതെ ധൃതി കാണിക്കുകയില്ല. നേരിട്ടുള്ള നികുതി കെട്ടൽ ജനങ്ങൾക്ക് ഭാരമായിത്തീരുന്നു. ഒരു മഹാ യുദ്ധത്തിലേക്ക് കുതിച്ചു പായാനോ അതിനു വേണ്ടി ഭീമമായ ചെലവു വഹിക്കാനോ അവർ സന്നദ്ധരാവുകയില്ല തന്നെ. യുദ്ധത്തിന്റെ അനിവാര്യത ഒഴിവാക്കാവുന്ന മാർഗങ്ങൾ അവർ അവലംബിക്കുന്നതാണ്.

അതുപോലെ, പലിശ കൊടുക്കുന്നതും വാങ്ങുന്നതും നിരോധിക്കുന്ന പക്ഷം രാജ്യത്തിന്റെ സമ്പത്ത് ചില വ്യക്തികളിൽ മാത്രം ഒരുമിച്ചു കൂടപ്പെടുകയില്ല. ഇസ്‌ലാമിക രാഷ്ട്രങ്ങളിലെ പോലെ അതു പൊതുവായ നിലയിൽ പക്ഷപാത രഹിതമായി സമൂഹത്തിൽ വിതരണം ചെയ്യപ്പെടുന്നതും അങ്ങനെ സമ്പത്ത് വിപുലവും തുല്യവുമായ രീതിയിൽ വീതം ചെയ്യപ്പെടുന്നതുമാണ്. അങ്ങനെ വാണിജ്യത്തിന്റെയും വ്യവസായത്തിന്റെയും മേധാവികൾ ലാഭവിഹിതം നല്കാമെന്നുള്ള വ്യവസ്ഥയിൽ ഒരു വലിയ ജനവിഭാഗത്തിൽ നിന്ന് പണം കടം വാങ്ങാൻ നിർബന്ധിതരാകുന്നതാണ്. അതവരെ ഒരു കൂട്ടുകച്ചവടത്തിലേക്ക് ആയിരിക്കും നയിക്കുക.

## ഇസ്‌ലാമും ബഹുഭാര്യത്വവും

ബഹുഭാര്യത്വത്തെക്കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനവും വിമർശന വിധേയമായിട്ടുണ്ട്. എന്നാൽ, ധാർമികവും രാഷ്ട്രീയവും സാമൂഹികവും വർഗപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ഉയരുമ്പോൾ ബഹുഭാര്യത്വം നിർദേശിക്കുന്ന പരിഹാരം മാത്രമാണ് തൃപ്തികരമെന്ന് കാണാവുന്നതാണ്. ഉദാഹരണമായി, താൻ വിവാഹം ചെയ്ത സ്ത്രീക്ക് ഭ്രാന്തോ മറ്റു സ്ഥിരമായ രോഗമോ ബാധിച്ചാൽ എന്തു മാർഗമാണ് അയാളുടെ മുന്നിലുള്ളത്? ദുരിതങ്ങളുടെയും രോഗങ്ങളുടെയും ഒരു പരമ്പര വിട്ടേച്ചു പോകുമാറ് തന്റെ കുട്ടികളുടെ അമ്മയാവാൻ അനുവദിക്കണമോ? മനുഷ്യത്വത്തോടുള്ള ദ്രോഹമാവി

ശേഷം പേജ് 18 ൽ

# കേവലനീതി, അനുകമ്പ, ബന്ധുത്വം മൂന്ന് സക്രിയ തത്വങ്ങൾ നിർവ്വചിക്കപ്പെടുന്നു

ഖലീഫത്തുൽ മസീഹ് നാലാമൻ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ 1983 മുതൽ 1984 വരെയുള്ള വാർഷിക യോഗങ്ങളിൽ ഖുർആനിക തത്വങ്ങളെ അടിസ്ഥാനമാക്കി നിർവ്വഹിച്ച മൂന്ന് പ്രഭാഷണങ്ങൾ.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

### മനുഷ്യ ബന്ധങ്ങളുടെ മൂന്ന് അവസ്ഥകൾ

**അദ്ൽ** (കേവല നീതി)

**ഇഹ്സാൻ** (ഒരാൾക്ക് അർഹിക്കുന്നതിനേക്കാൾ നൽകൽ)

**ഈതാഇ ദിൽ ഖുർബാ** (ബന്ധുക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പയോടെയുള്ള പെരുമാറ്റം)

ഇന്നത്തെ പ്രഭാഷണത്തിന്ന് ഞാൻ തിരഞ്ഞെടുത്തത് അത്യന്തം വിശാലവും മറ്റെല്ലാത്തിനേയും പര്യാവരണം ചെയ്തിരിക്കുന്നതുമായ ഒരു ഖുർആനിക വചനമാണ്.

**'തീർച്ചയായും നീതി പുലർത്തുന്നതിന്നും അടുത്ത ബന്ധുക്കൾക്കെന്ന പോലെ (മറ്റുള്ളവർക്കും) നന്മ ചെയ്യുന്നതിന്നും അല്ലാഹു കൽപ്പിക്കുന്നു.' (സൂറ: അന്നഹ്ൽ 16: 91)**

അല്ലാഹു നമ്മോട് നീതി **(അദ്ൽ)** നിർവ്വഹിക്കാൻ മാത്രമല്ല പറയുന്നത്. നീതി നിർവ്വഹണത്തോടൊപ്പം തന്നെ സ്വമനസ്സാലെ നന്മ **(ഇഹ്സാൻ)** പ്രവർത്തിക്കാനും, അതിന്ന് ശേഷം മനുഷ്യ ബന്ധങ്ങളുടെ ഉദാത്തമായ മൂന്നാം ഘട്ടത്തിലേക്ക് പ്രവേശിക്കാനും ഉപദേശിക്കുന്നു. അതായത് **-ഈതാഇ ദിൽ ഖുർബാ-** ഒരു മാതാവിന്ന് തന്റെ ശിശുവിനോടുള്ള നൈസർഗ്ഗികമായ സ്നേഹ പ്രകടനവും പരിചരണവും പോലെ ആയിരിക്കണമത് എന്ന് അല്ലാഹു അഭിലഷിക്കുന്നു. ഒരു മാതാവ് തന്റെ ശിശുവിനെ സ്നേഹിക്കുമ്പോൾ അതിൽ ഒരിക്കലും മുൻകൂട്ടിയുള്ള ചിന്തിച്ചുറപ്പിക്കലോ പ്രകടന പരതയോ ഉണ്ടാകില്ല. അത് സഹജമായ ഒരു പ്രവാഹമാണ്. ഒരിക്കലും അത് മാതാവിൽ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നതല്ല. അവളിൽ സ്വാഭാവികമായും സംഭവിക്കുന്നതാണ്. അവളുടെ ഏറ്റവും പ്രിയപ്പെട്ട ഒന്നിനോടുള്ള സ്നേഹപ്രകടനത്തിന്റെ കാതലായ വശം എപ്പോഴുമുള്ള അതിന്റെ സ്വാഭാവികമായ ഉറവ് കൊള്ളലാണ്. മേൽ ഉദാഹരണത്തിൽ **-ഈതാഇ ദിൽ ഖുർബാ-** എന്നതിന്റെ ചൈതന്യം പൂർണ്ണമായും വർണ്ണിച്ചിരിക്കുന്നു.

ഒരു ഹ്രസ്വാവലോകനം നടത്തുകയാണെങ്കിൽ ഈ വചനത്തിലെ ആദ്യഭാഗം മനുഷ്യബന്ധങ്ങളുടെ മൂന്നവസ്ഥകളെ കുറിച്ച് പ്രതിപാദിക്കുന്നു. അല്ലാഹു വിശ്വാസികളെ ഏറ്റവും ചുരുങ്ങിയതായി ബാദ്ധ്യതപ്പെടുത്തുന്നതും അതേ സമയം ഏറ്റവും പ്രധാനപ്പെട്ടതുമായ കാര്യം കേവല നീതിയുടെതാണ്. എങ്ങനെയെന്നാൽ അവർ നീതി പാലനത്തിൽ മാത്രം മതിയാക്കാമെന്ന് പ്രതീക്ഷിക്കരുത്. ഔദാര്യത്തിന്റെ മേഖലയിലേക്ക് കൂടി അവർ പ്രവേശിക്കണം. മനുഷ്യ വംശത്തോട് നീതികാട്ടിയാൽ മാത്രം പോര, മനുഷ്യർക്ക് അവർ അർഹതപ്പെട്ടതിനേക്കാൾ കൂടുതൽ നൽകുന്ന കല കൂടി അഭ്യസിക്കേണ്ടതുണ്ട്. വിശ്വാസികളുടെ ഔദാര്യം യാതൊരു തടസ്സവും കൂടാതെ ജനങ്ങൾക്ക് അനുഭവവേദ്യമാകണം.

**ഇഹ്സാൻ** എന്നത് ഒരു വിഷയത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കാര്യമല്ലെന്ന് ഓർക്കണം, അതിന്ന് അനേകം ആന്തരാർത്ഥങ്ങൾ ഉണ്ട്. **ഇഹ്സാൻ** എന്ന ഈ പദം ദൈവവുമായും അവന്റെ സൃഷ്ടിയായ ദാസനുമായും ബന്ധപ്പെടുത്തി പ്രയോഗിക്കുകയാണെങ്കിൽ തദനുസൃതമായി അതിന്റെ അർത്ഥവിന്യാസത്തിലും വ്യത്യാസങ്ങളുണ്ടാവും. ഉചിതമായ സന്ദർഭത്തിൽ ഞാനിക്കാര്യം പിന്നീട് വിശദീകരിക്കുന്നതാണ്.

ഈ വചനത്തിൽ ഉപയോഗിച്ച മൂന്നാമത്തെ പദം **-ഈതാഇ ദിൽ ഖുർബാ-** എന്നതാണ്. അതായത് ഒരാളുടെ ബന്ധുജനത്തിന്ന് നൽകുന്ന അനുകമ്പ. ഇത് പ്രകാരം ബന്ധുജനത്തിന്ന് നൽകുന്നത് പോലെ അഹങ്കാരലേശമന്യേ നമ്മുടെ ഔദാര്യം മറ്റുള്ളവരിലേക്കും പകരണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. നമ്മുടെ ഔദാര്യം ആ വിധത്തിലായിരിക്കണം അതായത് മറ്റുള്ളവരോടുള്ള ഇഷ്ടം കൊണ്ടായിരിക്കരുത് അത്. നമ്മുടെ ബാദ്ധ്യത എന്നോ ചുമതലയെന്നോ കരുതിയായിരിക്കണം നമ്മുടെ ഔദാര്യങ്ങൾ നൽകേണ്ടത്.

ഈ വചനത്തിന്റെ മറ്റൊരു ഭാഗം ഒരു വിശ്വാസി വർജ്ജിക്കേണ്ട ഗുണങ്ങളെ കുറിച്ചുള്ളതാണ്. വർജ്ജനീയമായ ഈ ഗുണങ്ങൾ വിശ്വാസികളിൽ ദൈവം വളർത്തിയെടുക്കാൻ ഉദ്ദേശിക്കുന്ന സദ്ഗുണങ്ങൾക്ക് വിപരീതമായിട്ടുള്ളതാണ്. അല്ലാഹു പറയുന്നു:

**നീച പ്രവർത്തിയേയും നിഷിദ്ധ കർമ്മത്തേയും നിയമ ലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിന്ന് വേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു. (സൂറ: നഹൽ 16:91)**

നീതിക്കും ഔദാര്യത്തിന്നും ബന്ധുജനങ്ങളോട് കാണിക്കുന്ന അനുകമ്പക്കും വിപരീതമായി ഖുർആൻ ഉപയോഗിച്ച നിഷേധാത്മക പദങ്ങളാണ് നീച പ്രവർത്തിയും നിഷിദ്ധ കർമ്മവും നിയമ ലംഘനവും. ആദ്യമായി ഈ വചനത്തിന്റെ ആദ്യ പകുതി വിവരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇന്നത്തെ പ്രഭാഷണത്തിന്റെ സമയം അതിന്ന് തികയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷേ ഞാൻ എന്റെ പ്രഭാഷണം ആരംഭിച്ചപ്പോൾ ഈ വചനം ഉൾക്കൊള്ളുന്ന വിഷയത്തിന്റെ ആഴവും പരപ്പും എന്നെ വിസ്മയഭരിതനാക്കുന്നു. വ്യത്യസ്ത വീഥികളിലേക്കുള്ള വാതായാനങ്ങൾ എനിക്ക് മുമ്പിൽ തുറക്കപ്പെടുന്നതായി കാണുന്നു. അവ ഒരോന്നും ജ്ഞാന വിജ്ഞാനങ്ങളുടെ ഒരു അത്ഭുത പ്രപഞ്ചമായി എന്റെ മുന്നിൽ പ്രത്യക്ഷീഭവിക്കുന്നു. അത്കൊണ്ട് ഈ വചനം പര്യാവരണം ചെയ്യുന്ന വിഷയത്തിന്റെ ഒരു ഭാഗം പോലും പ്രതിപാദിക്കാമെന്ന ഉദ്ദേശ്യം ഞാൻ ഉപേക്ഷിച്ചു. അതിന്ന് ശേഷം നീതി എന്ന വിഷയത്തിൽ മാത്രം ഞാൻ എന്റെ ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. എന്നാൽ വിഷയത്തിന്റെ ഉള്ളിലേക്ക് പ്രവേശിച്ചപ്പോൾ അതിവിശാലമായിട്ടാണ് അത് എനിക്ക് കാണാൻ കഴിഞ്ഞത്. അതായത് ദൈവത്തിന്റെ സൃഷ്ടി സാകല്യം മുഴുക്കെ വിശ്വൈക നീതിയുടെ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഭരിക്കപ്പെടേണ്ടത് എന്ന ദർശനമാണ് എനിക്ക് ലഭിച്ചത്. ഇതൊരിക്കലും തന്നെ ഒരു ആത്മപ്രശംസാപരമായ ഒരു അവകാശവാദമല്ല. വാസ്തവത്തിൽ ഞാൻ പറയുന്ന ഓരോ വാക്കും വ്യക്തമായ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. നീതി എന്നത് അതിന്റെ പ്രയോഗതലത്തിൽ വിശാലമാണെന്ന് മാത്രമല്ല അതിന്റെ അർത്ഥവും അത്യഗാധമാണ്. അത് അതീവ നിഗൂഢവും വിശുദ്ധവുമാണ്. അത് നമ്മെ പ്രകൃതിയുടെ അടരുകൾക്കുള്ളിൽ അടരുകളായി നിൽക്കുന്ന രഹസ്യങ്ങളിലേക്ക് ആനയിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കേവല നീതിയുടെ തത്വത്തെ സംബന്ധിച്ച് ഞാൻ മനസ്സിലാക്കിതരുവാൻ ശ്രമിക്കുന്നതായിരിക്കും.

കേവല നീതി എന്ന ഈ സാർവ്വത്രിക തത്വത്തിന്റെ പ്രയോഗത്തിന്ന് മാനവത അത്യുൽക്കടമായി ആഗ്രഹിക്കുന്നു. മനുഷ്യബന്ധങ്ങളെ മലിനമാക്കുന്നതും ദുഷിപ്പിക്കുന്നതുമായ മനുഷ്യത്വത്തിന്റെ എല്ലാ രോഗാവസ്ഥക്കും കാരണം കേവല നീതിയുടെ പ്രയോഗത്തിന്റെ അഭാവത്തിൽ നിന്നും നേരിട്ട് ജനിക്കുന്നു. മനുഷ്യരാശി നീതിക്ക് വേണ്ടി ദാരുണമാം വിധം ദാഹിക്കുകയാണ്. നാം അതിന്റെ പ്രായോഗികത ഖുർആന്റെ വെളിച്ചത്തിൽ ജനങ്ങൾക്ക് പഠിപ്പിക്കുന്നില്ലെങ്കിൽ അവരുടെ അപഥ സഞ്ചാരം തുടർന്നുപോകും. അജ്ഞതയുടെ ഊരാക്കുടുക്കിൽ അവരുടെ വഴി നഷ്ടപ്പെടുകയും ചെയ്യും. മനുഷ്യൻ മനുഷ്യന്റെ കരങ്ങൾക്കൊണ്ട് തന്നെ കനത്ത തോതിൽ സഹിക്കേണ്ടി വരും. അതുകൊണ്ട് കേവല നീതിയുടെ ഖുർആനിക അദ്ധ്യാപനങ്ങൾകൊണ്ട് ലോകത്തെ ബോധവാന്മാരാക്കുക എന്നത് നമ്മുടെ ഏറ്റവും പരമപ്രധാനമായ കർത്തവ്യമാണ്.

## ഖുർആനിലെ ഏറ്റവും വിശദീകരിക്കപ്പെട്ട വചനം

ഹദ്റത്ത് അബ്ദുല്ലാ ഇബ്നു മസ്ഊദ് (റ) മേൽ പറഞ്ഞ വചനത്തെ കുറിച്ച് ആലോചിച്ചപ്പോൾ അദ്ദേഹം സ്വയം തന്നെ ഖുർആനിലെ ഏറ്റവും സാരസമഗ്രമായ വചനമാണിതെന്ന് അത്ഭുതം കൂറുകയുണ്ടായി. മഹാന്മാരായ ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരാളായ അബ്ദുല്ലാ ഇബ്നു മസൂദി (റ)ന്റെ ഈ നിരീക്ഷണം തീർച്ചയായും വൻ പ്രാധാന്യമുള്ളതാണ്. ജീവിതം മുഴുവൻ ഖുർആൻ പഠനത്തിന്ന് വേണ്ടി സമർപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ഖുർആന്റെ അദ്ധ്യാപന സാകല്യം മുഴുക്കെ ഈ വചനത്തിന്റെ സാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു

എന്ന വസ്തുതയിലേക്ക് അദ്ദേഹം നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

അബ്ദുല്ലാ ഇബ്നു മസൂദി (റ)ന്ന് പുറമെ ഹദ്റത്ത് ഉമർ ഇബ്നു അബ്ദിൽ അസീസും (റഹ്) ഈ വചനത്തിന്ന് പ്രത്യേക പ്രാധാന്യം നൽകുകയുണ്ടായി. വെള്ളിയാഴ്ച്ച പ്രാർത്ഥനയിൽ ജുമ്അ ഖുത്ബയുടെ രണ്ടാം പാദത്തിൽ ഈ വചനം ഓതുന്ന സമ്പ്രദായം അദ്ദേഹമാണ് ആരംഭിച്ചത്. ഈ അർത്ഥത്തിൽ അദ്ദേഹം മുസ്ലിംകളുടെയെല്ലാം ഒരു അഭ്യുദയകാംക്ഷിയായി രംഗപ്രവേശനം ചെയ്തു. ഈ വചനം മുസ്ലിംകളിൽ ഉണ്ടാക്കിയ സ്വാധീനം പരിഗണിക്കുമ്പോൾ ഞാൻ മുകളിൽ പരാമർശിച്ച രണ്ട് ഉദാഹരണങ്ങളിലൂടെ അക്കാര്യം വ്യക്തമാകും. അതിന്റെ സ്വാധീനം മുസ്ലിംകളിൽ മാത്രം ഒതുങ്ങി നിന്നില്ല. റസൂൽ തിരുമേനി (സ) യുടെ കാലത്ത് ഇസ്ലാമിന്റെ കടുത്ത ശത്രുക്കളിൽ പോലും ഈ വചനത്തിലെ അഗാധമായ ജ്ഞാനത്തിൽ അപ്രതിരോധ്യമാം വിധം ആകൃഷ്ടരായിരുന്നു. ഒരിക്കൽ മക്കയിലെ ഖുറൈശികളിൽ പ്രമുഖനായ ഒരു നേതാവ് വലീദ് ഈ വചനം കേട്ടപ്പോൾ തീർച്ചയായും ഇത് വല്ലാത്തൊരു വചനം തന്നെ, വസന്തം പുഷ്ക്കലമായത് പോലെ എന്തൊരു പുതുമ! എന്തൊരു പ്രസന്നത! എന്ന് അത്ഭുതപ്പെട്ടതായി നിവേദനം ചെയ്യപ്പെടുന്നു.

പ്രപഞ്ച സൃഷ്ടിയിൽ നീതിയുടെ തത്വങ്ങൾ അതിവിശാലമായ രീതിയിൽ പ്രാവർത്തികമാവുന്നത് ഈ വചനത്തിൽ നാം ദർശിക്കുന്നു. അതായത് ഒരു നവ്യമായ അർത്ഥപ്രപഞ്ചം തന്നെ അതിൽ നിന്നും ജനനം കൊള്ളുന്നതായി കാണുന്നു. അതിന്ന് ശേഷം **ഇഹ്സാൻ** എന്ന പദത്തിലെ രണ്ടാമത്തേതും അത്യുന്നത സൗന്ദര്യാവസ്ഥയുടെ സരണി നാം കാണുന്നു. സൗന്ദര്യത്തിന്റെ ഈ വീഥിയിൽ നിന്നും അവസാനത്തേതും തികവാർന്നതുമായ **-ഈതാഇ ദിൽ ഖുർബാ-** എന്ന സ്ഥാനത്തേക്ക് നയിക്കുന്ന നിരവധി വീഥികൾ ഉരുവം കൊള്ളുന്നതായും നമുക്ക് കാണാം. (തുടരും)

---

**പേജ് 15 ൽ നിന്ന് തുടർച്ച**

ല്ലേ അത്? സന്താനരഹിതനായി തുടർന്നു കൊണ്ട് രാജ്യത്തിന് നഷ്ടം വരുത്തി വയ്ക്കണമോ? അധാർമിക ജീവിതം നയിച്ചു കൊണ്ട് സമൂഹത്തിനും ധാർമികതയ്ക്കും കോട്ടം വരുത്തി വയ്ക്കണമോ?അല്ലെങ്കിൽ ദുരിതവും നിസ്സഹായാവസ്ഥയും അഭിമുഖീകരിക്കുന്ന തന്റെ ഭാര്യക്ക് വലിയതോതിൽ അനുകമ്പയും ശ്രദ്ധയും ആവശ്യമായ ഘട്ടത്തിൽ അവളെ വിവാഹമോചനം ചെയ്തുകൊണ്ട് അനുതാപത്തിന്റെയും നീതിയുടെയും എല്ലാ പരിഗണനകളെയും ബലികഴിക്കണമോ? അത്തരം സാഹചര്യങ്ങളിൽ ബഹുഭാര്യത്വമല്ലാതെ, പ്രകൃതിയുടെയും സമൂഹത്തിന്റെയും ധാർമികതയുടെയും ആവശ്യങ്ങൾ തുല്യമായി നിറവേറ്റുന്ന മറ്റുവല്ല പരിഹാരവും ഉണ്ടോ? വാസ്തവത്തിൽ, ബഹുഭാര്യത്വത്തെ അപലപിക്കുകയും അതിന്റെ ആവശ്യകതയെ നിരാകരിക്കുകയും ചെയ്യുന്നവർ പ്രകൃതിയുടെ ആവശ്യങ്ങളെയും മനുഷ്യനിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങളെയും അവഗണിക്കുകയോ യഥാർഥ ധാർമികതയെക്കാൾ ഉപരിപ്ലവമായ ധാർമിക മോടിക്ക് മുൻഗണന നല്കുകയോ ആണ് ചെയ്യുന്നത്. ബഹുഭാര്യാധർമം അവലംബിക്കുന്ന പക്ഷം ഭർത്താവിൽ ചുമത്തപ്പെടുന്ന ഉത്തരവാദിത്വങ്ങളെയും നിയന്ത്രണങ്ങളെയും കുറിച്ച് അവർ അറിഞ്ഞിരുന്നെങ്കിൽ ഒരു മനുഷ്യൻ ചിലപ്പോൾ വഹിപ്പാൻ നിർബന്ധിതനാകുന്ന കനത്ത ഭാരമാണ് ബഹുഭാര്യത്വമെന്നും സുഖലോലുപതയ്ക്കുള്ള ഉപകരണമല്ലെന്നും തിരിച്ചറിഞ്ഞേനെ. (തുടരും)

## ആസന്നമായ മഹാദുരന്തം

അല്ലായോ യൂറോപ്പേ നീ രക്ഷയിലല്ല. അല്ലയോ ഏഷ്യാ നീ രക്ഷയിലല്ല. ! ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവവും ആ നാളിൽ നിങ്ങളെ സാഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞ് വീഴുന്നതായി ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ജന ശൂന്യമായി തീരുന്നതും ഞാൻ കാണുന്നു. തന്റെ മുമ്പാകെ പല നിന്ദ്യമായ കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലം ദൈവം മൗനമവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടു കൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ . ഞാൻ എല്ലാവരെയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചു കൂട്ടുന്നതിന്ന് ആവതും ശ്രമിച്ചു. എന്നാൽ നിയതി നിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ! ഞാൻ സത്യമായും നിങ്ങളോട് പറയുന്നു: ഈ രാജ്യത്തിന്റെ അവധിയും സമാപിച്ചു കൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കണ്ണിന്റെ മുമ്പിൽ വരും ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും എന്നാൽ ദൈവം ക്രോധത്തെ വെളിപ്പെടുത്തുന്നതിൽ സാവധാനിയാവുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിന്ന് പാത്രമായി തീരുന്നതിന്ന് വേണ്ടി പശ്ചാത്തപിച്ചു മാനസാന്തരപ്പെടുവീൻ! ഏതൊരുവൻ ദൈവത്തെ വെടിയുന്നുവോ അവൻ മനുഷ്യനല്ല. വെറുമൊരു കീടമത്രെ! ഏവൻ സർവ്വ ശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മൃതപ്രായനാകുന്നു. ജീവനുള്ളവനല്ല.

**(ഹഖീഖത്തുഅൽ വഹ്ഹീ)**

# ദൈവാസ്തിക്യം: ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ

ഉസ്മാനിയാ യൂണിവേഴ്സിറ്റിയിലെ അസ്ട്രോണമി വകുപ്പ് ഫാക്കൽട്ടി അംഗമായിരുന്ന ലേഖകൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ദേശീയ എക്സികുട്ടീവ് കമ്മിറ്റിയുടെ പ്രസിഡന്റായിരുന്നു. 1963 ൽ ചിക്കാഗോ യൂണിവേഴ്സിറ്റിയിൽ നിന്നും ആസ്ട്രോ ഫിസിക്സിലും അസ്ട്രോണമിയിലും ഗവേഷണ ബിരുദം നേടിയ അദ്ദേഹം വിശുദ്ധ ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയ പരമ ഭക്തനായിരുന്നു. മുഹമ്മദ് അല്ലാദീൻ സാഹിബ് 2011 മാർച്ച് 20ന്ന് ഖാദിയാനിൽ വെച്ച് ദിവംഗദനായി. ദൈവത്തിന്റെ അസ്തിത്വം സംബന്ധിച്ച് പ്രഗല്ഭരായ ശാസ്ത്രപ്രതിഭകളുടെ അഭിപ്രായങ്ങൾ അദ്ദേഹം ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നു. *വിവ:* ***കെ. വി. ഹസ്സൻ കോയ, കോഴിക്കോട്***

**പ്രൊഫ: സാലേ മുഹമ്മദ് അല്ലാദീൻ**

മതത്തിന്റെ കേന്ദ്രതത്വം എന്ന നിലക്ക് സർവ്വശക്തനായ ദൈവത്തിന്റെ അസ്തിത്വം എന്ന വിഷയം അടിസ്ഥാനപരമായി പ്രാധാന്യമർഹിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദം പരിപോഷിപ്പിക്കുന്നതും വിവിധ മതാനുയായികൾക്കിടയിലുള്ള പൊതുവായ ലക്ഷ്യം അതായത് സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസം ഊട്ടിയുറപ്പിച്ചു അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം അതാണ്.

വിശുദ്ധ ഖുർആൻ പറയുന്നു:

***'പറയുക, ഓ ഗ്രന്ഥാനുസാരികളെ! (കുറഞ്ഞ പക്ഷം) ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തുല്യമായ ഒരു കാര്യത്തിലേക്ക് അതായത് അല്ലാഹു അല്ലാതെ നാം ആരെയും ആരാധിക്കുകയില്ലെന്നും അവനോട് പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിന്ന് പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും (ഉള്ള തത്വത്തിലേക്ക്) വരിക.' (വി. ഖുർആൻ 3:65)***

ജനഹൃദയങ്ങളിൽ ഉറച്ച ദൈവ വിശ്വാസത്തിന്റെ അഭാവമാണ് ഇന്ന് ലോകത്ത് കാണുന്ന കുറ്റങ്ങളുടെയും അസ്വസ്ഥതകളുടെയും കാരണമെന്ന് കണ്ടെത്താൻ സാധിക്കും. അങ്ങനെ നോക്കിയാൽ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതുമായി വളരെ അടുത്ത ബന്ധപ്പെട്ട ഒരു വിഷയം കൂടിയാണിത്. വിശുദ്ധ ഖുർആൻ പറയുന്നു:

***'ദൈവം സമാധാനത്തിന്റെ ഉറവിടവും രക്ഷാപരിപാലകനുമാണ് ' (വി. ഖുർആൻ. 59:24)***

നമ്മുടെ പ്രഭുവും യജമാനനുമായ മുഹമ്മദ് നബി (സ)യുടെ മഹത്തായ ദൗത്യം ജനങ്ങളെ ദൈവത്തിലേക്ക് വിളിക്കുകയെന്നതായിരുന്നു. തിരുമേനി(സ)യെ അഭിസം ബോധന ചെയ്തു കൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു:

***'പറയുക, ഇത് എന്റെ മാർഗമാണ്. ഔചിത്യ ബോധത്തോടു കൂടി ഞാനും എന്നെ പിന്തുടരുന്നവരും അല്ലാഹുവിങ്കലേക്ക് (ജനങ്ങളെ) ക്ഷണിക്കുന്നു. ഞാൻ***

***അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ഞാൻ ബഹുദൈവ വിശ്വാസികളിൽ പെട്ടവനല്ല.' (വി. ഖുർആൻ 12: 109)***

അവസാന കാലത്ത് ആഗതനാവുന്ന വാഗ്ദത്ത മസീഹിന്റെ സുപ്രധാന ജോലി ദൈവത്തിലുള്ള വിശ്വാസം പുനസ്ഥാപിക്കുകയായിരിക്കുമെന്ന് നബി തിരുമേനി (സ) പ്രസ്താവിച്ചിട്ടുണ്ട്. വിശ്വാസം ഭൂമിയിൽ നിന്ന് കാർത്തിക നക്ഷത്രത്തിലേക്ക് ഉയർന്ന് പോയാലും വാഗ്ദത്ത മസീഹ് (അ) അതിനെ തിരിച്ചുകൊണ്ടു വരുന്നതാണ് എന്ന് നബി (സ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (ബുഖാരി മുസ്‌ലിം ശരീഫ്, ഹദീഖത്തു സാഹിലിഹീൻ, മാലിക്ക് സൈഫുർറഹ്മാൻ)

അഹ്മദിയ്യാ ജമാഅത്തിന്റെ വിശുദ്ധ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) യാണ് വാഗ്ദത്ത മസീഹെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ലോകത്തിന്റെ ആത്മീയ പുനരുജ്ജീവനം അദ്ദേഹം മുഖേനയാണ് വിധിക്കപ്പെട്ടിരിക്കുന്നത്. ആയതിനാൽ ദൈവാസ്തിത്വം എന്ന വിഷയം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്ന് വളരെ പ്രിയങ്കരമാണ്. വാഗ്ദത്ത മസീഹിന്റെ രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)താഴെപ്പറയുന്ന വാക്കുകളിൽ ഇക്കാര്യം മനോഹരമായി പ്രകടിപ്പിച്ചിരിക്കുന്നു.

രാവും പകലും ഇത്രമാത്രമാണ് ഞാൻ പറയുന്നത് അതായത് ഈ പ്രപഞ്ചത്തിന്ന് തീർച്ചയായും ഒരു ദൈവമുണ്ട്.

ദൈവത്തിന്റെ അസ്തിത്വത്തിന്ന് തെളിവായി വിശുദ്ധ ഖുർആൻ ഈ പ്രപഞ്ചത്തെ അവതരിപ്പിച്ചി രിക്കുന്നു. അത് പറയുന്നു: ***'ആകാശഭൂമികളുടെ രൂപസന്ദായകനായ അല്ലാഹുവിനെ സംബന്ധിച്ച് നിങ്ങൾ സംശയാലുക്കളാണോ?' (വി.ഖുർആൻ14:11)***

***'ആകാശഭുമികളുടെ സൃഷ്ടിപ്പും രാപ്പകൽ മാറി മാറി വരുന്നതിലും കാര്യങ്ങൾ ഗ്രഹിക്കുന്നവർക്ക് തീർച്ചയായും ദൃഷ്ടാന്തങ്ങളുണ്ട്.'(വി. ഖുർആൻ 3:141)***

***'ആകാശഭുമികളുടെ സൃഷ്ടിപ്പ് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. അതുപോലെ തന്നെ ഭാഷകളുടെയും നിറങ്ങളുടെ വൈവിധ്യവും. തീർച്ചയായും അതിൽ വിജ്ഞാനം ഉള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.' (വി. ഖുർആൻ 30:23)***

ഈ ഖുർആൻ സൂക്തങ്ങൾ തീർച്ചയായും ആകാശ ഭുമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച പഠനം സർവ്വശക്തനായ ദൈവത്തിലേക്ക് നയിക്കുന്നു എന്ന് വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. ദൈവിക സഹായം തേടിക്കൊണ്ട് ശാസ്ത്രത്തിന്റെ ചില വശങ്ങളിലും ഈ വിഷയത്തിൽ ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങളും അവതരിപ്പിക്കുവാൻ ഞാൻ ശ്രമിക്കാം.

## മതവും ശാസ്ത്രവും

ശാസ്ത്രജ്ഞാനങ്ങളുടെ പുരോഗതിക്കും വർദ്ധനക്കും മുസ്‌ലിംകൾ നൽകിയ സംഭാവന വളരെ പ്രസിദ്ധമാണ്. യഥാർത്ഥത്തിൽ ഇത് അവരുടെ ദൈവ വിശ്വാസത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രശസ്തമായ അറബി ഗോളശാസ്ത്രജ്ഞൻ അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് ഇബ്നു ജരീർ അൽബത്താനി തന്റെ ജീവിതത്തിൽ 40 വർഷക്കാലം അതായത് ക്രിസ്ത്വാബ്ദം 870 മുതൽ 918 വരെ ചിലവഴിച്ചത് ആകാശ ഗോളങ്ങളെ നിരീക്ഷിച്ചും അവയെക്കുറിച്ച് പഠിച്ചുമായിരുന്നു. അദ്ദേഹം പറയുന്നു:

'നക്ഷത്രത്തിന്റെ ശാസ്ത്രം ദൈവത്തിന്റെ ഏകത്വവും അത്യുന്നതമായ ദൈവിക ജ്ഞാനവും തിരിച്ചറിയാൻ പ്രേരിപ്പിക്കുന്നു.' (History of Astronomy by A. Pannekoek, Inter Science New York, 1961)

ക്രിസ്ത്വാബ്ദം പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പ്രപഞ്ചത്തിന്റെ കേന്ദ്രം ഭുമിയല്ലെന്ന വീക്ഷണം ശാസ്ത്രജ്ഞന്മാർ മുന്നോട്ട് വെച്ചപ്പോൾ യുറോപ്യൻ പുരോഹിതന്മാർ ഈ ആശയത്തെ എതിർത്തു. ശാസ്ത്രവും മതവും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന് പൊതുവിൽ തോന്നലുണ്ടായി. എന്തെന്നാൽ ശാസ്ത്രീയ പഠനം പുരോഹിതന്മാരുടെ മതാദ്ധ്യാപനങ്ങളുമായി യോജിക്കുന്നില്ലായിരുന്നു. ആ സമയത്ത് ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും അറിവും യഥാർത്ഥത്തിൽ ഒരു സ്രഷ്ടാവുണ്ടെന്ന ആശയത്തെ ബലപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന കാര്യം മനസ്സിലാക്കുന്നതിൽ അവർ പരാജയപ്പെട്ടു.

ബൈബിളിലെ അദ്ധ്യാപനങ്ങളുടെ അക്ഷരാർത്ഥത്തിലുള്ള വിവരണത്തിന്നായിരുന്നു അമിതമായ ഊന്നൽ നൽകപ്പെട്ടിരുന്നത്. (ബൈബിളിന്റെ മൂല രുപത്തിൽ കാലം ചെല്ലും തോറും വ്യതിയാനം വരുത്തിയിരുന്നു എന്ന വസ്തുത കൂടുതൽ സങ്കീർണ്ണതകളുണ്ടാക്കുകയും ചെയ്തു.) അത്കാരണം പ്രത്യക്ഷത്തിൽ ശാസ്ത്രവും മതവും തമ്മിൽ വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കപ്പെട്ടു. ആധുനിക ക്രിസ്തീയ ചിന്താഗതി (ഉൽപ്പത്തി പുസ്തകത്തിലെ സൃഷ്ടിപ്പ് വിവരണത്തെ അക്ഷരാർത്ഥത്തിൽ എടുക്കുന്ന സൃഷ്ടി വാദികൾ ഒഴികെ) ഇതിൽ നിന്നും വിഭിന്നമാണ്. ദൈവത്തിലുള്ള വിശ്വാസം കൂടുതൽ ഉറപ്പിക്കുന്നതിന്ന് ശാസ്ത്രീയ ജ്ഞാനം മറ്റൊരുറവിടമാണെന്ന കാര്യം അവർ അംഗീകരിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച ഇസ്‌ലാമിക വിശ്വാസത്തോട് യോജിച്ചു പോകുന്നതാണിത്. യുക്തിജ്ഞനായ ഒരു ദൈവത്തിലുള്ള തങ്ങളുടെ വിശ്വാസത്തിന്ന് ശാസ്ത്രജ്ഞാനം കൂടുതൽ അടിസ്ഥനം നൽകുന്നു വെന്ന്

വിശ്വസിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ എണ്ണം കൂടിവരികയാണ്.

തന്റെ പ്രശസ്തമായ **'ഹമാരാ ഹുദാ'** (നമ്മുടെ ദൈവം) എന്ന പുസ്തകത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) അവരുടെ ഈ പ്രസ്താവനയെക്കുറിച്ച് രേഖപ്പെടുത്തുന്നു. സർവ്വശക്തനായ ഒരു സത്തയിലുള്ള വിശ്വാസത്തെ സംബന്ധിച്ചിടത്തോളം നിരവധി ശാസ്ത്രജ്ഞന്മാർ ദൈവവിശാസികളായിരുന്നു വെന്ന് നമുക്ക് കണ്ടെത്താൻ സാധിക്കും. യഥാർത്ഥത്തിൽ ദൈവാസ്തിക്യത്തിൽ വിശ്വസിക്കുന്നവർ കൂടുതലും നിഷേധിക്കുന്നവർ കുറവുമാണ്.

എന്റെ വ്യക്തി പരമായ അനുഭവത്തിൽ നിരവധി ശാസ്ത്രജ്ഞന്മാർ ദൈവ വിശ്വാസികളായിരുന്നുവെന്ന് ഞാൻ കണ്ടെത്തിയിട്ടുണ്ട്. ഉസ്മാനിയാ സർവ്വകലാശാലയുടെ മുൻ വൈസ്ചാൻസലറും ഭൗതിക ശാസ്ത്ര പ്രൊഫസറും എന്റെ റിസർച്ച് ഗൈഡുമായിരുന്ന ഡോ. റവദ സത്യനാരാാണനും പി എച്ച് ഡി ക്ക് എന്റെ സൂപ്പർ വൈസർ ആയിരുന്ന പ്രൊ. നെൽസൻ ലിംബറും ഉറച്ച ദൈവവിശ്വാസികളായിരുന്നു. ഞാൻ എടുത്തു പറയാൻ പോകുന്ന മറ്റു നിരവധി പേരും ദൈവ വിശ്വാസികളായിരുന്നു.

1959 ൽ അമേരിക്കയിലൊരു ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. വിവിധ ശാസ്ത്ര മേഖലകളിൽ പ്രവർത്തിക്കുന്ന പ്രസിദ്ധരായ 40 ശാസ്ത്രജ്ഞന്മാരുടെ പ്രബന്ധങ്ങൾ അതിൽ ഉണ്ട്. അവർ തങ്ങളുടെ ദൈവ വിശ്വാസം പ്രഖ്യാപിക്കുന്നു The Evidence of God in an Expanding Universe (വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തിൽ ദൈവത്തിന്റെ തെളിവ്) എന്നാണ്. പുസ്തകത്തിന്റെ പേര് 1968 ൽ ഇന്ത്യയിലും ഈ പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. (വിതരണം Pockets Distributing Co, 11 Oak Lane,Fort. Bombay 1)

മി. ജോൺ ക്ലോവർ മോൺസ് പത്രാധിപർ മുഖവുരയിൽ എഴുതുന്നു:

പ്രകൃതിയിലെ വസ്തുതകൾ നിരീക്ഷിച്ചുകൊണ്ടും ബുദ്ധിപരമയ വാദഗതികൾ മുഖേനയും മനുഷ്യ പ്രകൃതിക്കതീതമായ ഒരു ശക്തി നിലനിൽക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രതിപാദ്യവിഷയം. ശാസ്ത്രത്തിന് ആ ശക്തിയെ തിരിച്ചറിഞ്ഞ് വിവരിക്കാൻ സാദ്ധ്യമല്ല. പൊതുവായ നിലയിൽ പറയാനോ സാധ്യമല്ല. അങ്ങനെ തിരിച്ചറിയാനും വിശദമായ വിവരണത്തിന്നും പ്രത്യേക വെളിപാട് (ബൈബിൾ) ആവശ്യമാണ്. എന്നാൽ, അടിസ്ഥാന തത്വത്തിൽ നിന്നും പുരോഗമിച്ച് നമ്മുടെ ശാസ്ത്രജ്ഞന്മാർ നിരീശ്വരത്തത്തെ ഫലപ്രഥമായി നേരിട്ടിട്ടുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്.

നമ്മുടെ ഏറ്റവും പ്രിയങ്കരനായ അദ്ധ്യാപകൻ നബിതിരുമേനി (സ) നമുക്ക് താഴെ പറയുന്ന തത്വം പഠിപ്പിച്ചു തന്നിരിക്കുന്നു. ***'അറിവ് ഒരു വിശ്വാസിയുടെ കളഞ്ഞ് പോയ വസ്തുവാണ്. അതെവിടെ കണ്ടെത്തിയാലും അവന് അതിന് അവകാശമുണ്ട്.' (തിർമിദി)*** അതിനാൽ വിജ്ഞാനം എവിടെ കണ്ടെത്തിയാലും നാം അതെടുക്കും!.

ഇരുപതാം നൂറ്റാണ്ടിലെ ലോക പ്രശസ്ത ശാസ്ത്രജ്ഞൻ മാർക്സ് പ്ലാൻക് ആയിരുന്നു 1920 ൽ ഫിസിക്സിലെ നോബൽ സമ്മാന ജേതാവ്. ആറ്റത്തെ അടിസ്ഥാനപരമായി കണ്ടെത്തിയത് അദ്ദേഹമായിരുന്നു. മതവും ശാസ്ത്രവും സർവ്വശക്തനായ ദൈവത്തിലേക്ക് നയിക്കുന്ന പരസ്പര സഹായികളായാണ് അദ്ദേഹം കരുതിയിരുന്നത്. അദ്ദേഹം പറയുന്നു:

മതവും പ്രകൃതി ശാസ്ത്രങ്ങളും കൂട്ടായ നിലയിൽ നിരന്തരമായി വിശ്രമമില്ലാത്ത ഒരു കുരിശു യുദ്ധമാണ് ആജ്ഞേയ വാദത്തിന്നും, ദുശ്ശാഠ്യ വാദങ്ങളോടും, അന്ധവിശ്വാസത്തിന്നുമെതിരിൽ നടത്തി ക്കൊണ്ടിരിക്കുന്നത്. ഈ കുരിശു യുദ്ധത്തിൽ എപ്പോഴുമായിരുന്നതും ഇനി ഭാവിയിൽ ആയിരിക്കുന്നതുമായ മുറവിളി ദൈവത്തിലേക്ക് എന്നതായിരിക്കും. (Evidence. p. 247 )

അമേരിക്കയിലെ മിനസോട്ട് സർവ്വകലാശാലയിലെ ഊർജ്ജതന്ത്രജ്ഞനായ ഡോ. ജോർജ് പോൾ ഡേവിസ് എഴുതുന്നു:

ശാസ്ത്രീയ വൃത്തങ്ങളിൽ നിരീശ്വര വാദം നിലനിൽക്കുന്നുവെന്നത് അനിഷേധ്യമാണ്. പക്ഷേ ശാസ്ത്രജ്ഞന്മാർക്കിടയിലാണ് ശാസ്ത്രീയ ജ്ഞാനമില്ലാത്തവരേക്കാൾ കൂടുതൽ നിരീശ്വരത്വവും കണ്ടുവരുന്നത് എന്ന വ്യപകമായ വിശ്വാസം ഒരിക്കലും തെളിയിക്കപ്പെട്ടിട്ടില്ല. യഥാർത്ഥത്തിൽ നിരവധി ശാസ്ത്രജ്ഞന്മാർ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം നേരെ വിപരീതമാണ്. (Evidence. p.70)

അമേരിക്കയിലെ ഒഹ്യോവിൽ പെർക്കിൻ ഒബ്സർവേറ്ററിയുടെ എച്ച് ടി സെറ്റേറ്റ്സൺ എഴുതുന്നു:

ശാസ്ത്ര രംഗത്തെ വളരെ പ്രശസ്തരായ നിരവധി ആളുകൾ മതത്തിന്റെ ഭക്തരായ അനുയായികളാണെന്ന കാര്യം പ്രാധാന്യമർഹിക്കത്തക്കതല്ല. അങ്ങനെയുള്ളവരിൽ ഗലീലിയോ ന്യൂട്ടൺ ഫാരഡെ കെൽവിൽ പാസ്റ്റർ എന്നിവർപെടുന്നു. (EvidenceMan and Stars - By H.T.Stetson.P.214 Mc Grow Hill. 1930)

## പ്രപഞ്ചത്തിന്റെ ഉൽപ്പത്തി

ദൈവത്തിന്റെ അസ്തിത്വത്തിലേക്ക് വിരൽ ചൂണ്ടുന്ന ശാസ്ത്രത്തിന്റെ ഉദാഹരണമായി നമുക്ക് പ്രപഞ്ചത്തിലേക്ക് നോക്കാം. പ്രപഞ്ചത്തിന്റെ ഉൽപത്തിയിലേക്ക് മൂന്ന് സാദ്ധ്യതകളാണ് നമുക്ക് ചിന്തിക്കാൻ കഴിയുന്നത്.

1) പ്രപഞ്ചം നിത്യമായി നിലനിന്നിരുന്നു.

2) പ്രപഞ്ചത്തിന്റെ അസ്തിത്വം ഒന്നുമില്ലായ്മയിൽ നിന്ന് യാദൃച്ഛികമായുണ്ടായതാണ്.

3) നാം സർവ്വജ്ഞാനി എന്ന് വിളിക്കുന്ന ബുദ്ധിമാനായ പരമ സത്തയാൽ സൃഷ്ടിക്കപ്പെട്ടതാണ് പ്രപഞ്ചം.

ചോദ്യമിതാണ് ആദ്യത്തെ രണ്ട് വീക്ഷണങ്ങളെ ശാസ്ത്രം പിന്തുണക്കുന്നുണ്ടോ? അല്ലെങ്കിൽ മൂന്നാമത്തെ വീക്ഷണത്തിന്നാണോ ശാസ്ത്രം തെളിവ് നൽകുന്നത്?

### അനന്തമായ പ്രപഞ്ചം

ഇരുപതാം നൂറ്റാണ്ടിലെ ജ്യോതിശാസ്ത്രം എത്രത്തോളം വികാസം പ്രാപിച്ചുവെന്നാൽ പ്രപഞ്ചത്തിന്റെ വയസ്സ് നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. പുതിയ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ നിർണ്ണയിക്കപ്പെട്ട വയസ്സ് കൂടുതൽ കണിശമായ മൂല്യത്തിലേക്ക് പുനർനിർണ്ണയം ചെയ്യാമെന്നതിൽ സംശയമില്ല. എന്നാൽ നിരീക്ഷണങ്ങളുടെയും പ്രകൃതി നിയമങ്ങളുടെയും അടിസ്ഥാനത്തിൽ പ്രപഞ്ചത്തിന്റെ വയസ്സ് തീരുമാനിക്കാൻ കഴിഞ്ഞു വെന്നത് ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ നേട്ടങ്ങളിൽ ഒന്നാണ്. മാത്രമല്ല വിശുദ്ധ ഖുർആന്റെ പ്രവചന പൂർത്തീകരണത്തിന്റെ ശോഭയാർന്ന ഉദാഹരണവുമാണ്.

***'ആകാശം നഗ്നമാക്കപ്പെടുമ്പോൾ'(വി. ഖുർആൻ. 81: 12)***

പ്രപഞ്ചത്തിന്റെ കൃത്യമായ വയസ്സ് മുൻ നൂറ്റാണ്ടുകളിൽ നിർണ്ണയിക്കാൻ സാധ്യമല്ലായിരുന്നു. യാഥാർത്ഥ്യമെന്തെന്നാൽ പത്തൊമ്പതാം നൂറ്റാണ്ടുവരെ നക്ഷത്രമണ്ഡലം (ഗാലക്സി) എന്താണെന്ന് പോലും ജ്യോതിശാസ്ത്രജ്ഞന്മാർക്ക് അറിവില്ലായിരുന്നു.

നമ്മുടെ ഇപ്പോഴത്തെ അറിവനുസരിച്ച് പ്രപഞ്ചത്തിന്റെ വയസ്സ് ഏകദേശം പതിനാല് ബില്ല്യൻ വർഷങ്ങളാണ്. കൃത്യമായ വയസ്സ് ഇവിടെ അത്യധികം പ്രാധാന്യമർഹിക്കുന്നില്ല. സമയത്തിന്റെ ഏതോ ഒരു ബിന്ദുവിലാണ് പ്രപഞ്ചം ഉത്ഭവിച്ചത് എന്നതാണ് സ്വീകാര്യം. ഇനി അതിന്റെ അർത്ഥം പ്രപഞ്ചം നിത്യമായി നിലനിന്നിരുന്നില്ല എന്നുമാണ്.

പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പും വയസ്സും സംബന്ധിച്ച് നമ്മുടെ അനുമാനം നിരീക്ഷണങ്ങളെ അടിസ്ഥനമാക്കിയുള്ളതാണ് എണ്ണമറ്റ നക്ഷത്രമണ്ഡലങ്ങളടങ്ങിയതാണ് നമ്മുടെ പ്രപഞ്ചം എന്ന് നാം പഠിച്ചിട്ടുണ്ട്. നമ്മുടെ സൂര്യനെ പോലെയുള്ള കോടാനുകോടി നക്ഷത്രങ്ങൾ അടങ്ങിയതാണ് ഒരോ നക്ഷത്രമണ്ഡലവും. 1929 ൽ ഈ എടുത്തു പറയത്തക്ക കണ്ടുപിടുത്തം നടത്തിയത് പ്രഫ: എഡ്വി ൻ ഹബിൾ ആണ്. നക്ഷത്രമണ്ഡലങ്ങളുടെ വർണ്ണരാജിയുടെ പഠനത്തിൽ നിന്നും നക്ഷത്രമണ്ഡലങ്ങൾ അവ തമ്മിലുള്ള അകലത്തിന്ന് ആനുപാതികമായി കൊണ്ട് പരസ്പരം അകന്ന് പോകുകയാണെന്ന് മനസ്സിലാക്കി. ആയതിനാൽ വിദൂരമായ ഭൂതകാലത്ത് ആ നക്ഷത്രങ്ങൾ തമ്മിൽ വളരെ അടുത്ത് ആയിരുന്നു. പൊതുവായി സ്വീകരിക്കപ്പെട്ട വീക്ഷണമനുസരിച്ച് നക്ഷത്ര മണ്ഡലങ്ങൾ (ഗാലക്സികൾ) ഉൾക്കൊള്ളുന്ന പദാർത്ഥം 15 ബില്ല്യൻ വർഷങ്ങൾക്ക് മുമ്പ് ഒരു സ്ഥലത്ത് സാന്ദ്രീകരിക്കപ്പെട്ടിരുന്നു എന്നാണ്. അത് അത്യധികം ചൂടുള്ളതും സാന്ദ്രതയേറിയതുമായിരുന്നു. പിന്നെ ബിഗ്ബാംങ്ങ് (മഹാവിസ്ഫോടനം) സംഭവിച്ചു. പദാർത്ഥം പൊട്ടിത്തെറിച്ച് ഛിന്നഭിന്നമായി, അവ പരസ്പരം പിൻവാങ്ങി ഇവയിൽ നിന്ന് ക്ഷീര പഥങ്ങളും നക്ഷത്രങ്ങളുമുണ്ടായി. 1965 ൽ പെൻറോസും വിൽസണും മൂന്ന് ഡിഗ്രി കെൽവിൽ താപത്തിൽ ബ്ലാക്ക് ബോർഡിലുണ്ടാകുന്ന റേഡിയേഷന് തുല്യമായ റേഡിയേഷൻ കണ്ടുപിടിച്ചു. അത് ഈ വീക്ഷണത്തിന്ന് പിന്തുണയേകി.

ഡെലാവാർ യൂണിവേഴ്സിറ്റിയിലെ അമേരിക്കൻ ശാസ്ത്രജ്ഞനായ ഡോ. ഹാരി എൽ ഷിപ്പ്മാൻ തന്റെ Black Holes, Quarks, and Univers എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ ഉപസംഹരിക്കുന്നു:

ബിഗ് ബാങ്ങ് സിദ്ധാന്തം മറുപടിപറയത്തക്ക ഒരു ചോദ്യം അവശേഷിപ്പിക്കുന്നു. ബിഗ് ബാങ്ങ് സ്ഫോടനത്തിന്നാധാരമായ പദാർത്ഥം ആരാണ് സൃഷ്ടിച്ചത്? ഈ ചോദ്യത്തിന്ന് ജ്യോതിശാസ്ത്രജ്ഞന്റെ പക്കൽ മറുപടിയില്ല. പ്രപഞ്ചപരിണാമത്തിന്റെ ആദ്യനിമിഷങ്ങളിലേക്ക് നമുക്കൊന്ന് തിരിഞ്ഞു നോക്കാം, പക്ഷേ നമ്മുടെ കാഴ്ച്ച അവിടെ നിൽക്കുന്നു. സൃഷ്ടിപ്പിന്റെ പ്രശ്നം തത്വജ്ഞാനിയുടെയും ദൈവ ശാസ്ത്രജ്ഞ പണ്ഡിതന്റെയും മുന്നിൽ വിട്ടേച്ചു കൊണ്ടാണ് ഈ ഗ്രന്ഥം അവസാനിപ്പിക്കുന്നത്. (Black Holes, Quarks, and UniversBy Harry L. Shipman, Houhton Miffin Co, Boston USA)

വിശുദ്ധ ഖുർആൻ വളരെ ഫലപ്രദമയി സൃഷ്ടിപ്പിനെ പരാമർശിച്ചു കൊണ്ട് ദൈവാസ്തിക്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

***'അവിശ്വാസികൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടിപ്പിടിച്ചതായിരുന്നു, പിന്നെ നാം അവയെ വേർപെടുത്തുകയും ജീവനുള്ള എല്ലാ വസ്തുക്കളെയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ?'(വി. ഖുർആൻ 21: 31)***

(ഈ ഖുർആൻ സൂക്തത്തിന്റെ മികവുറ്റ ഒരു വ്യാഖ്യാനത്തിന്ന് മോൺസിയർ മോറിസ് ബുക്കായിൻ എഴുതിയ The Bible The Quran and Science 1980 നോക്കുക.)

ഭൗതിക ശാസ്ത്രത്തിലെ

വളരെ പ്രധാനപ്പെട്ട ഒരു തത്വത്തിൽ നിന്ന് അതായത് എൻട്രോപ്പി നിയമത്തിൽ നിന്ന് മനസ്സിലായിട്ടുള്ളത് പ്രപഞ്ചം നിത്യമായി അസ്തിത്വമുള്ളതായിരുന്നില്ല എന്നുള്ളതായിരുന്നു. ഈ തത്വമനുസരിച്ച് ചുടുള്ളതും തണുത്തതുമായ വസ്തുക്കൾ തമ്മിൽ ബന്ധപ്പെടുമ്പോൾ ചൂടുള്ള വസ്തുക്കളിൽ നിന്നും ഊർജ്ജം തണുത്ത വസ്തുക്കളിലേക്കാണ് പ്രേഷണം ചെയ്യപ്പെടുക. താപം പ്രപഞ്ചത്തിലെല്ലായിടത്തും ഒരേ വിധത്തിലാവുന്നതു വരെ ഈ താപ വിനിമയം നടക്കും. ഒടുവിൽ താപം എല്ലായിടത്തും ഏകതാനമായിക്കഴിഞ്ഞാൽ ഉപയോഗയുക്തമായ ഊർജ്ജം ഉണ്ടാവില്ല. അതിനാൽ ജീവൻ തന്നെ നിലനിൽക്കില്ല. ശാസ്ത്രീയമായ അറിവിൽ പ്രത്യേകം താൽപര്യമുണ്ടായിരുന്നു അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) തന്റെ Revelation Rationality Knowlegde and Truth എന്ന ഗ്രന്ഥത്തിൽ എൻട്രോപ്പി നിയമത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.

നാം വസിക്കുന്ന ഈ പ്രപഞ്ചം അതിന്റെ ഭുതകാലവുമായോ ഭാവികാലവുമായോ ബന്ധപ്പെടുത്തുമ്പോൾ അത് ഒരിക്കലും അനശ്വരമല്ല എന്ന് ഗണിതശാസ്ത്രപരമായി തെളിയിക്കാൻ സാധിക്കും. ഈ വസ്തുത കൂടുതൽ വിശദീകരിക്കാൻ ഭൗതിക ശാസ്ത്രത്തിലെ എൻട്രോപി എന്ന സാങ്കേതിക പദത്തിന്റെ ശാസ്ത്രീയമായ നിർവ്വചനം വിശദീകരിക്കേണ്ടതുണ്ട്.

എൻട്രോപ്പിയെ വിശദീകരിച്ച് കൊണ്ട് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) എഴുതുന്നു:

ലളിതമായി പറയുകയാണെങ്കിൽ എൻട്രോപി എന്നാൽ ഏത് രൂപത്തിൽ നിലകൊള്ളുന്ന ഭൗതിക പ്രപഞ്ചവും അതിന്റെ ദ്രവ്യത്തിന്റെ അതിസൂക്ഷ്മമായ ഒരു ഭാഗം ഊർജ്ജ രുപത്തിൽ നഷ്ടപ്പെടുന്നു എന്നാണ് അർത്ഥമാക്കുന്നത്. ഈ വിമോചിത ഊർജ്ജം (Escaped Energy) ഒരിക്കലും വീണ്ടെടുക്കാൻ കഴിയാത്ത വിധം നഷ്ടപ്പെടുന്നു.

എല്ലാ വസ്തുക്കളും ചില നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി പ്രതി പ്രവർത്തിക്കുന്നു. ഇതിന്റെ ഏറ്റവും ലളിതമായ ഉദാഹരണമാണ് ഹൈഡ്രജൻ, ഓക്സിജൻ എന്നീ മൂലകങ്ങൾ പരസ്പരം പ്രതിപ്രവർത്തിച്ചു കൊണ്ട് ജലം നിർമ്മിക്കപ്പെടുന്നു എന്നത്. ആ നിർമ്മാണ പ്രവർത്തനത്തിൽ ഉപയോഗിക്കപ്പെടുന്ന ഉർജ്ജത്തിന്റെ ഒരു നിശ്ചിത ഭാഗം സ്വതന്ത്രമാക്കപ്പെടുന്നു.

ഓക്സിജൻ നിറച്ച ഒരു ജാറിൽ ഒരു ജെറ്റ് റ്റ്യൂബ് ഉപയോഗിച്ച് ഹൈഡ്രജൻ കടത്തിവിട്ട് കത്തിക്കുക. ഓക്സിജൻ തീരുന്നത് വരെ ആ ജാർ കത്തുന്നതാണ്. ഈ പ്രതിപ്രവർത്തനങ്ങളുടെ ഫലമായി ഓക്സിജനും ഹൈഡ്രജനും സംശ്ലേഷിച്ച് ജാറിൽ ജലം ശേഖരിക്കപ്പെടുന്നു. ഈ രാസ പ്രവർത്തനം നടക്കുമ്പോൾ നിശ്ചിത അളവ് ഊർജ്ജം പുറത്തേക്ക് വരുന്നു. ജലത്തെ വീണ്ടും ഹൈഡ്രജനും ഓക്സിജനുമായി വിശ്ലേഷിപ്പിക്കണമെങ്കിൽ ജലത്തിന്റെ വിശ്ലേഷണാവസരത്തിൽ പുറത്തേക്ക് വിട്ട അത്ര ഊർജ്ജം രണ്ടാമതും പുനർവിതരണം നടത്തിയാൽ മതി.... വിമോചിക്കപ്പെടുന്ന ഊർജ്ജത്തിന്റെ ദുർഗ്രാഹ്യമായ ഗണിതഭാഷ ഒരാൾക്ക് മനസ്സിലായാലും ഇല്ലെങ്കിലും ശരി വീണ്ടെടുക്കാൻ കഴിയാത്ത വിധം എന്തോ ഒന്ന് പ്രപഞ്ചത്തിൽ നിന്ന് നിരന്തരമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് ഒരാൾക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും. ആ നഷ്ടപ്പെടുന്ന ഊർജ്ജം പ്രപഞ്ചത്തിലെ ദ്രവ്യത്തോട് ഒരിക്കലും കൂട്ടിച്ചേർക്കപ്പെടുന്നില്ല.(Revelation Rationality Knowlegde and Truth. Islam International Publication Ltd. 1998 p. 317-19)

അങ്ങനെ അനന്ത പ്രപഞ്ചം എന്നത് ഒരു അസംഭവ്യതയാണ്. എന്തെന്നാൽ ഊർജ്ജം നഷ്ടപ്പെട്ടു കൊണ്ട് അത് നിരന്തരം നശിച്ചു കൊണ്ടിരിക്കുകയാണ്. അത് ചൂണ്ടിക്കാണിക്കപ്പെടുന്നത് ഒരിക്കൽ പ്രപഞ്ചം നശിക്കുമെന്ന് തന്നെയാണ്. അത് അനന്തമല്ലെങ്കിൽ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് തന്നെയായി രിക്കണം. (സാന്ദർഭികമായി അതിനെക്കുറിച്ച് പിന്നീട് ചർച്ച ചെയ്യാം)

അതേ പ്രകാരം എൻട്രേപ്പി നിയമം അഥവാ പ്രപഞ്ചത്തിന്റെ ബിഗ് ബാംങ്ങ് ഉൽപ്പത്തി എന്നിവയിലേക്ക് ശ്രദ്ധക്ഷണിച്ചു കൊണ്ട് സാൻ ഫ്രാൻസിസ്കോ സർവ്വകലാശാലയിലെ ജന്തുശാസ്ത്ര പ്രൊഫസറായ എഡ്വിൻ ലുതർ കെസ്സർ നടത്തിയ ഉജ്ജ്വലമായ പ്രസ്താവന നോക്കൂ:

തങ്ങളുടെ സ്വന്തം ഗവേഷണ ഫലങ്ങൾ മൂല്യ നിർണ്ണയം ചെയ്യുന്ന അതേ നിഷ്പ്പക്ഷതയോടും സത്യസന്ധതയോടും ഇപ്പോൾ വിവരിക്കപ്പെട്ട ശാസ്ത്രീയ തെളിവുകളെ എല്ലാ ശാസ്ത്രകാരന്മാരും പരിഗണിക്കുകയാണെങ്കിൽ തങ്ങളുടെ വികാരങ്ങളെ ബുദ്ധിശക്തിക്ക് കീഴ്പ്പെടുത്തുകയാണെങ്കിൽ ദൈവമുണ്ടെന്നകാര്യം അംഗീകരിക്കാൻ അവർ നിർബന്ധിതരാവും. യഥാർത്ഥ്യത്തിന്ന് യോജിച്ച ഒരേയൊരു നിഗമനം ഇതാണ്. തുറന്ന മനസ്സോടെ ശാസ്ത്രം പഠിക്കുകയാണെങ്കിൽ ആദ്യ കാരണത്തിന്റെ ആവശ്യകതയിലേക്ക് അത് നമ്മെ എത്തിക്കും. അതിനെ നമുക്ക് ദൈവം എന്ന് വിളിക്കാം. (Evidence p. 52)

(തുടരും)

www.alislam.org

സെക്കുലരിസം 2

# വിശുദ്ധ റോമാ സാമ്രാജ്യം മുതൽ വെസ്റ്റ് ഫാലിയൻ കരാർ വരെ

സെക്കുലർ സങ്കൽപ്പങ്ങളും ഇസ്‌ലാമുമായുള്ള ബന്ധം സമഗ്രമായി വിശകലനം ചെയ്യുന്ന ലേഖന പരമ്പര.

**എ. എം. മുഹമ്മദ് സലീം**

കോൺസ്റ്റന്റെയിൻ ചക്രവർത്തിയുടെ (324 - 337) കാലത്ത് റോമിന്റെ ആസ്ഥാനം ബൈസാന്റിയം സാമ്രാജ്യം എന്ന പേരോടെ കിഴക്കോട്ടേക്ക് നീങ്ങുകയും ക്രിസ്തു മതം അതിന്റെ ഔദ്യോഗിക മതമായി സ്വീകരിക്കുകയും ചെയ്തിരുന്നു. പടിഞ്ഞാറെ റോം അതിന്റെ ഒരു പ്രോവിൻസായി മാറുകയും ചെയ്തു. പടിഞ്ഞാറും കിഴക്കുമായി പരന്നുകിടന്നിരുന്ന കിഴക്കൻ റോമാ സാമ്രാജ്യത്തിനുള്ളിൽ ക്രിസ്തു സഭ, റോമാ, അലക്സാണ്ഡ്രിയ, അന്തിയോക്യാ, കോൺസ്റ്റാന്റിനോപ്പിൾ, ജെറുസലേം എന്നീ 5 പാത്രിയാർക്കേറ്റുകളായി പഴയ റോമൻ റിപ്പബ്ലിക്കിന്റെ ഭരണ മാതൃകയിൽ വിഭജിക്കപ്പെടുകയുണ്ടായി. ഇതിനകം ക്രിസ്തു സഭകൾ റോമൻ ഗ്രീക്ക് പ്രാകൃതമതങ്ങളുടെ ആചാരങ്ങളും സിദ്ധാന്തങ്ങളും സ്വീകരിച്ച് റോമൻ വത്ക്കരണത്തിന്ന് വിധേയമായി കഴിഞ്ഞിരുന്നു. ക്രിസ്തുവിന്റെ പ്രതിമകൾ നിർമ്മിച്ചുള്ള വണക്കവും പൂജയും സഭകളിൽ വ്യാപകമായി. ബെസാന്റിയം സാമ്രാജ്യത്തിന്റെ ആസ്ഥാനം മദ്ധ്യപൗരസ്ത്യ ദേശത്തായിരുന്നതിനാൽ ഇസ്ലാമിന്റെ ആവിർഭാവത്തിന് ശേഷം പതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ഇസ്‌ലാം മതം മുഖ്യമായും ഉയർത്തിപ്പിടിച്ച യഥാർത്ഥ സെമിറ്റിക്ക് പരമ്പര്യവും ഏകദൈവാരാധനയും പ്രതിമാപൂജയോടുള്ള എതിർപ്പും ബൈസാന്റിയം ക്രിസ്ത്യൻ ചക്രവർത്തിമാരെയും സ്വാധീനിച്ചു. മാത്രമല്ല മോസസിന്റെ പത്ത് കൽപനകളിൽ വിഗ്രഹത്തെ വണങ്ങരുതെന്ന് പ്രത്യേകം കൽപനയുമുണ്ട്. ഇതിന്റെ ഫലമായി എട്ടാം നൂറ്റാണ്ടിൽ ലെയോ മൂന്നാമൻ ചക്രവർത്തിയുടെ (717–741) കാലത്ത് ആരംഭിച്ച വിഗ്രഹ ഭഞ്ജന പ്രസ്ഥാനം (Byzantine Iconoclasm) ക്രിസ്തു സഭക്കുള്ളിൽ വമ്പിച്ച ശുദ്ധീകരണത്തിനും കലാപത്തിനും തിരികൊളുത്തി. പ്രതിമകളും വിഗ്രഹങ്ങളും ആരാധനാലയങ്ങളിൽ നിരോധിക്കപ്പെടുകയും തച്ചുടക്കപ്പെടുകയും ചെയ്തു. വിഗ്രഹാരാധനയെ അനുകൂലിച്ചവരെ ബൈസാന്റിയം ചക്രവർത്തിമാർ ശിക്ഷിക്കുകയും പീഢിപ്പിക്കുകയുമുണ്ടായി. നിരവധിപേർ ചക്രവർത്തിയുടെ നേരിട്ട് ഭരണത്തിലുള്ള പ്രദേശങ്ങളിൽ നിന്നും റോമിൽ അഭയം തേടിയെത്തി. ഇത് സഭയും ഭൗതിക ഭരണകൂടവും തമ്മിലുള്ള സംഘർഷത്തിന്ന് തുടക്കമിട്ടിരുന്നു. ലെയോവിനെ തുടർന്ന് വന്ന കോൺസ്റ്റന്റയിൽ അഞ്ചാമനും വിഗ്രഹഭഞ്ജന പ്രസ്ഥാനം തുടർന്നു. റോമൻ സഭാ മേധാവിയായിരുന്ന പോപ്പ് യേശുവിന്റെ വിഗ്രഹം നിർമ്മിച്ചുള്ള വിഗ്രഹാരാധനയെ ശക്തമായി പിന്തുണക്കുകയാണുണ്ടായത്. വിഗ്രഹഭഞ്ജന പ്രസ്ഥാനത്തിന്റെ ഫലമായി ക്രിസ്ത്യൻ ചക്രവർത്തിമാരും ക്രിസ്തു സഭകളും ക്രമേണ അകലുകയുണ്ടായി. പ്രത്യേകിച്ച് റോം കിഴക്കൻ റോമാ എന്നറിയപ്പെടുന്ന ബൈസാന്റിയം സാമ്രാജ്യത്തിന്റെ പരിധിയിലാണെങ്കിലും ഭൂമിശാസ്ത്രപരമായി അകലെ പടിഞ്ഞാറുള്ള ഇറ്റലിയിലെ റോമാസഭയുമായി അകലാൻ തുടങ്ങി.

### പേപ്പൽ സ്റ്റേറ്റുകളുടെ ഉദയം

മനുഷ്യന്റെ സ്വതന്ത്ര ചിന്തയെ അടിച്ചമർത്തുകയും ശാസ്ത്ര പുരോഗതി തടഞ്ഞു നിർത്തുകയും ജീവിതം ദുസ്സഹമാക്കുകയും ചെയ്ത മതാധിഷ്ഠിതമായ പേപ്പൽ സ്റ്റേറ്റ് അഥവാ റിപ്പബ്ലിക്ക് ഓഫ് സെയ്ന്റ് പീറ്റർ (Republic of Saint Peter) എന്നറിയപ്പെടുന്ന ക്രിസ്ത്യൻ മതാധിഷ്ഠിത രാഷ്ട്രങ്ങളുടെ ഉദയത്തിന്ന് നിരവധി കാരണങ്ങളുണ്ടായിരുന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ഒരു ശാസനം വഴി ക്രൈസ്തവ സഭകൾക്ക് ഭൂസ്വത്ത് ഉടമാവകാശവും മജിസ്ട്രേറ്റ് അധികാരവും നൽകിയിരുന്നുവല്ലോ. അതോടെ സമ്പത്ത് സഭകളിൽ കുമിഞ്ഞു കൂടുകയും റോമാ നഗരത്തിന് തെക്കും വടക്കുമുള്ള സമുദ്ര തീര പ്രദേശങ്ങൾ സഭക്ക് കീഴിലാവുകയും ചെയ്തു. ഇതിന് പത്രോസ്




അപ്പോസ്തലന്റെ പൈതൃക സ്വത്ത് (Patrimony of Saint Peter) എന്നാണ് പറയുക. പുരാതന പശ്ചിമ റോമാ സാമ്രാജ്യം ക്ഷയിച്ചതോടെ ക്രിസ്തുമതം സ്വീകരിച്ച റോമാ സാമ്രാജ്യത്തിന്റെ ആസ്ഥാനം കിഴക്കോട്ടേക്ക് നീങ്ങി ബൈസാന്റിയം സാമ്രാജ്യം അഥവാ കിഴക്കൻ റോമാ സാമ്രാജ്യമായി പരിണമിച്ചു. പശ്ചിമ യൂറോപ്പ് ബൈസാന്റിയൻ സാമ്രാജ്യത്തിന്റെ കീഴിലാണെങ്കിലും സാമ്രാജ്യത്തി ന്റെ വിസ്തൃതി കാരണം മിക്ക രാഷ്ട്രീയ കാര്യങ്ങളും ക്രിസ്തു സഭയാണ് നിർവ്വഹിച്ചിരുന്നത്. തങ്ങളുടെ കിഴക്ക് ഭാഗത്തുള്ള അജയ്യരായ മുസ്ലിം മുന്നേറ്റത്തെ ചെറുക്കുവാൻ ബൈസാന്റിയം സാമ്രാജ്യം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വന്നതിനാൽ തങ്ങൾക്ക് കീഴിലുള്ള പടിഞ്ഞാറൻ രാജ്യങ്ങളുടെ സുരക്ഷയും മറ്റ് സാമ്പത്തികവും രാഷ്ട്രീയവും ഭരണപരവുമായ ആവശ്യങ്ങൾ നിറവേറ്റാൻ സാദ്ധ്യമല്ലാതെ വന്നു. ആ ശൂന്യത പലപ്പോഴും നികത്തി യത് റോമൻ ക്രിസ്തു സഭയായിരുന്നു. ലൊംബാർഡുകൾ എന്നറിയപ്പെടുന്ന ജർമൻ വംശജരായ ഒരു വർഗ്ഗം ഏ. ഡി 568 ൽ ഇറ്റലിയുടെ വടക്ക് ഭാഗത്ത് നിന്ന് ആക്രമണം ആരംഭിച്ചു. ഇറ്റലി ബൈസാന്റിയൻ സമ്രാജ്യത്തിന്റെ കീഴിലായിരുന്നുവെങ്കിലും ലൊംബാർഡുകളെ തടയാൻ ചക്രവർത്തിക്ക് കഴിഞ്ഞില്ല. ബൈസാന്റിയൻ ചക്രവർത്തിയിൽ നിന്നും സംരക്ഷണം ലഭിക്കില്ലെന്ന് ഉറപ്പായ ജനങ്ങൾ ഇറ്റലിയിലെ അന്നത്തെ മാർപ്പാപ്പ സമർത്ഥനായ ഗ്രിഗറി ഒന്നാമനെ (560–604) സമീപിച്ചു. മാർപ്പാപ ലൊംബാർഡുകളുമായി സഖ്യത്തിലേർപ്പെട്ട് ആക്രമണം താൽക്കാലികമായി തടഞ്ഞു. ഈ സംഭവം മാർപ്പാപ്പയുടെ ശക്തി ഇറ്റലിയിൽ പ്രബലപ്പെടാൻ കാരണമായി. ക്രമേണ ക്രിസ്തു സഭയുടെ സ്വാധീനം ഭരണ സാമ്പത്തിക രാഷ്ട്രീയ കാര്യങ്ങളിൽ കൂടിവന്നു. ഇതിനകം പുരാതന റോമിലെ പേഗൻ (പ്രാകൃത) മതം സ്വാംശീകരിച്ച ക്രിസ്തു മതത്തിൽ ആചാരാനുഷ്ഠാനങ്ങൾ നടത്താൻ ക്രമേണ പുരോഹിതന്മാരുടെ ഒരു ശ്രേണിയും രൂപപ്പെട്ടു. 8,9 നൂറ്റാണ്ടുകളിൽ ബൈസാന്റിയൻ ചക്രവർത്തിമാർ ആഞ്ഞടിച്ച വിഗ്രഹ ഭഞ്ജന പ്രസ്ഥാനത്തിന് റോമൻ ക്രിസ്തു സഭ വിധേയമായി. തുല്യാധികാരങ്ങളുള്ള 5 പാത്രിയാർക്കേറ്റുകളായി സഭ വിഭജിക്കപ്പെട്ടിരുന്നുവെങ്കിലും പടിഞ്ഞാറുള്ള റോമിന് ക്രമേണ പ്രാധാന്യം കൂടിവരികയാണുണ്ടായത്. പിതാവ് എന്ന് അർത്ഥം വരുന്ന പോപ്പ് എന്ന സ്ഥാനപ്പേര് എല്ലാ സഭകളിലേയും മെത്രാന്മാർക്ക് ഉപയോഗിച്ചിരുന്നു. പിന്നീട് അത് റോമൻ സഭയുടെ നേതാവിന് മാത്രം ഉപയോഗിക്കുന്ന സ്ഥാനപ്പേരായി തീർന്നു. പശ്ചിമ റോമാ ചക്രവർത്തിയില്ലാത്ത വിടവ് റോമാ ക്രിസ്തു സഭ നികത്തുകയായിരുന്നു.

## വിശുദ്ധ റോമാ സാമ്രാജ്യം

പശ്ചിമ റോമാ സാമ്രാജ്യം നശിക്കുകയും കിഴക്കൻ റോമാ സാമ്രാജ്യത്തിന്ന് യൂറോപ്പിൽ പ്രാബല്യം ക്ഷയിക്കുകയും ചെയ്ത അവസരത്തിലാണ് വിശുദ്ധ റോമാ സാമ്രാജ്യം എന്ന ഒരു രാഷ്ട്രീയാസ്തിത്വം മദ്ധ്യകാല യൂറോപ്പിൽ ഉടലെടുക്കുന്നത്. ശക്തനായ ഷാർലമെയ്ൻ (714– 814)ഇപ്പോൾ ഫ്രാൻസ് ഉൾപ്പെട്ട പ്രദേശവും ജർമ്മനിയുടെ ഒരു ഭാഗവും ചേർന്ന മദ്ധ്യയൂറോപ്പിൽ ഫ്രാങ്ക് എന്നറിയപ്പെട്ട രാജ്യത്തെ രാജാവായിരുന്നു. അരോഗ ദൃഢഗാത്രനും സമർത്ഥനും യുദ്ധ വീരനുമായിരുന്ന ക്രിസ്ത്യൻ രാജാവ് എന്നാണ് ഷാർലമെയ്ൻ വിശേഷിപ്പിക്കപ്പെടുന്നത്. വാസ്തവത്തിൽ ഇദ്ദേഹമാണ് യൂറോപ്പിൽ ക്രിസ്തു സഭയെ ഒരു വൻ ശക്തിയായി ഉയർത്തിയത്. അതിന്ന് കാരണം പേപ്പസിയുമായും പേപ്പൽ സ്റ്റേറ്റുമായും ഷാർലമെയ്നിന്നുണ്ടായിരുന്ന ബന്ധമാണ്. ഇറ്റലിയിലെ പോപ്പ് ലിയോ മൂന്നാമനെ ശത്രുക്കൾ റോമാ നഗരത്തിൽ നിന്ന് തുരത്തിയോടിച്ചു. വ്യഭിചാരവും മറ്റുപല

കുറ്റങ്ങളും ആരോപിക്കപ്പെട്ട പോപ്പ് ലിയോ ജനങ്ങളുടെ വെറുക്കപ്പെട്ട പോപ്പു കൂടിയായിരുന്നു. അദ്ദേഹം ഷാർലമെയ്ന്റെ സഹായം അഭ്യർത്ഥിച്ചു. ഷാർലമെയ്ൻ ശത്രുക്കളെ ക്രൂരമായി കൂട്ടക്കൊലചെയ്യുകയും ജനങ്ങളെ നിർബന്ധപൂർവ്വം ക്രിസ്ത്യാനികളാക്കുകയും ചെയ്തു. പോപ്പിന്റെ ശത്രുക്കളെ തോൽപ്പിച്ച് പോപ്പിനെ ഇറ്റലിയിൽ വീണ്ടും വാഴിക്കുകയും ചെയ്തു. ഇതിന് പ്രത്യുപകാരമായി സെന്റ്പീറ്റേഴ്സ് പള്ളിയിൽ ഒരു ക്രിസ്മസ് ദിനത്തിൽ ഷാർലമെയ്ൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ തനിക്ക് പോപ്പ് പദവി വീണ്ടെടുത്ത് തന്ന ഷാർലമെയ്ന്റെ ശിരസ്സിൽ കൃതജ്ഞനായ പോപ്പ് കിരീടം ചാർത്തി അദ്ദേഹത്തെ വിശുദ്ധ റോമാ ചക്രവർത്തിയായി പ്രഖ്യാപിച്ചു. ഈ കിരീടാഭിഷേകം രാജാവിന് മേൽ മതപൗരോഹിത്യത്തിന്റെ അവകാശ കോയ്മയായി പിന്നീട് ചിത്രീകരിക്കപ്പെടുകയും രാജാവിന്റെ അധികാരം ദൈവദത്തമായി തീരണമെങ്കിൽ പുരോഹിതന്റെ കാർമികത്വം വേണമെന്നുമുള്ള സങ്കൽപ്പം വളർന്നു വരികയും ചെയ്തു. ഫ്രഞ്ച് ചിന്തകനായ വോൾട്ടയർ വിശുദ്ധ റോമാ സാമ്രാജ്യത്തെ കുറിച്ച് പറഞ്ഞത് അതിൽ വിശുദ്ധവും ഇല്ല റോമുമില്ല എന്നാണ്. വിശുദ്ധ റോമാ സാമ്രാജ്യവും പോപ്പ് ഭരണവും കൂടി ഒന്നിച്ചും വേർതിരിഞ്ഞും യൂറോപ്പിലെ സ്വതന്ത്ര പുരോഗമന ചിന്തയെ മത വിരുദ്ധമെന്ന് മുദ്രകുത്തി മനുഷ്യ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുകയാണുണ്ടായത്. പിന്നീട് ആയിരം വർഷക്കാലം വിശുദ്ധ റോമാ സാമ്രാജ്യവും പേപ്പസിയും തമ്മിൽ യോജിച്ചും വിയോജിച്ചുമുള്ള സംഘർഷഭരിതമായ ചരിത്രം സെക്കുലരിസത്തിന്റെ ചരിത്രം കൂടിയാണ്.

പോപ്പാണോ ഭൗതിക ഭരണമുള്ള ചക്രവർത്തിയാണോ യൂറോപ്പിനെ അടക്കി ഭരിക്കേണ്ടത് എന്നതായിരുന്നു ഈ സംഘർഷങ്ങളുടെ കാതലായ ഉള്ളടക്കം. ഇത് മനുഷ്യ പുരോഗതി സ്വതന്ത്ര ചിന്തക്കുമേൽപ്പിച്ച ആഘാതം വമ്പിച്ചതായിരുന്നു. മദ്ധ്യകാലഘട്ടത്തിൽ പോപ്പും ചക്രവർത്തിയും തമ്മിലുള്ള ഈ ബന്ധം അധികാര പരിധിയുടെ അവകാശവാദങ്ങൾ കൊണ്ട് ശബ്ദമുഖരിതമായിരുന്നു. അദ്ധ്യാത്മിക മേധാവി പോപ്പും രാഷ്ട്രീയ മേധാവി ചക്രവർത്തിയുമായാണ് ഗണിക്കപ്പെട്ടിരുന്നത്. ഈ രണ്ടു കൂട്ടരുടേയും അധികാര പരിധി കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ എ.ഡി 1075 മുതൽ വ്യക്തമായ അധികാര തർക്കങ്ങൾ ആരംഭിച്ചു. പുതുതായി നിയമിക്കപ്പെടുന്ന പുരോഹിതന്മാർക്ക് ആദ്ധ്യാത്മിക ചിഹ്നങ്ങളായ അംഗുലിയും ദണ്ഡും നൽകുന്നത് രാജാക്കന്മാരായിരുന്നു ഇതിനെ അവരോധിക്കൽ അഥവാ ഇൻവെസ്റ്റിറ്റൂർ (Investitude) ചടങ്ങ് എന്നാണ് അറിയപ്പെടുന്നത്. ഇത് ശക്ത പ്രഭാവവാനായ പോപ്പ് ഗ്രിഗറി നിരോധിച്ചു. മതപുരോഹിതന്മാർ രാജാക്കന്മാർക്ക് വിധേയരാവാൻ ഇടവരുമെന്നായിരുന്നു പോപ്പിന്റെ വാദം. അന്നത്തെ രാജാവായിരുന്ന ഹെൻട്രി അതിനെ എതിർത്തു. മറ്റു രാജാക്കന്മാരും പോപ്പിന്റെ ഈ നിരോധനത്തെ എതിർത്തു. തുടർന്ന് ചക്രവർത്തിക്ക് സഭയിൽ നിന്ന് ഭ്രഷ്ട് കൽപ്പിച്ചു. പോപ്പ് ഒരു കപട സന്യാസിയാണെന്ന പ്രഖ്യാപനമായിരുന്നു ഇതിന് ഹെൻട്രിയുടെ മറുപടി. തൽക്കാലിക തോൽവി ഹെൻട്രിക്കായിരുന്നു. യൂറോപ്പിൽ സഭക്ക് അളവറ്റ ഭൂസ്വത്തുക്കളുണ്ടായിരുന്നു. അത് കൊണ്ട് രാജാക്കന്മാർക്കെതിരെ ഫ്യൂഡൽ പ്രഭുക്കന്മാരെ പോലെ എതിർക്കാൻ സഭാമതാധികാരികൾക്ക് കഴിഞ്ഞു. ഏകദേശം നാനൂറ് കൊല്ലക്കാലം ഈ വിവാദം സജീവമായും നിർജീവമായും തുടർന്നു. അവസാനം അദ്ധ്യാത്മിക ശക്തിയായ ക്രിസ്തു സഭക്കായിരുന്നു യൂറോപ്പിൽ തളർച്ച നേരിട്ടത്. വിദേശിയായ പോപ്പിന്ന് തങ്ങളുടെ രാജ്യത്ത് അമിതമായ അധികാരം വേണ്ട എന്ന ബോധം പല യൂറോപ്യൻ രാജ്യങ്ങളിലും വളർന്നുവന്നു. തുടർന്ന് യൂറോപ്പിൽ ദേശീയ വാദം ശക്തിപ്പെടുകയുമാണ് ചെയ്തത്.

ക്രിസ്തു സഭക്ക് മേധാവിത്വമുണ്ടായിരുന്ന മതകീയ യൂറോപ്പിൽ സ്വതന്ത്ര പുരോഗമന ചിന്തയെ മത വിരുദ്ധമെന്ന് മുദ്രകുത്തി ചരിത്രത്തെ കിടിലം കൊള്ളിച്ചുകൊണ്ടുള്ള പീഡനങ്ങളുടെ പരമ്പരയും അരങ്ങേറുകയുണ്ടായി. അതിന്ന് കണ്ടെത്തിയ ഒരു സ്ഥാപനമായിരുന്നു ഇൻക്വിസിഷൻ കോടതികൾ. ഇറ്റലി, സ്പെയിൻ, ഫ്രാൻസ് എന്നിവിടങ്ങളിൽ 12 ഉം 14 നൂറ്റാണ്ടുകൾക്കിടയിൽ പ്രചരിച്ച ക്രൈസ്തവ വിമത പ്രസ്ഥാനങ്ങളായിരുന്ന കെതാറിസം (Catharism) വാൾഡെൻസിയാനിസം (Waldensianism) എന്നിവയെ അടിച്ചമർത്തനായിരുന്നു ഇൻക്വിസിഷൻ ആരംഭിച്ചത്. പിന്നീട് ക്രിസ്തീയ വേദ ശാസ്ത്രത്തിന്ന് വിപരീതമാണെന്ന് സഭക്ക് തോന്നിയതിനെയെല്ലാം ഇൻക്വിസിഷൻ കോടതിയിൽ വിചാരണ ചെയ്ത് നിഷ്ഠൂരമായി അടിച്ചമർത്തി. പ്രപഞ്ച വിജ്ഞാനീയത്തെ പറ്റി ബൈബിളിൽ പരാമർശിക്കപ്പെട്ട സങ്കൽപ്പങ്ങൾക്കപ്പുറത്തേക്ക് പോകാൻ ശാസ്ത്ര ചിന്തയെ അനുവദിച്ചില്ല. ആദിമ മനുഷ്യനെ പൊടുന്നനെ ദൈവം പൊടിമണ്ണ് കുഴച്ച് സൃഷ്ടിച്ച് സ്വർഗ്ഗത്തിൽ പാർപ്പിക്കുകയും അവിടെ നിന്നും ബഹിഷ്കൃതനായി ഭൂമിയിൽ പതിച്ച ആദി പിതാവ് ആദമിൽ നിന്നുമാണ് മനുഷ്യ വംശം പിറവി കൊണ്ടത് എന്ന സൃഷ്ടിവാദമായിരുന്നു മനുഷ്യന്റെ ആവിർഭാവത്തെ പറ്റിയുള്ള സഭാ വീക്ഷണം. മനുഷ്യപുത്രൻ അവതരിച്ച ഭൂമി കേന്ദ്രമാക്കിയാണ് സൂര്യൻ തിരിയുന്നത് എന്ന ഭൂകേന്ദ്രിത പ്രപഞ്ച സങ്കൽപ്പമായിരുന്നു സഭയുടേത്. ഇതിൽ നിന്നും വിഭിന്നമായ എല്ലാ വിജ്ഞാന സങ്കൽപ്പങ്ങളും വേദ വിപരീതമായിരുന്നു. അത്തരം സങ്കൽപ്പങ്ങളെല്ലാം ഇൻക്വിസിഷന്ന് വിധേയ

മാകുന്ന അപരാധങ്ങളായിരുന്നു. മറ്റു യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വിഭിന്നമായി സ്പെയിനിലും പോർച്ചുഗലിലും നടന്ന ഇൻക്വിസിഷനിൽ ധാരാളം മുസ്‌ലിംകളും യഹൂദികളും ഭയാനകമായ രീതിയിൽ ഇരയാക്കപ്പെട്ടു.

ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ പിതാവ് എന്ന് വിളിക്കപ്പെടുന്ന മഹാനായ ഗലീലിയോ ഗലീലീയെ ശിക്ഷിച്ചത് ഇറ്റലിയിലെ ഇൻക്വിസിഷൻ കോടതിയാണ്. 1610ൽ അദ്ദേഹം നിർമ്മിച്ച ടെലസ്കോപ്പിലൂടെയുള്ള വാന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ തന്റെ കണ്ടെത്തലുകൾ പ്രസിദ്ധീകരിക്കുകയും വ്യാഴത്തിന്റെ ഉപഗ്രഹങ്ങളെക്കുറിച്ച് അതിൽ പരാമർശിക്കുകയും ചെയ്തു. ഭൂമി ചലിക്കുന്നുവെന്നും വേലിയേറ്റങ്ങളും വേലിയിറക്കവും അതിന്റെ തെളിവാണെന്നും അദ്ദേഹം വാദിച്ചു. കോപ്പർ നിക്കസിന്റെ സൂര്യകേന്ദ്ര സിദ്ധാന്തത്തെ അദ്ദേഹം അംഗീകരിക്കുകയും ചെയ്തു. ഇതെല്ലാം അക്കാലത്ത് വെച്ചു പുലർത്താൻ പാടില്ലാത്ത വേദ വിപരീതങ്ങളായിരുന്നു. 1633ൽ റോമൻ ഇൻക്വിസിഷൻ കോടതി ഗലീലിയോയെ വിചാരണ ചെയ്ത് അദ്ദേഹത്തിൽ ദൈവനിന്ദ കണ്ടെത്തി കാരഗ്രഹത്തിലടച്ചു.1734ൽ ഇറ്റലിയിൽ ഫ്രഞ്ച് അധിനിവേശമുണ്ടായപ്പോൾ ഇറ്റലിയിൽ നിന്നും 3000 പെട്ടികളിലായി സൂക്ഷിച്ച 100000 ഇൻക്വിസിഷൻ രേഖകളുണ്ടായിരുന്നു. അത് ഫ്രാൻസിലേക്ക് കൊണ്ട് വരുകയാണുണ്ടായത്.

മഹനായ ഗലീലിയോവിനെ ഇൻക്വിസിഷന് വിധേയമാക്കിയത് ക്രിസ്തു സഭ ശാസ്ത്രത്തോട് ചെയ്ത ഏറ്റവും വലിയ പാതകമായി കണക്കാക്കപ്പെടുന്നു. ഇന്ന് സഭ ചെയ്തുപോയ തെറ്റിനെല്ലാം മാപ്പ് ചോദിക്കുകയാണ്. ഇന്ന് സഭ ആഗോള തലത്തിൽ മനുഷ്യ സേവനത്തിലും വിജ്ഞാന പ്രചാരണത്തിലും കർമ്മനിരതമായ പക്വതയാർന്ന ഒരു ആത്മീയ സ്ഥാപനമാണ്. ചരിത്രത്തിൽ കത്തോലിക്ക സഭ ചെയ്തു പോയ ഒരോ തെറ്റിന്നും ലോകത്തോട് മാപ്പപേക്ഷിച്ചു കൊണ്ടുള്ള മഹനീയ മാതൃക അഭിവന്ദ്യനായ പോപ്പ് ജോൺ പോൾ രണ്ടാമൻ കാഴ്ച്ച വെക്കുകയുണ്ടായി. ഗലീലിയോവിനെ കാരാഗൃഹത്തിലടച്ചതിന്ന്, ഭ്രൂണോയെ ചുട്ടുകൊന്നതിന്ന്, പ്രൊട്ടസ്റ്റന്റ് പരിഷ്ക്കരണ വാദികൾക്കെതിരെ യുദ്ധം നയിച്ചതിന്ന്, ആഫ്രിക്കൻ അടിമ വ്യാപാരത്തിൽ ഏർപ്പെട്ടതിന്ന്, സ്ത്രീ വിരുദ്ധ നിലപാടുകൾ സ്വീകരിച്ചതിന്ന്, ഹിറ്റ്ലർ യഹൂദർക്കെതിരെ ഹോളോക്കാസ്റ്റ് നടത്തുന്ന സന്ദർഭത്തിൽ സഭ മൗനം ദീക്ഷിച്ചതിന്ന് അങ്ങിനെ ചെയ്ത് പോയ എല്ലാ അപരാധങ്ങൾക്കും പോപ്പ് എണ്ണിയെണ്ണി ലോകത്തോട് മാപ്പ് പറഞ്ഞു. ലോക പ്രതാപത്തിന്റെ ഉന്നതിയിൽ വർത്തിക്കുന്ന കത്തോലിക്കാ സഭപോലെയുള്ള ഒരു സമുന്നത മതസ്ഥാപനം തെറ്റുകൾ ഏറ്റു പറഞ്ഞ് മാപ്പ് പറയുക എന്നത് ഏറ്റവും ആദരണീയവും മനുഷ്യ സമൂഹത്തെ വിമലീകരിക്കുന്നതുമാണ് ഒരു പ്രവർത്തിയായി ലോകം കാണും എന്നത് ശരിതന്നെ പക്ഷേ അധികാര ഭ്രമത്തതയുടെ നെറുകയിൽ മതം ചെയ്തുകൂട്ടിയ പാപങ്ങൾ മനുഷ്യരാശിക്ക് എക്കാലവും ഓർക്കാനുള്ള ചരിത്ര പാഠങ്ങളാണ്.

കത്തോലിക്കാ സഭയുടെ ഈ മതപരമായ അസഹിഷ്ണുതക്കെതിരെ 16-ാം നൂറ്റാണ്ടിലെ മാർട്ടിൻ ലൂഥർ കിംങ്ങിന്റെ പ്രൊട്ടസ്റ്റന്റ് നവീകരണ പ്രസ്ഥാനം ജർമ്മനി, ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട്, സ്കാന്റിനേവിയ, ബെൽജിയം, ഗ്രീസ് മുതലായ രാജ്യങ്ങളിൽ വ്യാപിച്ചു. യൂറോപ്പിലെ അപ്രമാദിത്യമുള്ള അധീശ മതശക്തിയായ കത്തോലിക്കാ സഭയെ അത് പിളർത്തി. പ്രൊട്ടസ്റ്റന്റ് കത്തോലിക്കാ രാജ്യങ്ങൾ തമ്മിൽ ആരംഭിച്ച മുപ്പത് വർഷത്തെ (1618-1648) യുദ്ധം 8 ദശലക്ഷം ക്രിസ്ത്യാനികളെയാണ് കൊന്നൊടുക്കിയത്. അവസാനം 1648 ലെ വെസ്റ്റ് ഫാലിയൻ കരാരിലൂടെയാണ് യുദ്ധം അവസാനിച്ചത്. വെസ്റ്റ് ഫാലിയാ കരാർ എന്നത് ജർമ്മനിയിലെ വെസ്റ്റ് ഫാലിഅയ് എന്ന് പ്രദേശത്തെ നഗരങ്ങളിൽ വെച്ച് ഒപ്പു വെച്ച കരാർ എന്ന നിലക്കാണ് ഈ ഉടമ്പടിക്ക് വെസ്റ്റ് ഫാലിയാ ഉടമ്പടി എന്ന പേര് വന്നത്. വളരെ സങ്കീർണ്ണവും സുദീർഘവുമായ ചർച്ചകളിലൂടെയാണ് ക്രിസ്തു സഭയുടെ ദ്രംഷ്ട്രങ്ങളിൽ അകപ്പെട്ട യൂറോപ്പിലെ സാമൂഹിക ജീവിതത്തിന് മോചനമുണ്ടായത്. യുദ്ധഭരിതമായ രാജ്യങ്ങളിൽ നിന്നുള്ള 109 പ്രതിനിധികളാണ് അവിടെ അന്ന് സമ്മേളിച്ചത്. സഭയുടെ മതാധിഷ്ഠിത ഭരണത്തിൽ നിന്നും തദ്ദേശീയമായ രാജ്യങ്ങൾക്ക് സ്വതന്ത്രമായ ഭരണം വേണമെന്നായിരുന്നു കരാറിലെ ഉള്ളടക്കം. ബൈസാന്റിയം സാമ്രാജ്യവും, വിശുദ്ധ റോമാ സാമ്രാജ്യത്തിലൂടെ കെട്ടിപടുത്ത കത്തോലിക്കാ സഭയും മദ്ധ്യകാല ഘട്ടത്തിൽ നടത്തിയ നിഷ്ഠൂരവും അപരിഷ്കൃതവും സംഹാരത്മകവുമായ മതാധിപത്യത്തിന്നെതിരെയുള്ള ആധുനിക സെക്കുലർ സ്റ്റേറ്റിന്റെ തുടക്കം കുറിച്ചത് ഈ വെസ്റ്റ് ഫാലിയൻ കരാറായിരുന്നു. അതോടെ ക്രിസ്തുസഭ അടക്കം ബാഹ്യശക്തിയിൽ നിന്നും മുക്തമായ ദേശീയ പരമാധികാരമുള്ള ദേശീയ രാഷ്ട്രങ്ങൾ നിലവിൽ വന്നു. പിന്നീട് യൂറോപ്പിൽ മതത്തിന്റെ പിടുത്തത്തിൽ നിന്നും രാഷ്ട്രങ്ങൾ പതുക്കെ വിമുക്തമാവാൻ തുടങ്ങി. **'രാജാവിന്റെ മതം, പ്രജയുടെ മതം' 'Cuius regio, eius religio'** (The religion of the ruler dictated the religion of the ruled) എന്നായിരുന്നു മതാധിഷ്ഠിത യൂറോപ്പിലെ നിയമം അത് മാറി രാജാവിന്റെ മതം പൗരന്റെ മതമായിരിക്കണമെന്നില്ല എന്ന സെക്കുലർ തത്വം അംഗീകരിക്കപ്പെട്ടു. (തുടരും)

ഭാഗം - 5

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### റൊട്ടിയുണ്ടാക്കാനുള്ള വിഫല ശ്രമവും എന്റെ ദുആയും

അലി ബഖ്ശ് സാഹിബ് തന്ന ക്വാർട്ടറിൽ ഞാൻ താമസമാരംഭിച്ചു. ഭക്ഷണത്തിന്റെ സമയമായപ്പോൾ ഒരു ദിവസം റൊട്ടിയുണ്ടാക്കാനുള്ള ഒരു ശ്രമം ഞാൻ നടത്തി നോക്കി. അതാകട്ടെ അമ്പേ പരാജയമായിരുന്നു. ആദ്യം റൊട്ടി വൃത്താകൃതിയിലാക്കാനുള്ള എളുപ്പ മാർഗമെന്താണെന്നു ഞാൻ ആലോചിച്ചു. റൊട്ടി വൃത്താകൃതിയിലല്ലെങ്കിൽ രുചിക്കുറവൊന്നുമുണ്ടാവുകയില്ലെന്ന കാര്യം ഓർത്തില്ല. ആ ശ്രമത്തിന്റെ ഭാഗമായി ആട്ടയിൽ വെള്ളം കൂടുതൽ ചേർത്തു മാവ് കൂടുതൽ അയഞ്ഞ രൂപത്തിൽ കുഴച്ചു. പിന്നീട് മറ്റൊരു പാത്രത്തിന്റെ സഹായത്തോടെ റൊട്ടി പരത്തി. തീ കത്തിച്ചു. തവയിൽ എണ്ണയൊന്നും പുരട്ടാതെ പരത്തിയ റൊട്ടി അതിൽ വച്ചു. അടിഭാഗം പകുതി വെന്തെന്നു തോന്നിയപ്പോൾ ചട്ടുകവും കത്തിയും മറ്റും ഉപയോഗിച്ചു അതു മറിച്ചിടാൻ ശ്രമിച്ചെങ്കിലും റൊട്ടി തവയിൽ പറ്റിപ്പിടിച്ചു നിന്നതല്ലാതെ അതു ഇളകി വന്നില്ല. കുറേ നേരം ആ ശ്രമം തുടരുമ്പോഴേക്കും റൊട്ടിയുടെ മുകൾഭാഗവും വെന്തു കരിഞ്ഞു. പല ശ്രമങ്ങൾ നടത്തിയെങ്കിലും റൊട്ടി തവയിൽ നിന്നും ഇളകാൻ കൂട്ടാക്കിയതേയില്ല. അവസാനം എല്ലാ ശ്രമങ്ങളും ഉപേക്ഷിച്ചു കൊണ്ട് ഞാൻ അടുക്കളയിൽ നിന്നു മുറ്റത്തേക്കിറങ്ങി. ആകാശത്തേക്കു മുഖമുയർത്തിക്കൊണ്ട് അല്ലാഹുവിനോടു ദുആ ചെയ്തു. എന്റെ നാഥാ എന്നെ പോലുള്ള കഴിവു കെട്ടവനെ ഇത്തരത്തിലുള്ള ജോലി ഏൽപിക്കുന്നതിലൂടെ നിന്റെ റിസ്ഖിനെ (ആഹാരം) നഷ്ടപ്പെടുത്തുകയും നശിപ്പിക്കലുമായിരിക്കും സംഭവിക്കുന്നത്.

പിന്നീട് കുളിച്ചൊരുങ്ങി വസ്ത്രങ്ങളൊക്കെ മാറി ഞാൻ ഹക്കീം അലി ഹുസൈൻ സാഹിബിന്റെ അടുക്കൽ ചെന്നു. ഹക്കീം സാഹിബ് എന്നെ കണ്ട ഉടനെ പറഞ്ഞു. നീ ഇവിടെ വന്നശേഷം എന്റെ അനുവാദമില്ലാതെ പോയി അല്ലേ? ഇത് ശിഷ്യന്മാർക്കു യോജിച്ചതല്ല. അതുകൊണ്ട് മേലിൽ ഭക്ഷണം എന്നോടൊപ്പം കഴിച്ചു ഇവിടെ തന്നെ താമസിച്ചാൽ മതി. ഇനി മറ്റുവല്ല സ്ഥലത്തുമാണു താമസിക്കാൻ നിനയ്ക്കു താൽപര്യമെങ്കിൽ താമസിച്ചോളൂ. എന്നാൽ ഭക്ഷണം എന്നോടൊപ്പം കഴിച്ചാൽ മതി. ഞാൻ ചില ഒഴികഴിവു പറഞ്ഞെങ്കിലും അവസാനം ഹക്കീം സാഹിബിന്റെ നിർദ്ദേശം സ്വീകരിച്ചു. റൊട്ടി ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ടു അൽപം മുമ്പു ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തതേയുള്ളൂ. എന്റെ പ്രശ്നത്തിനു അല്ലാഹു താൻതന്നെ പരിഹാരമുണ്ടാക്കി. ഹക്കീം സാഹിബ് എന്നോടു ചോദിച്ചു നീ എത്ര വരെ വൈദ്യം പഠിക്കുവാനാണ് ആഗ്രഹിക്കുന്നത്? ഞാൻ പറഞ്ഞു, അഫ്‌ലാത്തൂനോളം. അതായത് പ്ലാറ്റോ എന്ന യവന തത്വജ്ഞാനിയോളം. എനിക്കന്നു അഫ്‌ലാത്തൂൻ ഭിഷഗ്വരനാണോ തത്വജ്ഞാനിയാണോ എന്നൊന്നുമറിയില്ല. ഞാനങ്ങനെ പറഞ്ഞുവെന്നു മാത്രം. എന്റെ മറുപടി കേട്ട് അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു, എങ്കിൽ നീ എന്തായാലും കുറച്ചു പഠിക്കുക തന്നെ ചെയ്യും. നീ താഴെകിടയിലുള്ള വല്ലവരുടേയും പേരുപറഞ്ഞിരുന്നുവെങ്കിൽ എനിക്കു നിരാശയുണ്ടാകുമായിരുന്നു.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് വിവരിക്കുകയാണ്. ഹക്കീം അലി ഹുസൈൻ സാഹിബിന്റെ കീഴിൽ ഞാൻ രണ്ടു വർഷത്തോളം വൈദ്യവും മറ്റു ചിലതും അഭ്യസിച്ചു. ശേഷം ഔപചാരിക മായരീതിയിൽ തന്റെ യോഗ്യതാ പത്രം കരസ്ഥമാക്കി. പിന്നീട് അദ്ദേഹം, ഇനി എന്താണ് അടുത്ത ഉദ്ദേശ്യമെന്നു ചോദിച്ചപ്പോൾ ഇനി അറബിയും ഹദീസും തുടർന്നു പഠിക്കണമെന്നു ഞാൻ പറഞ്ഞു. അതിന്നായി മീററ്റിൽ ചെന്ന് ഹാഫിസ് അഹ്മദ് അലി സാഹിബി നേയും പിന്നീടു ഡൽഹിയിൽ ചെന്നു മൗലവി നദീർ ഹുസൈൻ സാഹിബിനേയും കാണുവാൻ അദ്ദേഹം ഉപദേശിച്ചു. മാത്രവുമല്ല ഇതിനു വേണ്ടി വരുന്ന ചെലവു കൾ മാസന്തോറും അയച്ചുതരാമെ ന്നും ഹക്കീം അലി സാഹിബ് വാഗ്ദാനവും ചെയ്തു.

അങ്ങനെ ഞാൻ മീററ്റിൽ ചെന്നു. പക്ഷേ, ഹാഫിസ് അഹ്മദ ലി സ്ഥലത്തില്ല എന്നു മനസ്സിലായ പ്പോൾ ഞാൻ നദീർ ഹുസൈൻ സാഹിബിനെ കാണുവാനായി ഡൽഹിക്കു പുറപ്പെട്ടു. ഡൽഹി യിൽ എത്തിയപ്പോഴാണു മൗലവി നദീർ ഹുസൈൻ സാഹിബ് ഒരു രാഷ്ട്രീയ അന്യായത്തിന്നു വിധേയനായി വിചാരണ നേരിടുക യാണെന്നറിഞ്ഞത്. അങ്ങനെ അദ്ദേഹത്തിന്റേയും ശിഷ്യനാകാൻ സാധിച്ചില്ല. അതിൽ അല്ലാഹുവിന്റെ ഒരു തന്ത്രവും ഹിക്മത്തും ഉണ്ടായിരിക്കാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) വാദം പുറപ്പെടുവിക്കു മ്പോൾ മൗലവി സയ്യിദ് നദീർ ഹുസൈൻ നിഷേധികളിൽ ഒന്നാമനാകാനുള്ള വ്യക്തിയാണ്. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) ആണെങ്കിൽ ആ മസീഹിന്റെ ഒന്നാം ഖലീഫയായി തെരഞ്ഞെടുക്കപ്പെടാനുള്ള വ്യക്തി യും. ആ നിലയ്ക്കു മൗലവി സയ്യിദ് നദീർ ഹുസൈന്റെ ശിഷ്യനായി ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പഠിക്കുന്നതോ അറിയ പ്പെടുന്നതോ അല്ലാഹു ഇഷ്ടപ്പെട്ടില്ല എന്നു വേണം കരുതാൻ. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്, ഞാൻ പല തവണ സയ്യിദ് നദീർ ഹുസൈൻ സാഹിബിന്റെ ശിഷ്യ നായി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു പഠിക്കാൻ തീരുമാനിച്ച തായിരുന്നു. ഓരോ പ്രാവശ്യവും ഓരോ പ്രതിബന്ധങ്ങൾ കാരണം അതു സാധിച്ചില്ല. പിന്നീടാണു അല്ലാഹുവിന്റെ ഉദ്ദേശ്യവും അതിന്റെ ഹിക്മത്തും എനിക്കു മനസ്സിലായത്.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് തന്റെ വിദ്യാർത്ഥി കാലഘട്ടത്തിനു ശേഷം താൻ വളരെ വലിയ പണ്ഡിതനാണെന്നു മനസ്സിലാക്കു കയും ആ ഭാവം പ്രകടിപ്പിക്കുക യും ചെയ്തിരുന്ന പ്രസ്തുത മൗലവി സയ്യിദ് നദീർ ഹുസൈന്റെ അടുക്കൽ ഒരിക്കൽ ചെന്നിട്ടു പറഞ്ഞു, ഞാൻ വിദ്യാർഥിയായിരു ന്ന കാലത്ത് എനിക്കു താങ്കളുടെ ശിഷ്യനാകാൻ സാധിച്ചില്ല, എന്നിരുന്നാലും എന്റെ മൂന്നു ചോദ്യങ്ങൾക്കു താങ്കൾ ഉത്തരം നൽകുകയാണെങ്കിൽ ഞാൻ താങ്കളുടെ ശിഷ്യനാണെന്നു സ്വയം ധരിക്കുന്നതായിരിക്കും. അദ്ദേഹം പറഞ്ഞു ശരി ചോദിച്ചോളൂ. ഒന്നാമത്തെ ചോദ്യം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ഇതു വളരെ വഴക്കുംവാഗ്വാദവുമുണ്ടാക്കുന്ന ചോദ്യമാണ്. മാത്രവുമല്ല ഈ ചോദ്യം നിങ്ങളുടെ കാലഘട്ടവു മായി ബന്ധപ്പെട്ടതുകൊണ്ടു ഇതിനു ഉത്തരം നിങ്ങൾ തന്നെ പറയുകയാവും ഉചിതം. അടുത്ത ചോദ്യം ചോദിച്ചപ്പോഴും ഉത്തരം അതു തന്നെയായിരുന്നു. പക്ഷേ, മൂന്നാമത്തെ ചോദ്യം ചോദിച്ചപ്പോൾ അദ്ദേഹം തുറന്നു പറഞ്ഞു എനിക്കു ഈ ചോദ്യത്തിന്റെ ഉത്തരം അറിയില്ല.

## ആമീൻ ബിൽ ജഹർറും റഫ യദൈനും

മീററ്റിലും ഡൽഹിയിലും ഉദ്ദേശിച്ച രണ്ട് ഉസ്താദുമാരേയും കണ്ടെത്താനാകാത്തതു കൊണ്ട് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് ഭോപാലിലേക്ക് പോകാൻ തീരുമാനിച്ചു. ഭോപാൽ യാത്രാ മദ്ധ്യേ ഗ്വാളിയോറിൽ ഇറങ്ങി. അവിടെ സയ്യിദ് അഹ്മദ് സാഹിബ് ബറേൽവിയുടെ ശിക്ഷണത്തിൽ കഴിഞ്ഞിരുന്ന ഒരു സിദ്ധനുണ്ടായി രുന്നു. അദ്ദേഹത്തിന്റെ മഹനീയ വും ആരേയും ആകർഷിക്കുന്ന തുമായ സാന്നിദ്ധ്യത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് അവിടെ കുറച്ചു ദിവസം തങ്ങി. പിന്നീട് അഫ്ഗാൻ സ്വദേശിയായ മഹ്മൂദ് എന്നു പേരുള്ള ഒരു സുഹൃത്തിനോടൊന്നിച്ചു കാൽനട യായി ഗുന്ന കന്റോൾമെന്റ് എന്ന സ്ഥലത്തു വന്നു. ദീർഘദൂരം നടന്നതു കാരണം അദ്ദേഹം ആകെ ക്ഷീണിച്ചു തളർന്നുപോയി. കാലിൽ പൊക്കിളകൾ രൂപപ്പെടുകയും മുറിവുണ്ടാവുകയും ചെയ്തു. അൽപം പോലും നടക്കാൻ പറ്റാത്ത അവസ്ഥയായി. അങ്ങനെ അവിടെ ഒഴിഞ്ഞു കണ്ട ഒരുപള്ളിയിൽ അഭയം തേടി. രാത്രി കുറെയേറെ കഴിഞ്ഞപ്പോൾ ഒരാൾ നമസ്ക്കരി ക്കാൻ വന്നു. ഇത്രകണ്ടു വൈകി വന്നതിന്റെ കാരണം മൗലവി നൂറുദ്ദീൻ സാഹിബ് തിരക്കിയ പ്പോൾ അയാൾ പറഞ്ഞു, ഇവിടെ ഞങ്ങൾ കച്ചവടക്കാരായ ആളു കളാണു കൂടുതലും ഉള്ളത്. വളരെ ഐക്യത്തിലുമായിരുന്നു ഞങ്ങൾ കഴിഞ്ഞിരുന്നത്. പക്ഷേ, رفع يدين (റുക്കൂഅ്നു ശേഷം കൈ പൊക്കൽ), امین بالجہر (നമസ്ക്കാരത്തിൽ ഉച്ചത്തിൽ ആമീൻ ചൊല്ലുക) പോലുള്ള നിസ്സാരകാര്യങ്ങൾ നിർഭാഗ്യ വശാൽ ഞങ്ങൾക്കിടയിൽ തർക്ക വിഷയങ്ങളായി മാറി. അതു വലിയ അഭിപ്രായവ്യത്യാസങ്ങൾക്കും ഭിന്നിപ്പിന്നും കാരണമായി. അതോ ടെ പള്ളി കലഹങ്ങളുടെ വേദിയായി മാറി. അങ്ങനെ മതപരമായ കാര്യങ്ങളിൽ യാതൊരു താൽപര്യ വും കാണിക്കാത്ത ഞങ്ങളിൽ തന്നെയുള്ള ഒരു വ്യക്തി, മേലിൽ

എല്ലാവരും വീട്ടിൽ നമസ്ക്കരിച്ചാൽ മതിയെന്നും ഇനി ഈ പള്ളിയിൽ ആരും വരരുതെന്നും തീരുമാനമുണ്ടാക്കി. അതിനെ തുടർന്ന് ആരും പള്ളിയിൽ വരാതായി.

തുടർന്ന് അയാൾ പറഞ്ഞു, എന്നാൽ എനിക്ക് പള്ളി ഉപേക്ഷിക്കാനോ ഇവിടെ വരാതിരിക്കാനോ സാധിക്കുമായിരുന്നില്ല. അതിനാൽ ഞാൻ മറ്റുള്ളവരുടെ കണ്ണു വെട്ടിച്ച് ആരും പള്ളിയിൽ ഇല്ലാത്ത സമയം നോക്കി വരാൻ തുടങ്ങി. അങ്ങിനെയാണ് ഞാനിപ്പോൾ വന്നിരിക്കുന്നത്. അപ്പോൾ ഹക്കീം നൂറുദ്ദീൻ സാഹിബ് അയാളോടു ചോദിച്ചു, നാളെ നിങ്ങൾക്കു മറ്റെല്ലാവരേയും പള്ളിയിലേക്കു വിളിച്ചു കൊണ്ടുവരാൻ സാധിക്കുമോ? എങ്കിൽ എനിക്കവരോട് ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്. അദ്ദേഹം പറഞ്ഞു, സാധിക്കും. ഞാൻ നാളെ സാധിക്കുന്നവരെയെല്ലാം വിളിച്ചു കൊണ്ടുവരാം. പിന്നീടു നമസ്ക്കരിച്ച ശേഷം അയാൾ തിരിച്ചു പോയി. അൽപം കഴിഞ്ഞ് അയാൾ ഒരു പാത്രവുമായി വീണ്ടും തിരിച്ചു വന്നു. രണ്ടു പേരേയും സൽക്കരിക്കാനായി കിച്ചടിയുമായി വന്നതായിരുന്നു അയാൾ. കിച്ചടി ഹദ്റത്ത് നൂറുദ്ദീൻ സാഹിബും കൂടെയുള്ള സ്നേഹിതൻ അഫ്ഗാൻ സ്വദേശിയായ മഹ്മൂദും വയറ് നിറയെ കഴിച്ചു.

പറഞ്ഞതുപോലെ പിറ്റേ ദിവസം അയാൾ ആ ഭാഗത്തുള്ള ആളുകളേയും കൂട്ടി വന്നു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അവരെയെല്ലാം ഒന്നിച്ചിരുത്തി അല്ലാഹുവിന്റേയും അവന്റെ റസൂൽ മുസ്തഫാ (സ) ന്റെ പേരിൽ ഉപദേശിച്ചുകൊണ്ടു പറഞ്ഞു, നോക്കൂ നമ്മളെല്ലാം ഏകനായ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ആണ് നമ്മുടെ റസൂൽ. നമ്മളെല്ലാവരും വിശ്വസിക്കുന്നതും അനുസരിക്കുന്നതും ഒരു ഖുർആനെയാണ്. പരിശുദ്ധ മക്കയിലുള്ള കഅ്ബ തന്നെയാണു നമ്മൾ എല്ലാവരുടേയും ഖിബ്‌ല. മാത്രവുമല്ല എല്ലാവർക്കും നിർബന്ധമായിട്ടുള്ള കർമങ്ങളും ഒന്നുതന്നേയാണ്. എന്നിട്ടും നിസ്സാര കാര്യങ്ങൾ പറഞ്ഞു ഒഴിച്ചു കൂടാനാവാത്തതും മഹത്തായതുമായ കർമം അതായത് ജമാഅത്തോടുകൂടിയുള്ള നമസ്ക്കാരം നിങ്ങൾ ഉപേക്ഷിക്കുകയാണ്. അതുകൊണ്ട് അതുപാടില്ല. ഈ ഉപദേശവും ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ വ്യക്തിത്വവും അവരിൽ നല്ലഫലം ഉളവാക്കി. എല്ലാവരും തന്നെ നമസ്ക്കാരത്തിനായി വീണ്ടും പള്ളിയിൽ വരുമെന്നും നമസ്ക്കാരം ഉപേക്ഷിക്കുകയില്ലെന്നും സമ്മതിച്ചു. അങ്ങനെ അവർ വീണ്ടും പള്ളിയിൽ വരാനും ജമാഅത്തോടുകൂടിയുള്ള നമസ്ക്കാരം നിർവ്വഹിക്കാനും തുടങ്ങി.

## മഹ്മൂദിന്റെ തവക്കലും കോളറയുടെ ആക്രമണവും

ഏതാനും ദിവസങ്ങൾക്കു ശേഷം ഹദ്റത്ത് നൂറുദ്ദീൻ സാഹിബും അഫ്ഗാൻ സ്വദേശിയായ സ്നേഹിതൻ മഹ്മൂദും ഗുന്ന കന്ട്രോൾമെന്റിൽ നിന്നും ഭോപാലിലേക്കു യാത്ര പുറപ്പെട്ടു. മഹ്മൂദ് വളരെ സുമുഖനായ ഒരു ചെറുപ്പക്കാരനാണ്. ഇവിടേയും യാത്ര കാൽനട തന്നെയായിരുന്നു. അൽപദൂരം പിന്നിട്ടതേയുള്ളൂ, സ്ഥലത്തെ ഒരു ഭൂവുടമ അവരെ സമീപിച്ചുകൊണ്ടു പറഞ്ഞു, നിങ്ങൾ പോകുന്നതു കോളറ പിടിപെട്ട ഒരു പ്രദേശത്തേക്കാണ്. അവിടെ പോകരുത്. പകരം വേറൊരു വഴി കാണിച്ചുകൊണ്ട് ആ വഴി പോകാൻ അവരെ ഉപദേശിച്ചു. പക്ഷേ, കൂടെയുണ്ടായിരുന്ന മഹ്മൂദ് പിന്തിരിയാൻ കൂട്ടാക്കിയില്ല. അയാൾ അല്ലാഹുവിൽ വളരെ തവക്കുൽ ചെയ്യുന്ന ഒരാളാണ്. എന്നാൽ ഇക്കാലത്തെ മുസ്‌ലിം സമുഹത്തെ പോലെ മഹ്മൂദും തവക്കലിനു തെറ്റായ അർത്ഥം വെച്ചു പുലർത്തുന്ന ഒരാളായിരുന്നു. മഹ്മൂദ് പറഞ്ഞു ഈ കാര്യം വേറെ ആരും പറയുന്നതു കേട്ടില്ലല്ലോ. അതുകൊണ്ട് ഇതൊരു കള്ളപ്രചാരണമാകാൻ സാദ്ധ്യതയുണ്ട്. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് സ്ഥലം നിവാസിയായ ഭൂവുടമ പറഞ്ഞതനുസരിച്ചു മാറിപ്പോകാൻ ഉദ്ദേശിച്ചുവെങ്കിലും മഹ്മൂദ് സമ്മതിച്ചില്ല.

അങ്ങനെ രണ്ടുപേരും യാത്ര തുടർന്നു. കുറച്ചു മുന്നോട്ടുപോയതേയുള്ളൂ മഹ്മൂദിൽ കോളറയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. പിന്നീട് അയാൾക്ക് വയറ്റിളക്കമുണ്ടായി. അതോടെ അയാളുടെ സ്ഥിതി അതീവ ഗുരുതരമായി മാറി. യാത്ര തുടരാൻ സാധിക്കാത്തവിധം മഹ്മൂദ് വല്ലാതെ ക്ഷീണിതനായി. രണ്ടുപേരും അടുത്തുകണ്ട ഒരു ഗ്രാമത്തിൽ അഭയം തേടാൻ ശ്രമിച്ചുവെങ്കിലും ഗ്രാമവാസികൾ കോളറ പിടിപെട്ട മഹ്മൂദിന് അഭയം നൽകാൻ പറ്റില്ലെന്ന് തറപ്പിച്ചു പറഞ്ഞു. അങ്ങനെ രണ്ടുപേരും വഴിയിലുള്ള ഒരു പുളിമരച്ചോട്ടിൽ താൽക്കാലിക മറകെട്ടി താമസം തുടങ്ങി. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് മഹ്മൂദിന് പല മരുന്നുകളും ചികിത്സയും പരിചരണവും നൽകിയെങ്കിലും ഒന്നും തന്നെ ഫലിച്ചില്ല. രണ്ടു ദിവസങ്ങൾക്കു ശേഷം വീട്ടിൽ നിന്നും നാട്ടിൽ നിന്നും അകന്ന പരദേശിയായ പാവം മഹ്മൂദ് മരണപ്പെട്ടു. അതോടെ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് കൂടുതൽ പ്രതിസന്ധിയിലകപ്പെട്ടു.

രോഗിക്ക് അഭയവും സഹായവും നൽകാത്ത ഗ്രാമം കോളറ പിടിപെട്ടു മരണപ്പെട്ട മഹ്മൂദിനെ ഇവിടെ കബറടക്കം ചെയ്യാൻ സമ്മതിക്കുമോ? ആ കാര്യം ഗ്രാമമുഖ്യനുമായി സംസാരിച്ചു. ഖബർ കുഴിക്കാനും മറ്റു കാര്യങ്ങൾക്കുമായി അയാൾ ഭാരിച്ച തുക ആവശ്യപ്പെട്ടു. അതു നൽകിയപ്പോൾ മാത്രമാണു ഖബർ

കുഴിക്കാനും മറ്റുപണികൾക്കു മായി അയാൾ ആളെ ഏർപ്പാടാക്കിയത്. മഹ്മൂദിന്റെ മയ്യത്തു ഞങ്ങളാരും തന്നെ കൈ കൊണ്ടു തൊടുകയില്ലെന്നും തനിച്ചു ഖബറിൽ ഇറക്കേണമെന്നും അവർ നേരത്തെ തന്നെ ഹദ്റത്ത് മൗലവി സാഹിബിനെ ഓർമിപ്പിച്ചിരുന്നു. വിശ്രമമില്ലാതെ ഉറക്കമി ല്ലാതെ സ്നേഹിതനെ പരിചരിക്കലും അതോടൊപ്പം പലതരത്തിലുള്ള അലച്ചിലുകളും ബുദ്ധിമുട്ടും കാരണം ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് വല്ലാതെ ക്ഷീണിച്ചു പോയിട്ടുണ്ടായിരുന്നു. മാത്രവുമല്ല ഏറെക്കുറെ മുഴുപട്ടിണിയിലുമായിരുന്നു. അതുകാരണം ഖബർ തയ്യാറായപ്പോൾ മറ്റൊന്നും ആലോചിക്കാനുള്ള ശക്തിയോ ഓർമയോ അദ്ദേഹത്തിന്നുണ്ടായില്ല. സ്വന്തം കൈകൊണ്ടു മഹ്മൂദിനെ ഖബറിൽ ഇറക്കി. മണ്ണിട്ടു മൂടി. അതിനു ശേഷമാണു മയ്യത്ത് നമസ്ക്കരിക്കാത്ത കാര്യം ഓർമ വന്നത്. പിന്നീടു മയ്യത്ത് നമസ്ക്കരിച്ചു.

ആ ഗ്രാമത്തിൽ മുസ്ലിംകളുടെ ഒരൊറ്റ വീടു മാത്രമാണുണ്ടായിരുന്നത്. അതിൽ രണ്ട് സഹോദരന്മാരായിരുന്നു താമസിച്ചിരുന്നത്. ഒരാൾ ഗർജൻ, മറ്റെയാൾ അർജൻ. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് ഈ രണ്ടുപേരോടും പല പ്രാവശ്യം സഹായം അഭ്യർത്ഥിച്ചിരുന്നു. പക്ഷേ അവർ അൽപം പോലും ദയ കാണിച്ചില്ല. യാതൊരു സഹായവും ചെയ്തില്ല. എന്നാൽ അല്ലാഹു മുസബ്ബിബുൽ അസ്ബാബാണ്. കാര്യങ്ങളും ഹേതുവും ഉണ്ടാക്കുന്നവൻ അവനാണ്. അതിലൂടെ തന്റെ വരിഷ്ഠദാസരെ സഹായിക്കുന്നവനാണു അല്ലാഹു. അധികം താമസിയാതെ ആ ഗ്രാമത്തിലും കോളറയുടെ ആക്രമണമുണ്ടായി. ഗർജന്റെ ഏക മകനു കോളറ പിടിപെട്ടു. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് മഹ്മൂദിനെ ചികിത്സിക്കുന്നതും ശുശ്രൂഷിക്കുന്നതും അവരെല്ലാം കാണുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു. സ്വന്തം മകൻ അത്യാസന്നനിലയിലായപ്പോൾ അയാൾ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ അടുക്കൽ സഹായത്തിന്നായി ഓടി വന്നു.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനോട് വിനയപുരസ്സരം അയാൾ പറഞ്ഞു, ഞങ്ങളോടു പൊറുക്കണം. എന്റെ മകനു സുഖമില്ല. അത്യാസന്നനിലയിലാണുള്ളത്. അങ്ങു വന്നു അവനെ പരിശോധിക്കണം. ചികിത്സിക്കണം. താങ്കൾ പെട്ടെന്നു വന്നാലും. താങ്കൾക്കുള്ള ഭക്ഷണവും ഞങ്ങളവിടെ തയ്യാറാക്കിയിട്ടുണ്ട്. അല്ലാഹുവിന്റെ യഥാർഥ ദാസർക്ക് ആരോടും യാതൊരു പകയോവിദ്വേഷമോ ഉണ്ടാവുകയില്ല. അവരുടെ ജീവിതലക്ഷ്യം ഹുഖൂക്കുലാഹ് (അല്ലാഹുവിനോടുള്ള കടമ) യും ഹുഖൂക്കുൽ ഇബാദു (സമസൃഷ്ടികളോടുള്ള കടമ) മാണ്. ആരെകുറിച്ചും ഇവരെന്നെ സഹായിക്കാത്തവരാണെന്നു കരുതുകയോ അതിന്റെ പേരിൽ അവരോടു ദ്വേഷ്യമോ പകയോ കാണിക്കാനോ അവർക്കു സാധിക്കുകയില്ല. ആ പുണ്യാത്മാവ് ഒരു നിമിഷം പോലും വൈകാതെ അവരോടൊപ്പം ചെന്നു. രോഗിയെ പരിശോധിച്ചു. അവരുടെ വീട്ടിൽ അപ്പോൾ ലഭ്യമായ സാധനങ്ങൾ കൊണ്ടു നാലഞ്ചുതരം നാടൻ മരുന്നുകൾ പെട്ടെന്നു തന്നെ തയ്യാറാക്കി അയാളുടെ മകനു കഴിക്കാൻ നൽകി. വെളുത്തുള്ളി ചതച്ചരച്ച് അവന്റെ കൈകാലിലെ നഖങ്ങളിൽ വെച്ചുകെട്ടി. താമസിയാതെ തന്നെ രോഗി അപകടനില തരണം ചെയ്തു. പിന്നീട് സുഖം പ്രാപിച്ചു. അവന്റെ മാതാവ് സന്തോഷത്താൽ പല വിഭവങ്ങളും തയ്യാറാക്കി ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനെ സൽക്കരിച്ചു.

അപ്പോഴേക്കും ഗ്രാമത്തിലുള്ള മറ്റുരോഗികളുടെ ബന്ധുക്കളും വിവരമറിഞ്ഞു. അവരും ചികിത്സക്കായി ഓടിയെത്തി. ആ രോഗികളേയും അദ്ദേഹം പ്രതിഫലേച്ഛ കൂടാതെ ചികിത്സിച്ചു. രോഗം ഭേദമാക്കി. കാര്യങ്ങളറിഞ്ഞു ഗ്രാമമുഖ്യനും എത്തി. അയാളും ക്ഷമാപണം ചെയ്തുകൊണ്ട് ഖബർ കുഴിക്കാനും ശവസംസ്ക്കാരത്തിനുമായി ഈടാക്കിയിരുന്ന മുഴുവൻ പണവും തിരിച്ചു നൽകി. മാത്രവുമല്ല ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ഭോപാലിലേക്കുള്ള യാത്രാമദ്ധ്യേയാണ് ഇവിടെ എത്തിയതെന്നറിഞ്ഞപ്പോൾ ഭോപാൽ യാത്രക്കുള്ള എല്ലാഏർപ്പാടുകളും ഗ്രാമമുഖ്യൻ ചെയ്തു കൊടുത്തു. അതാണ് മുസബ്ബിബുൽ അസ്ബാബ് എന്ന അല്ലാഹുവിന്റെ കൃപാകടാക്ഷം.

## ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ഭോപാലിൽ

ഭോപാലിൽ എത്തിയ ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് പട്ടണത്തിന് പുറത്തുള്ള ഒരു സത്രത്തിൽ ചെന്നു. അവിടെ നിന്ന് കുളിച്ചൊരുങ്ങി വസ്ത്രങ്ങൾ മാറി കൈയിലുണ്ടായിരുന്ന രൂപയിൽ നിന്നും ഒരു രൂപ എടുത്ത് പോക്കറ്റിൽ വച്ചു. ബാക്കി പണവും സാധനങ്ങളും ഒരു ബാഗിനക ത്തു വച്ച ശേഷം ബാഗ് അവിടെ ഒരു ഭാഗത്തു സൂക്ഷിച്ചു. എന്നിട്ട് ടൗണിൽ ഒന്നു കറങ്ങാനായി പുറപ്പെട്ടു. വഴിയിൽ കണ്ട ഒരു നാടൻ ഭോജനശാലയിൽ നിന്നും എട്ടണ കൊടുത്ത് റൊട്ടിയും കറിയും വാങ്ങി കഴിച്ചു. ബാക്കി എട്ടണ കൈയിൽ തന്നെ വച്ചു. പക്ഷേ, അബദ്ധത്തിൽ ആ എട്ടണ എവിടെയോ കളഞ്ഞു പോയി. പട്ടണത്തിൽ നിന്നും തിരിച്ചു സത്രത്തിൽ എത്തി നോക്കിയപ്പോൾ സാധനങ്ങളൊക്കെ വളരെ ഭദ്രമായിട്ടു തന്നെ ഉണ്ട്. പക്ഷേ, അതിൽ സൂക്ഷിച്ചിരുന്ന പണം മോഷണം പോയിരിക്കുന്നു. അദ്ദേഹം കാര്യം ആരോടും പറഞ്ഞില്ല. അന്നവിടെ തന്നെ താമസിച്ചു.

പിറ്റെ ദിവസം രാവിലെ സാധനങ്ങളൊക്കെ എടുത്ത് ടൗണിലേക്കു പുറപ്പെട്ടു. വഴിയിൽ തലേ ദിവസം ക്ഷണം കഴിച്ച ഭോജനശാലയുടെ മുന്നിലൂടെ കടന്നുപോയപ്പോൾ കടക്കാരൻ വിളിച്ചിട്ടു പറഞ്ഞു, ഹേയ് സാഹിബ് വരൂ, ഭക്ഷണം കഴിച്ചിട്ടു പോകാം. അദ്ദേഹത്തിന്നാണെങ്കിൽ കലശലായ വിശപ്പുമുണ്ട്. പക്ഷേ കൈയിൽ ഒരു പൈസ പോലും ഇല്ല. ഉണ്ടായിരുന്ന എട്ടണ തലേദിവസം കളഞ്ഞു പോയല്ലോ. ബാക്കിയുള്ളതു മോഷണവും പോയി. എന്നാലും വിശപ്പിന്റെ വിളിയിൽ മറ്റൊന്നും ചിന്തിച്ചില്ല. എന്റെ കൈയിൽ ഇത്രയൊക്കെ പുസ്തകങ്ങളും മറ്റു സാധനങ്ങളുമൊക്കെ ഉണ്ടല്ലോ അതെല്ലാം കൂടി കൊടുത്താൽ ഒരു എട്ടണയെങ്കിലും കിട്ടാതിരിക്കില്ലല്ലോ എന്ന സമാധാനത്തിൽ കടയിൽ കയറി ഭക്ഷണം കഴിക്കാൻ ഇരുന്നു. കൈയിൽ ചില്ലി കാശു പോലുമില്ലെന്ന യാതൊരു ശങ്കയും സങ്കോചവും കൂടാതെ നന്നായി ഭക്ഷണം കഴിച്ചു വിശപ്പടക്കി. പുസ്തകങ്ങളും മറ്റു സാധനങ്ങളും അവിടെ തന്നെ വച്ചു. കടക്കാരനോടു ഞാൻ തിരിച്ചു വരാമെന്നും പറഞ്ഞു അവിടെ നിന്നും പുറത്തിറങ്ങി.

## സംസ്ഥാന മുഖ്യമന്ത്രി മുൻശി ജമാലുദ്ദീൻ സാഹിബുമായി കൂടിക്കാഴ്ച്ച

ഭോപാലിൽ ബാജി കി മസ്ജിദ് (ബാജിയുടെ പള്ളി) എന്നറിയപ്പെടുന്ന ഒരു പള്ളിയുണ്ട്. നല്ല കാറ്റുംവെളിച്ചവുമുള്ള പള്ളിയാണത്. അതുസ്ഥിതി ചെയ്യുന്നതാകട്ടെ വലിയൊരു കുളത്തിന്നരികിലും. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് ഈ പള്ളി കണ്ടെത്തിയ ശേഷം താമസം അവിടെയാക്കി. ദിവസങ്ങൾ രണ്ടു മൂന്നു കഴിഞ്ഞു. മൂന്നു ദിവസമായി ഏറെ കുറെ മുഴുപട്ടിണിയിലൂടെയാണ് ദിനങ്ങൾ കടന്നു പോകുന്നത്. അങ്ങനെ ഇന്നു വൈകുന്നേരത്തോടെ തന്റെ അന്ത്യമായിരിക്കുമെന്നു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് സ്വയം മനസ്സിൽ കരുതാൻ തുടങ്ങി. കാരണം അത്രകണ്ട് ക്ഷീണിതനായിക്കഴിഞ്ഞിരുന്നു. പുസ്തകങ്ങളടക്കമുള്ള തന്റെ സാധനങ്ങൾ എല്ലാം തന്നെ ഭക്ഷണം കഴിച്ച റെസ്റ്റൊറന്റിൽ വച്ചിട്ടാണുള്ളത്. അന്നു കഴിച്ച ഭക്ഷണത്തിന്റെ എട്ടണ അയാൾക്കു കൊടുക്കാനുള്ളതു കൊണ്ടു വീണ്ടും അവിടെ ചെല്ലാനും നിർവാഹമില്ല. പള്ളിയുടെ ഒരു ഭാഗത്തു ചെറിയൊരു തിണ്ണയുണ്ട്. അസർ നമസ്ക്കാരത്തിനു ശേഷം അദ്ദേഹം ആ തിണ്ണയിൽ ചുമർ ചാരി ഇരുന്നു. പിന്നീട് ക്ഷീണം കാരണം കുറെ നേരം കിടന്നു. ബലഹീനത നിമിത്തം ശരീരം വിയർക്കാൻ തുടങ്ങി. അൽപം കഴിഞ്ഞപ്പോഴേക്കും സംസ്ഥാന മുഖ്യമന്ത്രി മുൻശി ജമാലുദ്ദീൻ സാഹിബ് മഗ്രിബ് നമസ്ക്കാരത്തി ന്നായി അവിടെ എത്തി.

നമസ്ക്കാരശേഷം ഹക്കീം നൂറുദ്ദീൻ സാഹിബിനെ കണ്ടപ്പോൾ ഇതാരാണീ പുതിയൊരാൾ എന്ന നിലയ്ക്കു വിവരങ്ങളറിയാൻ മുൻശി സാഹിബ് പള്ളി ഇമാമിനെ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ അടുക്കൽ അയച്ചു. ഇമാം സാഹിബ് വന്നു ചില ചോദ്യങ്ങൾ ചോദിച്ചു. ഹദ്റത്ത് മൌലവി സാഹിബ് സംസാരത്തിൽ യാതൊരു താൽപര്യവും കാണിക്കാതെ അദ്ദേഹത്തിനു വളരെ തണുപ്പൻ മറുപടി നൽകി. മറുപടി കേട്ട ഉടനെ ഇമാം സാഹിബ് എഴുന്നേറ്റു മുൻശി ജമാലുദ്ദീൻ സാഹിബിന്റെ അടുക്കൽ ചെന്നു. മുൻശി സാഹിബിനോട് ഇമാം സാഹിബ് എന്താണു പറഞ്ഞതെന്നറിഞ്ഞില്ല. പക്ഷേ, മുൻശി സാഹിബ് അപ്പോൾ തന്നെ തന്റെ പരിവാരങ്ങളോടൊപ്പം ഹദ്റത്ത് മൌലവി സാഹിബിന്റെ അടുക്കൽ വന്നു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബാണെങ്കിൽ ആകെ ക്ഷീണിച്ചു വലഞ്ഞ അവസ്ഥയിലാണുള്ളത്. ആരോടും സംസാരിക്കാനോ ആരേയും അഭിമുഖീകരിക്കാനോ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. മുൻശി സാഹിബ് വന്ന ഉടനെ ഹദ്റത്ത് മൌലവി സാഹിബിനോടു ചോദിച്ചു നിങ്ങൾ പഠിപ്പും വിദ്യാഭ്യാസവുമുള്ള ആളാണെന്നു തോന്നുന്നുവല്ലോ. ഇത്തരം ചോദ്യങ്ങളും സംസാരങ്ങളും ഒഴിവാക്കാനായി അൽപം നീരസമുളവാക്കി കൊണ്ട് ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറഞ്ഞു, അതെ. മുൻശി സാഹിബിന്റെ രണ്ടാമത്തെ ചോദ്യം, താങ്കൾ എന്തൊക്കെ അറിവുകൾ കരസ്ഥമാക്കിയിട്ടുണ്ട്? നൂറുദ്ദീൻ സാഹിബ് വീണ്ടും അതേ സ്വരത്തിൽ സംസാരം ദീർഘിപ്പിക്കാതിരിക്കാനായി പറഞ്ഞു, എല്ലാം! അപ്പോൾ തന്റെ നാഡി പരിശോധിച്ചു തനിക്കു വല്ല കുഴപ്പവുമുണ്ടോ എന്നു പറയാൻ മുൻശി സാഹിബ് ആവശ്യപ്പെട്ടു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് നാഡിമിടിപ്പു പരിശോധിച്ചു കൊണ്ട് പറഞ്ഞു, താങ്കൾക്കു ദഹനക്കേടുണ്ട്. അത് ശരിയായിരുന്നു. തുടർന്നു അദ്ദേഹം ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനോടു മരുന്നെഴുതിക്കൊടുക്കാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് വളരെ വിലകൂടിയ ഒരു മരുന്നു മുൻശി സാഹിബിനു കുറിച്ചു കൊടുത്തു. അനന്തരം എല്ലാവരും പള്ളിയിൽ നിന്നും പിരിഞ്ഞു പോയി.

വഴിയിൽ വച്ചു മുഖ്യമന്ത്രി മുൻശി ജമാലുദ്ദീൻ സാഹിബ് എന്തോ ആലോചിച്ച് ഒരാളെ പള്ളിയിലേയ്ക്കു ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ അടുക്കൽ അയച്ചുകൊണ്ട് ഇന്നൊരു സൽക്കാരമുണ്ടെന്നും താങ്കളെ അതിലേയ്ക്കു ക്ഷണിക്കുന്നുവെന്നും അറിയിച്ചു. എനിക്കു വിരുന്നിലൊന്നും യാതൊരു താൽപര്യവുമില്ലെന്നു പറഞ്ഞു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ക്ഷണം നിരസിച്ചു. മുൻശി ജമാലുദ്ദീൻ സാഹിബ് പറഞ്ഞു, ക്ഷണം സ്വീകരിക്കുക എന്നതു റസൂൽ തിരുമേനി(സ) യുടെ സുന്നത്താണ്. അതു കേട്ടപ്പോൾ

ഏതായാലും പട്ടിണി കിടന്നു ഞാൻ മരിക്കാൻ പോവുകയാണ്. അതുകൊണ്ട് മരണം സുന്നത്തു പ്രകാരമുള്ള വല്ല കർമവും ചെയ്തു കൊണ്ടായിരിക്കട്ടെ എന്നു മനസ്സിൽ പറഞ്ഞു കൊണ്ടു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് സൽക്കാരം സ്വീകരിച്ചു. സൽക്കാരത്തിനുള്ള സമയമായപ്പോൾ മുൻശി സാഹിബിന്റെ ദൂതൻ വന്നിട്ടു പറഞ്ഞു മൗലവി സാഹിബ് ഭക്ഷണം തയ്യാറാണ്. താങ്കൾ വന്നാലും. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറഞ്ഞു. എനിക്ക് ഒരടി പോലും നടക്കാൻ വയ്യ. ഞാൻ അത്രകണ്ടു ക്ഷീണിതനാണ്. അദ്ദേഹം പറഞ്ഞു സാരമില്ല. അതിനു പരിഹാരമുണ്ട്. എന്നിട്ടു ആ നല്ല മനുഷ്യൻ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനെ തന്റെ പുറത്തുകയറ്റി മുൻശി സാഹിബിന്റെ വീട്ടിൽ സൽക്കാര സ്ഥലത്ത് മുൻശി സാഹിബിന്റെ തൊട്ടടുത്ത് കൊണ്ടു ചെന്നിരുത്തി.

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണ്, അവിടെ പുലാവ് (ബിരിയാണി) ഉണ്ടായിരുന്നു. അതെനിക്ക് ഇഷ്ടവുമാണ്. പക്ഷേ,ഏതാനും ദിവസം പട്ടിണി കിടന്നശേഷം പെട്ടെന്നു പുലാവ് കഴിക്കുകയാണെങ്കിൽ തൊണ്ടയിൽ കുരുങ്ങി പോകുമോ എന്നു ഞാൻ ഭയപ്പെട്ടു. അതുകൊണ്ടു ഞാനത് ഒഴിവാക്കി. പിന്നെ അവിടെ കണ്ടതു ചിക്കൻ സൂപ്പായിരുന്നു. അതൊരു ഗ്ലാസ്സിൽ ഞാൻ കുറച്ചെടുത്തു. അൽപം കുടിച്ചു. അപ്പോഴേക്കും വിശന്നുവലഞ്ഞ എന്റെ കണ്ണുകളിൽ വെളിച്ചം വന്നു. പിന്നീട് പതുക്കെ ഞാൻ ചൂടുള്ള ആ സൂപ്പ് കുടിക്കാൻ തുടങ്ങി. വിശന്നുവലഞ്ഞ എന്റെ സിരകളിൽ അതു പുതുജീവൻ പ്രദാനം ചെയ്തു. ഞാൻ പുലാവ് കഴിക്കാതിരുന്നതുകൊണ്ട് അതിനെന്തോ കുഴപ്പ മുണ്ടെന്നു കരുതി മുൻശി സാഹിബ് പാചകക്കാരനെ വിളിച്ചു ചോദിച്ചു. പാചകക്കാരൻ പറഞ്ഞു, അതിനൊരു കുഴപ്പവുമില്ല. ചോറ് കൂടുതലുള്ളതുകൊണ്ട് കോഴിയിറച്ചി ചില ഭാഗങ്ങളിൽ അടിയിൽ പിടിച്ചു പോയിട്ടുണ്ട്. ആ ഒരു കുഴപ്പമേഉള്ളൂ. പിന്നീട് പാചകക്കാരനോടു മുൻശി സാഹിബ് ചോദിച്ചു ഈ ഭക്ഷണത്തിൽ ഏതാണ് ഏറ്റവും നല്ലത്? അയാൾ പറഞ്ഞു, സൂപ്പ്. ഏതായാലും ഞാൻ തന്നെ അവിടെ ഉണ്ടായിരുന്ന സൂപ്പിന്റെ വലിയ ഭാഗം കുടിച്ചു തീർത്തു. അതു പട്ടിണി കിടന്നു വിശന്നു വലഞ്ഞ എന്റെ ശരീരത്തിനു ആരോഗ്യവും ഉണർവ്വും പ്രസരിപ്പും പ്രദാനം ചെയ്തു. ഭക്ഷണത്തിനു ശേഷം എല്ലാവരും പിരിഞ്ഞുപോയി.

ഞാനും മുൻശി സാഹിബും അദ്ദേഹത്തിന്റെ പരിവാരങ്ങളും ബാക്കിയായി. അപ്പോൾ മുൻശി സാഹിബ് എന്നോടു ചോദിച്ചു, നിങ്ങൾ ആരാണ്? ലഖ്നവി ശൈലിയിൽ ഞാൻ പറഞ്ഞു ഞാനൊരു പഞ്ചാബിയാണ്. പഠനത്തിന്നായിട്ടാണ് ഇവിടെ ഭോപാലിൽ വന്നിരിക്കുന്നത്. മുൻശി സാഹിബിന്റെ ഈ ചോദ്യവും സംസാരവും എനിക്കു വളരെ ഗുണം ചെയ്തു. കാരണം ഞാൻ സമ്പന്നനും വലിയ പണ്ഡിതനും എന്തോ ചില ജീവിത സാഹചര്യങ്ങൾ നിമിത്തം ചില വിഷമങ്ങൾ നേരിട്ടിട്ടുണ്ടെന്നും വിദ്യാഭ്യാസത്തിനു വേണ്ടി വന്നതാണെന്ന വാദം വെറുതെയാണെന്നു മൊക്കെയാണു മുൻശി സാഹിബ് ആരിൽ നിന്നോ കേട്ട് എന്നെ കുറിച്ചു ധരിച്ചുവച്ചിരിക്കുന്നത്. വിശന്നു ക്ഷീണിതനായിരുന്ന ഞാൻ, ഇന്നു വൈകുന്നേരത്തോടെ എന്റെ അന്ത്യമായിരിക്കുമെന്നു സ്വയം ധരിച്ചു വച്ചിരുന്നു വെങ്കിലും സർവ ശക്തനായ എന്റെ നാഥൻ എന്നെ സഹായിക്കുവാനായി പതിവുപോലെ ഇദ്ദേഹത്തെ അയച്ചിരിക്കുകയാണെന്നെനിക്കു മനസ്സിലായി. എന്നിൽ നിന്നും എന്റെ ഉദ്ദേശ്യവും ലക്ഷ്യവും കേട്ട ശേഷം അദ്ദേഹം പറഞ്ഞു താങ്കൾ പരിശ്രമിക്കേണ്ട വിദ്യാഭ്യാസത്തിനു വേണ്ട എല്ലാ ഏർപ്പാടുകളും ഞാൻ ചെയ്യാം. എന്നോടൊപ്പം താമസിച്ചോളൂ. ഭക്ഷണവും എന്നോടൊപ്പം കഴിക്കാം. അതിനുശേഷം മുൻശി സാഹിബ് ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനുള്ള താമസസ്ഥലം ഏർപ്പാടു ചെയ്തു. തന്റെ ലൈബ്രറി ഉപയോഗിക്കുവാനുള്ള പൂർണ സ്വാതന്ത്ര്യവും നൽകി. ആ വിവരം ലൈബ്രറി ഇൻചാർജിനേയും അറിയിച്ചു. അപ്പോൾ നൂറുദ്ദീൻ സാഹിബ് തന്റെ സാധനങ്ങളും പുസ്തകങ്ങളും ഭക്ഷണം കഴിച്ച കടയിൽ ഇരിക്കുകയാണെന്നും അയാൾക്കു എട്ടണ കൊടുക്കാനുണ്ടെന്നും മുൻശി സാഹിബിനെ അറിയിച്ചു. അൽപ സമയത്തി നു ശേഷം ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ സാധനങ്ങൾ എത്തി. മുൻശി സാഹിബ് ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ വിദ്യാഭ്യാസത്തിനായി മൗലവി അബ്ദുൽ ഖയ്യൂം സാഹിബിനെ നിയമിച്ചു. താമസിയാതെ തന്നെ ബുഖാരിയുടേയും മറ്റു ചില ഗ്രന്ഥങ്ങളുടേയും പഠനം ആരംഭിച്ചു. (തുടരും)


കടപ്പാട് & അവലംബം

1. ഹയാത്തെ നൂർ By മൌലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്‌വാ

2. താരീഖെ അഹ്മദിയ്യത്ത് വാള്യം 3 By മൌലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്‌വാ

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.

4. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് (ഇംഗ്ലീഷ്) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

5. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

6. അൽ ഫസ്‌ൽ ഉറുദു ദിനപത്രങ്ങൾ റബ്‌വാ.

# മനുഷ്യാവകാശങ്ങളും മുസ്‌ലിം രാജ്യങ്ങളും

മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ മുസ്‌ലിം രാജ്യങ്ങളുടെ നിലപാട് പ്രതിഷേധകരമാം വിധം പരിതാപകരമാണ്.

**അബു റിസ്‌വാൻ**

മനുഷ്യാവകാശങ്ങളെ ഏറെ ആദരിച്ച മതമാണ് ഇസ്‌ലാം. ഏകദേശം 6 മുതൽ 8 കോടി വരെ മനുഷ്യർക്ക് ജീവൻ നഷ്ടമാവുകയും അളവറ്റ മനുഷ്യാവകാശ നിഷേധങ്ങൾക്ക് വിധേയമാവുകയും ചെയ്ത ഒരു മഹാ ദുരന്തമായിരുന്നു രണ്ടാം ലോക മഹായുദ്ധം. യുദ്ധശേഷം ലോക മനസ്സാക്ഷിക്കുണ്ടായ പശ്ചാത്താപത്തിൽ നിന്നാണ് സാർവ്വ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനം ജന്മം കൊണ്ടത്. അതിലുൾപ്പെട്ട ഏറെ കുറെ എല്ലാ നീതി തത്വങ്ങളും വിശുദ്ധ ഖുർആനും റസൂൽ തിരുമേനി(സ)യും ലോകത്ത് അവതരിപ്പിച്ചതാണ്. ലോക കോടതി ജഡ്ജിയും ഖുർആൻ ഭാഷ്യകാരനും വിശ്വോത്തര പണ്ഡിതനുമായ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഇത് സംബന്ധിച്ച് എഴുതിയ ഇസ്‌ലാമും മനുഷ്യാവകാശങ്ങളും എന്ന പുസ്തകം ഇക്കാര്യം അസന്ദിഗ്ദമാം വിധം വ്യക്തമാക്കുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ 1948 ഡിസംബർ 10 ന്ന് ഐക്യരാഷ്ട്ര സഭയിൽ മനുഷ്യാവകാശ പ്രഖ്യാപനം ഒപ്പിടുന്നതിൽ നിന്നും മുസ്‌ലിം രാജ്യങ്ങൾ നേതൃത്വം നൽകിയിരുന്ന സഊദി അറേബ്യ വിട്ടുനിൽക്കുകയുണ്ടായി. കൗതുകകരമായ കാര്യം പാകിസ്താൻ അന്ന് സൗഊദിയുടെ ഈ നിലപാടിനെ രൂക്ഷമായി വിമർശിക്കുകയുണ്ടായി എന്നതാണ്. പാകിസ്താന്റെ പ്രതിനിധിയായി പങ്കെടുത്തിരുന്നത് സർ സഫറുല്ലാഹ് ഖാൻ ആയിരുന്നു. പിന്നീടാണ് പാകിസ്താൻ നിലപാടുകൾക്ക് വ്യതിയാനമുണ്ടായത്. മതനിന്ദാ നിയമം, അഹ്മദിയ്യാ വിരുദ്ധ നിയമം പട്ടാള മേധാവി സിയാ ഉൽ ഹഖ് നടപ്പാക്കിയ ഇസ്‌ലാമികവത്ക്കരണ നിയമങ്ങൾ മുതലായ നിയമങ്ങൾ പാസ്സാക്കി പാക്കിസ്താൻ കുപ്രസിദ്ധമായ ഒരു പിന്തിരിപ്പൻ രാജ്യവും ഭീകരവാദികളുടെ പറുദീസയുമായി മാറുകയായിരുന്നു. സാർവ്വ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്ന് ബദലായിക്കൊണ്ട് ലോക മുസ്‌ലിം രാജ്യങ്ങളുടെ അന്തർ ദേശീയ വേദിയായ ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക്ക് കോൺഫ്രൻസ് (ഓ ഐ സി) 1990 ൽ കെയ്റോവിൽ വെച്ച് ചേർന്ന യോഗത്തിൽ **'കെയ്റോ ഡിക്ളറേഷൻ ഓൺ ഹ്യൂമൻ റൈറ്റ്സ് ഇൻ ഇസ്‌ലാം'** (Cairo Declaration on Human Rights in Islam) എന്ന ഒരു ഇസ്‌ലാമിക മനുഷ്യാവകാശ പ്രഖ്യാപനം പുറത്തിറക്കുകയുണ്ടായി. അതിൽ ചില ഇസ്‌ലാമിക നന്മകൾ ഉള്ളടങ്ങിയിട്ടുണ്ട് എന്നത് ശരിതന്നെ. പക്ഷേ സ്വാതന്ത്ര്യവും അന്തസ്സാർന്ന ജീവിതവും ഇസ്‌ലാമിക ശരീഅത്തിന്ന് അനുസൃതമായിട്ടായിരിക്കും എന്ന ഒരു ഉപാധി കൂടി അതിൽ എഴുതി ചേർത്തിയിട്ടുണ്ട്. ഈ ഉപാധിയാണ് എല്ലാ നന്മകളെയും കെടുത്തിക്കളയുന്നത്. ശരീഅത്ത് എന്നത് മിക്കപ്പോഴും മുസ്‌ലിംകളിലെ മതയാഥാസ്ഥിതികത്വത്തിന്റേയും പൗരോഹിത്യത്തിന്റേയും ഇസ്‌ലാമിക പ്രമാണങ്ങളുടെ വ്യഖ്യാനങ്ങളാണ്. അത് പലപ്പോഴും യഥാർത്ഥത്തിലുള്ള ഇസ്‌ലാമിക നീതിക്കും സ്വാഭാവിക നീതിക്കും നിരക്കാത്ത പിന്തിരിപ്പൻ മുല്ലാ വ്യാഖ്യാനങ്ങളായിരിക്കും. അതാണ് ഇന്ന് മുസ്‌ലിം രാജ്യങ്ങളിൽ നടന്നു കൊണ്ടിരിക്കുന്നത്.

മുസ്‌ലിം രാജ്യങ്ങളിൽ മനുഷ്യാവകാശങ്ങൾ പരിതാപകരാമാം വിധം നിഷേധിക്കപ്പെടുമ്പോൾ പ്രതിക്കൂട്ടിലാവുന്നത് ഇസ്‌ലാം മതമാണ്. പലയിടത്തും ഭീകരരാണ് ഇസ്‌ലാമിക നിയമം നടപ്പാക്കികൊണ്ടിരിക്കുന്നത്. മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള മുസ്‌ലിംകളുടെ ഈ വികല ധാരണകളാണ് ലോകത്ത് ഇസ്‌ലാം മതത്തിന്റെ മോശമായ പ്രതിഛായക്ക് മുഖ്യ ഹേതു. പാർലമെന്ററി ഡമോക്രസി, മതസ്വാതന്ത്ര്യം, നിഷ്പക്ഷമായ പത്ര പ്രവർത്തനം, പൗരാവകാശ സംഘടനകൾ നിഷ്പക്ഷ നീതി ന്യായ വ്യവസ്ഥ ആധുനിക വിദ്യാഭ്യാസത്തിന്റെ ഉന്നത നിലവാരം എന്നിവ അവിടങ്ങളിലില്ല. ഇതെല്ലാം ഹറാമായ പാശ്ചാത്യൻ വ്യവസ്ഥകളാണ് എന്ന ധാരണ സൃഷ്ടിച്ചു കൊണ്ടാണ് ഇസ്‌ലാമിന്റെ പേരിൽ കിരാതമായ നിയമങ്ങൾ നടപ്പാക്കുന്നത്.

**ശേഷം പേജ് 42 ൽ**

# ഉമ്മിയായ പ്രവാചകൻ

റസൂൽ തിരുമേനി (സ) ഉമ്മി(നിരക്ഷരൻ) ആയിരുന്നു എന്ന് വിശുദ്ധ ഖുർആൻ ഊന്നി പറയുന്നു. ആ മഹാത്മാവിന്ന് ലഭിച്ച ജ്ഞാനം മുഴുവനും ശുദ്ധ വെളിപാടുകളിൽ നിന്നായിരുന്നു. ഗ്രന്ഥപരായണ ത്തിൽ നിന്നല്ല. ഉമ്മി എന്നതിന്ന് ഉമ്മയുമായി മാത്രം ബന്ധപ്പെട്ടത് അഥവാ നവജാത ശിശുവിനെ പോലെ അന്യങ്ങളിൽ നിന്ന് പരിശുദ്ധൻ എന്ന ദ്വിതീയാർത്ഥവുമുണ്ട്.

**മുഹമ്മദ് ഉമർ എച്ച് എ**

പ്രവാചക ശ്രേഷ്ഠനും മനുഷ്യകുലത്തിന്റെ ആത്മീയ മാർഗ ദർശകനും ലോകാനുഗ്രഹി യുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ തിരുമേനി(സ) സൃഷ്ടി ച്ച മഹാപരി വർത്തനങ്ങൾക്ക് ചരിത്രം സാക്ഷ്യം വഹിച്ചതാണ്. ചരിത്രത്തിൽ അതുല്യമായ വ്യക്തി മുദ്ര പതിപ്പിച്ച റസൂൽ നിരക്ഷരനാ യിരുന്നു അഥവാ ഉമ്മി ആയിരുന്നു. മനുഷ്യ സമൂഹത്തിന്റെ സമസ്ത മേഖലയിലും സമൂല വിപ്ലവം വരുത്തുകയും സ്വാധീനിക്കുകയും ചെയ്ത റസൂൽ തിരുമേനി(സ) യുടെ ജ്ഞാന സ്റോതസ്സ് ശുദ്ധ മായ വെളിപാടുകൾ മാത്രമായിരു ന്നു. കലർപ്പില്ലാത്ത ഈ ദൈവിക സ്റോതസ്സു മാത്രമായിരുന്നു റസൂൽ(സ) തിരുമേനിയുടെ ജ്ഞാനത്തിന്റെ ഉറവിടം

അഹ്മദിയ്യാ മുസ്‌ലിം ജമാ അത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് **'ഉമ്മി'** എന്നതിന്റെ അർഥം ഉമ്മയുമായി അഥവാ മാതാവുമായി അഭേദ്യമായി ബന്ധപെട്ടത് എന്ന് പറഞ്ഞിട്ടുണ്ട്. അതായത് നവജാത ശിശുവിനെ പോലെ പരിശുദ്ധൻ. റസൂൽ തിരുമേനി (സ) മാനുഷിക മായ മറ്റു ഉറവിടങ്ങളിൽ നിന്നൊ ന്നും തന്നെ ജ്ഞാനം സ്വീകരിച്ചി ട്ടില്ല. അദ്ദേഹത്തിന് ലഭ്യമായതെല്ലാം ദൈവത്തിൽ നിന്നുള്ളതാണ്. ഇസ്‌ലാം മതത്തിന്റെ ദൈവികതയെ സംബന്ധിച്ച് ഈ സ്വഛതയാണ് ഉമ്മിയിൻ ആയ പ്രവാചകൻ എന്ന വിശേഷണത്തിൽ നിറഞ്ഞു നിൽ ക്കുന്നധ്വനി. മറ്റു പ്രവാചകന്മാരെ ക്കുറിച്ച് ഊന്നി പറയാത്ത ഒരു ഗുണം റസൂൽ തിരുമേനി (സ) യെ സംബന്ധിച്ച് ഊന്നിപ്പറയാനുള്ള ഒരു കാരണം ഇതാണ്.

ലോകത്തിന് ശാശ്വതമായ ആത്മീയ ജ്ഞാനത്തിന്റെ ഭണ്ഡാര മായ വിശുദ്ധ ഖുർആൻ നൽകി അനുഗ്രഹിച്ച ആ പുണ്യാത്മാവ് എഴുതാനും വായിക്കാനും അറിയാ ത്ത ഒരു ഉമ്മിയായിരുന്നുവെന്ന് തിരുമേനി(സ)ക്ക് മാത്രം സ്വന്ത മായുള്ള ഒരു ആത്മീയ മഹൽ പ്രതിഭാസമാണ്. മറ്റൊരു പ്രവാചക നേയും വിശുദ്ധ ഖുർആനോ വേറെയേതെങ്കിലും ഒരു വേദഗ്രന്ഥ മോ ഉമ്മി എന്ന് വിശേഷിഷിപ്പി ച്ചിട്ടില്ല.

വിശുദ്ധ ഖുർആൻ തിരു നബി(സ)യെ ഉമ്മിയെന്നും അദ്ദേഹ ത്തിന്റെ സമുദായത്തെ ഉമ്മിയീൻ എന്നും വിശേഷിപ്പിക്കുകയുണ്ടാ യി.

ഹദ്റത്ത് റസൂൽ കരിം (സ) നെ കുറിച്ച് അല്ലാഹു ഇപ്രകാരം പറയുന്നു:

***'നിരക്ഷര പ്രവാചകനായ ഈ ദൂതനെ (അതായത് മുഹമ്മദ് നബി(സ)യെ പിൻപറ്റുന്നവരാണ വർ. അദ്ദേഹത്തെ സംബന്ധിച്ച് അവരുടെ അടുക്കലുള്ള തൗറാത്തി ലും ഇഞ്ചീലിലിലും രേഖപ്പെടുത്തി യതായി അവർ കണ്ടെത്തുന്നു.'*** (7:158) ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയെ കുറിച്ച് അല്ലാഹു ഇപ്രകാരം അരുൾ ചെയ്തു.

യഹൂദി നസാറാക്കളുടെ വേദ ഗ്രന്ഥമായ തൗറാത്തിലും ഇഞ്ചീലിലും നിരക്ഷരനായ ഒരു പ്രവാചകനെപ്പറ്റി അതായത് മുഹമ്മ ദ് നബി(സ)യെ പറ്റി എഴുപ്പെട്ടിരി ക്കുന്നു. മറ്റൊരു പ്രവാചകനും ഈ സവി ശേഷതയുള്ളതായി ഒരു ഗ്രന്ഥവും പ്രതിപാദിക്കുന്നില്ല.

തുടർന്ന് അല്ലാഹു പറയുന്നു:

***നീ പറയുക. അല്ലയോ ജനങ്ങളെ നിശ്ചയമായും ഞാൻ നിങ്ങൾക്കെല്ലാവർക്കുമുള്ള ദൂതനാകുന്നു. ആകാശങ്ങളുടെ യും ഭൂമിയുടെയും ആധിപത്യം അവനുള്ളതാണ്. അവനല്ലാതെ മറ്റൊരാരാധകനുമില്ല തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പി ക്കുകയും ചെയ്യുന്നു. അതുകൊ ണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. (അല്ലാഹുവിലും അവന്റെ വചനത്തിലും വിശ്വസി ക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കു ക) നിങ്ങൾ നേർമാർഗം പ്രാപിക്കു ന്നതിനായി അദ്ദേഹത്തെ പിന്തുടരു കയും ചെയ്യുക. (7:159)***

ഇവിടെ സർവ ജനങ്ങൾ ക്കും സ്ഥലകാലാദികൾക്കും അതീതമായ മാർഗ ദർശനത്തോടു

കൂടി അവതീർണ്ണനായ ഹദ്റത്ത് മുഹമ്മദ് നബി (സ) യെ ഒരു ഉമ്മി യായി നിരക്ഷരനായിട്ടാണ് വിശേ ഷിപ്പിപ്പിച്ചിരിക്കുന്നത്.

ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ പ്രഥമ അഭിസം ബോധകരായ അറബികളെ കുറിച്ച് അവർ നിരക്ഷരരായിരുന്നു വെന്ന് സൂചിപ്പിച്ച്കൊണ്ട് അല്ലാഹു പറയു ന്നു:

***ഗ്രന്ഥം നൽകപ്പെട്ടവരോടും നിരക്ഷരരോടും നിങ്ങൾ (അല്ലാ ഹുവിന് സ്വയം) അർപ്പണം ചെയ്യു ന്നുണ്ടോ എന്ന് ചോദിക്കുക. അങ്ങനെ അവർ അർപ്പണം ചെയ്യു ന്നുവെങ്കിൽ അവർ നേർ മാർഗം പ്രാപിച്ചവരായി തീരുന്നു. ഇനി അവർ പിന്തിരിഞ്ഞു കളയുമെങ്കിൽ (സന്ദേശം) എത്തിക്കുക എന്നത് മാത്രമാണ് നിനക്കുള്ള ബാദ്ധ്യത. അല്ലാഹു ദാസന്മാരുടെ സ്ഥിതി ഗതികൾ നന്നായി അറിയുന്നവനാ ണ്. (3:21)***

ഇവിടെ അല്ലാഹു യഹൂദി നസാറാക്കളായ ഗ്രന്ഥാനുസാരി കൾക്കും അവരിൽ പെടാത്ത നിരക്ഷരരായ അറബികൾക്കും ഇസ്‌ലാം മതം ആശ്ലേഷിക്കുവാനു ള്ള സന്ദേശം എത്തിക്കണമെന്ന് ഹദ്റത്ത് റസൂൽ തിരുമേനി (സ) യോട് ആജ്ഞാപിക്കുന്നു. മറ്റൊരി ടത്ത് അരുൾ ചെയ്യുന്നു: അക്ഷര ജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെയാണ് എഴുന്നേൽപ്പി ച്ചിട്ടുള്ളത്. (62:3)

ഇവിടെ അറബി ജനത പൊതുവിൽ അക്ഷരജ്ഞാനമില്ലാ ത്തവരാണെന്നും ഹദ്റത്ത് നബി കരീം(സ) അവരിൽപ്പെട്ട ഒരാളാ ണെന്നും വിശേഷിപ്പിക്കുന്നു.

ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ പ്രവചനമനുസരിച്ച് **'ഹകമൻ അദ്‌ലൻ'** ആയി അവതരിച്ച ഹദ്റത്ത് മസീഹ് (അ) തന്റെ ഗ്രന്ഥങ്ങളിൽ ഹദ്റത്ത് റസൂൽ തിരുമേനി (സ) ഒരു നിരക്ഷരനായിരുന്നുവെന്ന് സമർഥി ച്ചു കൊണ്ട് ആത്മീയ ജ്ഞാനങ്ങളു ടെ ഒരു ഭണ്ഡാരവും ശാശ്വത മാർഗദർശന ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ലോകത്തിന് പ്രദാനം ചെയ്തത് ആ പുണ്യാത്മന്റെ സത്യത്തിന് സാക്ഷ്യമാണെന്നം പ്രതിപാദിക്കുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഇവിടെ ഒരു അത്ഭുതകര മായ കാര്യം, തീരെ എഴുതാനും വായിക്കാനും അറിയാത്ത ഒരു ഉമ്മിക്കാണ് ആ ദിവ്യജ്ഞാനങ്ങളും മഅ്രിഫത്തുകളും നൽകപ്പെട്ട തെന്നാണ്. അദ്ദേഹം തന്റെ ആയു സ്സിൽ ഒരു വിദ്യാലയത്തിന്റെയും ഉമ്മറപ്പടി കാണുകയോ ഏതെങ്കി ലും ഒരു പുസ്തകത്തിന്റെ രണ്ടക്ഷ ര മെങ്കിലും വായിക്കുകയോ അദ്ദേഹത്തിന് ഏതെങ്കിലും ഒരു പണ്ഡിതന്റെയോ തത്വജ്ഞാനിയു ടെയോ സഹവാസം ലഭിക്കുകയോ ചെയ്തിട്ടില്ല. തന്റെ ജീവിതകാലം മുഴുവനും വിദ്യാവിഹീനനായ കാട്ടറബികളിൽ കഴിച്ചു കൂട്ടുകയും അവരിൽ തന്നെ വളർന്ന് വരിക യും ചെയ്തു. ആ കാട്ടറബികളിൽ നിന്ന് ജന്മമെടുക്കുകയും അവരോ ടൊപ്പം തന്നെ സമ്പർക്കം സ്ഥാപി ക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് നബി കരിം (സ) ഒരു ഉമ്മിയും അക്ഷരജ്ഞാനമില്ലാത്തയാളും ആണെന്ന യഥാർഥ്യം ഇസ്‌ലാംമത ചരിത്രകാരനെ സംബന്ധിച്ചിടത്തോ ളം അവിതർക്കിതമാമായ കാര്യ മാണ്.

ഹദ്റത്ത് നബി കരിം (സ) അക്ഷരജ്ഞാനമില്ലാത്തയാളായിരുന്നു എന്ന് സ്ഥാപിക്കുന്നതിനായി ഹ: മസീഹ് മഊദ് (അ) വിശുദ്ധ ഖുർആനിലെ താഴെപ്പറയുന്ന ആയത്തുകൾ ഉദ്ദരിക്കുകയുണ്ടായി.

1. ആ ദൈവം തന്നെയാണ് അക്ഷരജ്ഞാനമില്ലാത്തവരിൽ നിന്ന് തന്നെയുള്ള ഒരു പ്രവാചക നെ അയച്ചത്. അദ്ദേഹം അവർക്ക് അവന്റെ ആയത്തുകൾ ഓതികേൾ പ്പിക്കുകയും അവരെ പരിശുദ്ധരാ ക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു; ഇതിന് മുമ്പ് അവർ വ്യക്തമായ വഴികേടിലായിരുന്നു. (62:3)

2. ഞാൻ ഇഛിക്കുന്നവർക്ക് എന്റെ ശിക്ഷ എത്തിക്കുന്നു. എന്റെ കാരുണ്യം ഓരോ വസ്തുവിനേ യും വലയം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് സൂക്ഷ്മത കൈകൊ ള്ളുകയും സക്കാത്തു കൊടുക്കു കയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത് (കാരുണ്യം) ഞാൻ എഴുതി വെക്കുന്നതാണ്. നമ്മുടെ പരിപൂർ ണമായ ശക്തി പ്രതാപത്തിന്റെ രണ്ടു അടയാളങ്ങൾ പൂർത്തി യായിരിക്കുന്ന പ്രവാചകനിൽ വിശ്വസിക്കുന്നവരാണവർ. ഒന്നു ബാഹ്യമായ ഒരു അടയാളമായ തൗറാത്തിലും ഇഞ്ചീലിലും ഉള്ള ആ പ്രവാചകനെപ്പറ്റിയുള്ള മുന്നറി യിപ്പുകളാണ് അവന് തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടതായിട്ട് അവർ കാണുന്നത്. രണ്ടാമത്തെ അടയാളം ആ നബിയുടെ വ്യക്തി പ്രഭാവമാണ്. അദ്ദേഹം അക്ഷര ജ്ഞാനമില്ലാത്തവനും എഴുതാനും വായിക്കാനും അറിയാത്തവനും ആയിരുന്നിട്ടും പരിപൂർണമായതും തികവുറ്റതുമായ ഹിദായത്ത് കൊണ്ട്വന്ന് ലോകത്ത് അവശേഷി ച്ചിട്ടില്ലാത്തതും ബുദ്ധിയും ശരീ അത്തും സാക്ഷീകരിക്കുന്നതും ആയ സദാഖാത്തുകൾ ജനങ്ങളു ടെ മാർഗദർശനത്തിനായി അദ്ദേഹം പ്രതിപാദിക്കുന്നു. അതനുഷ്ഠിക്കു വാനുള്ള കൽപ്പന പുറപ്പെടുവിക്കു കയും ഏതൊരു സത്യത്തെ ബുദ്ധിയും ശരീഅത്തും നിഷേധി ക്കുന്നുവോ അതിനെ വിലക്കുക യും പരിശുദ്ധ വസ്തുക്കൾ അവർക്കദ്ദേഹം അനുവദിക്കുക യും ചെയ്യുകയും തിയ്യവസ്തുക്ക ളെ നിഷിദ്ധമാക്കുകയും ക്രിസ്ത്യാ നികളുടെയും യഹൂദികളുടേയും മേൽ ഉണ്ടായിരുന്ന കനമേറിയ ഭാരങ്ങളിൽ നിന്നും കുരുക്കുകളിൽ നിന്നും അവർക്ക് മോചനം നൽകുകയും ചെയ്യുന്നു. അതി നാൽ അദ്ദേഹത്തിൽ വിശ്വസിക്കു കയും അദ്ദേഹത്തിന് ശക്തി പകർന്ന് കൊടുക്കുകയും അദ്ദേഹ ത്തെ സഹായിക്കുകയും അദ്ദേഹ

ത്തോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ പരിപൂർണമായും പിൻപറ്റുകയും ചെയ്യുന്നവരാണ് മോക്ഷം പ്രാപിച്ചവർ. നീ ജനങ്ങളോട് പറയുക ഞാൻ അല്ലാഹുവിന്റെ ഭാഗത്ത് നിന്നും നിങ്ങൾക്ക് ഏവർക്കുമായി നിയുക്തനാക്കപ്പെട്ടിരിക്കുന്നു. ആ ദൈവം മറ്റാരുടെയും പങ്കില്ലാത്ത ആകാശഭൂമികളുടെ യജമാനനാകുന്നു. അവനെ കൂടാതെ ആരാധ്യനായിട്ട് മറ്റാരും തന്നെയില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക.(7:158,159)

3. ഇതേ പ്രകാരം നാം നമ്മുടെ കൽപന അനുസരിച്ച് നിന്നിലേക്ക് ഒരാത്മാവിനെ ഇറക്കി ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിഞ്ഞിരുന്നില്ല. എന്നാൽ നാം ഇതിനെ ഒരു പ്രകാശമാക്കി. അത് മുഖേന നാം നമ്മുടെ ദാസന്മാരിൽ നിന്നും നാം ഇച്ഛിക്കുന്നവരെ വഴി നടത്തുന്നു. തീർച്ചയായും നീ നേരായ മാർഗത്തിലേക്കു ഹിദായത്ത് നൽകുന്നു. (42:53)

4. ഇതിന് മുമ്പ് നീ ഒരു ഗ്രന്ഥം വായിക്കുയോ വലം കൈ കൊണ്ട് എഴുതുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. എങ്കിൽ അസത്യവാദികൾക്ക് സംശയിക്കാനുള്ള വഴിയുണ്ടായേനെ. പക്ഷേ അത് (ഖുർആൻ) ജ്ഞാനം നൽകപ്പെട്ടവരുടെ കൈയ്യിൽ സ്ഥിതി ചെയ്യുന്ന വ്യക്തമായ ദൃഷ്ടാന്തമാകുന്നു. അധർമ്മികൾ മാത്രമാണ് നമ്മുടെ ദൃഷ്ടാന്തങ്ങളെ നിരാകരിക്കുന്നവർ. (29:49,50)

പ്രസ്തുത എല്ലാ തിരുവചനങ്ങളിൽ നിന്നും ഹദ്റത്ത് മുഹമ്മദ് മുസ്തഫ തിരുമേനി (സ) എല്ലാ അർഥത്തിലും ഒരു ഉമ്മി ആയിരുന്നുവെന്ന് പരിപൂർണമായും വ്യക്തമായ നിലയിലും സ്ഥാപിതമായതാണ്. കാരണം ഹദ്റത്ത് നബി കരീം (സ) വാസ്തവത്തിൽ ഉമ്മിയും അക്ഷരജ്ഞാനമില്ലാത്ത ദേഹവും ആയിരുന്നില്ലെങ്കിൽ അദ്ദേഹം ഒരു ഉമ്മി ആണെന്ന വാദത്തെ വ്യാജപ്പെടുത്തുവാൻ ധാരാളം പേർ ഉടലെടുക്കുമായിരുന്നുവെന്നത് പ്രത്യക്ഷമായ കാര്യമാണ്. കാരണം അദ്ദേഹത്തിന്റെ സ്ഥിതിഗതികളും സംഭവങ്ങളും അറിയാത്തൊരു നാട്ടിൽ വെച്ചായിരുന്നില്ല താൻ ഒരു ഉമ്മീ ആണെന്ന് അദ്ദേഹം വാദിച്ചത്. മറിച്ച് ആ ജനതക്കിടയിൽ തന്നെയായിരുന്നു നബി കരീം(സ) തന്റെ ബാല്യകാലവും യൗവന കാലവും കഴിച്ചുകൂട്ടിയിരുന്നത്. അതുകൊണ്ട് തിരുമേനി (സ) യഥാർഥത്തിൽ ഉമ്മി യായിരുന്നില്ലെങ്കിൽ നബി (സ) തിരുമേനി യുടെ ഒരവസ്ഥയും ഗോപ്യമാകാതെ അറിഞ്ഞിരുന്നവരും അദ്ദേഹത്തിന്റെ ഏതെങ്കിലും തെറ്റു കണ്ടുപിടിച്ചു പരസ്യമാക്കുവാൻ തക്കം പാർത്തിരിക്കുന്നവരുമായ ജനങ്ങളുടെ മുമ്പാകെ താൻ ഉമ്മിയാണെന്ന് വാദിച്ചിരുന്നു വെങ്കിൽ അവർ അത് വിളംബരപ്പെടുത്തുമായിരുന്നു.
(റൂഹാനി ഖസായിൻ വാ: 1 പേജ് 562 572)

ഹദ്റത്ത് നബി (സ) ഒരു ഉമ്മിയാണെന്നും വിശുദ്ധ ഖുർആൻ അദ്ദേഹത്തിന്ന് വഹ്യ് മുഖേന ഇറങ്ങിയ വേദ ഗ്രന്ഥമായിരുന്നുവെന്നും തെളിയിക്കുവാൻ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തുടർന്ന് വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം ഉദ്ധരിക്കുന്നു.

നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ അതായത് നാമുമായി ബന്ധം വിഛേദിച്ചിരിക്കുന്നവർ പറയുന്നു. ഈ ഖുർആനല്ലാതെ മറ്റൊരു ഖുർആൻ നീകൊണ്ടുവരിക. അല്ലെങ്കിൽ ഇതിലെ അദ്ധ്യാപനങ്ങൾക്ക് പകരമായി ഭേദഗതി ചെയ്ത മറ്റു അദ്ധ്യാപനങ്ങൾ കൊണ്ടു വരിക. അവരോട് നീ മറുപടി പറയുക. ദൈവവചനത്തിൽ സ്വന്തം നിലയിൽ ഭേദഗതി ചെയുവാനുള്ള ശക്തി എനിക്കില്ല. എനിക്ക് വഹ്യ് നൽകപ്പെട്ടതിനെ ഞാൻ പിന്തുടരുക മാത്രമാണ് ചെയ്യുന്നത്. എന്റെ നാഥന്റെ കൽപ്പന ഞാൻ ധിക്കരിക്കുകയാണെങ്കിൽ ഭയങ്കരമായ നാളിന്റെ ശിക്ഷ ഞാൻ ഭയപ്പെടുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങൾക്ക് ഈ വചനം കേൾപ്പിക്കുകയോ നിങ്ങളെ അറിയിക്കുകയോ ചെയ്യുമായിരുന്നില്ല. ഇതിന് മുമ്പ് ഇത്ര വയസ്സുവരെ അതായത് 40 വർഷക്കാലം ഞാൻ നിങ്ങളിൽ ജീവിച്ചിരുന്നില്ലേ നിങ്ങൾ ചിന്തിക്കുന്നില്ലേ? അതായത് കറ്റുകെട്ടി പറയുക എന്റെ പണിയല്ലെന്നും കള്ളം പറയുക എന്ന സ്വഭാവം എനിക്കില്ലെന്നും നിങ്ങൾക്ക് നന്നായിട്ടറിയാമായിരുന്നില്ലേ? തുടർന്ന് പറയുന്നു: അല്ലാഹു വിന്റെ പേരിൽ കറ്റു കെട്ടി പറയുന്നവനേക്കാൾ, ദൈവ വചനത്തെ പറ്റി അത് മനുഷ്യ വചനമാണെന്ന് കറ്റു കെട്ടി പറയുന്നവനേക്കാൾ അധർമി ആരാണ്? തീർച്ചയായും കുറ്റവാളികൾക്ക് മോക്ഷം ലഭിക്കുന്നതല്ല. (10:16,17, 18)

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദ് നബി (സ) അക്ഷര ജ്ഞാനമില്ലാത്ത വ്യക്തിയായിരുന്നുവെന്ന് അറബികളുടെയും യഹൂദരുടേയും ക്രിസ്ത്യാനികളുടെയും ദൃഷ്ടിയിൽ അവിതർക്കിതവും മറ്റൊരു തെളിവിന്റെയും ആവശ്യമില്ലാത്ത വിധവുമുള്ള ഒരു യാഥാർഥ്യമാണ്.
(റൂഹാനി ഖസായിൻ, വാല്യം പേ 574, 575)

പ്രസ്തുത ഖുർആനിക വചനങ്ങളിൽ നിന്നും വളരെ വ്യക്തമായി മനസ്സിലാകുന്നത് നിരക്ഷരനും ഉമ്മിയുമായ റസൂൽ തിരുമേനി(സ) ക്ക് വിശുദ്ധ ഖുർആന്റെ ദിവ്യവെളിപാടുകൾ ഇറങ്ങുന്നതിൽ വ്യക്തിപരമായി ഒരു പങ്കും ഇല്ലായിരുന്നു വെന്നാണ്.

ഹദ്റത്ത് റസൂൽ തിരുമേനി (സ) ഗ്രന്ഥവും വിശ്വാസവുമെന്നാൽ എന്താണെന്നറിയാതിരുന്ന നിരക്ഷരനായിരുന്നുവെന്നും ദൈവിക പ്രകാശമാണ് അദ്ദേഹത്തിന് മാർഗ ദർശനം നൽകിയിരു

ന്നതെന്നും പ്രസ്തുത ആയത്തുകൾ വിളിച്ചോതുന്നു. ഹദ്റത്ത് മസീഹ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു:

അറേബ്യയിലുള്ള ജനങ്ങൾ നിരക്ഷരരായിരുന്നു. ആ നാട്ടിൽ അപൂർവം വല്ല ക്രിസ്ത്യാനികളും ഉണ്ടായിരുന്നെങ്കിൽ തന്നെ അവർക്ക് തങ്ങളുടെ മതത്തെക്കുറിച്ച് വിപുലമായ അറിവും ഉണ്ടായിരുന്നില്ല. (പാതിരി ഹണ്ടർ തന്റെ മീസാനുൽ ഹഖ് എന്ന ഗ്രന്ഥത്തിൽ അറേബ്യയിൽ കൃസ്ത്യാനികളും കാട്ടറബികളെ പോലെ ഒന്നും അറിയാത്തവരായിരുന്നു എന്ന് എഴുതിയിട്ടുണ്ട്) ആ സ്ഥിതിയിൽ ഹദ്റത്ത് റസൂൽ (സ) തിരുമേനി അവരുടെ ഗ്രന്ഥത്തിൽ നിന്ന് മോഷ്ടിച്ചുകൊണ്ട് പ്രസ്തുത അദ്ധ്യാപനം (വിശുദ്ധ ഖുർആൻ) ചേർത്തിരുന്നുവെന്ന ആരോപണം ഒരു ശപിക്കപെട്ട ചിന്താഗതിയാണ്. റസൂൽ തിരുമേനി(അ) നിരക്ഷരനായിരുന്നു. അദ്ദേഹത്തിന് അറബി ഭാഷ തന്നെ വായിക്കാനറിയാമായിരുന്നില്ല. എന്നിട്ടാണാ യൂനാനിയും ഹിബ്രുവും? ആ കാലത്തുള്ള വല്ല പുരാതന ഗ്രന്ഥങ്ങളിൽ നിന്നും ഈ ആരോപണം തെളിയിക്കേണ്ടുന്ന ബാധ്യത നമ്മുടെ എതിരാളികളുടേതാണ്. (അഥവാ ക്രിസ്തീയ ഗ്രന്ഥങ്ങളിൽ നിന്നും മോഷ്ടിച്ച് ഖുർആൻ ശരീഫിൽ ചേർത്തിരുന്നു വെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ തന്നെ ഇസ്ലാമിന്റെ ശത്രുക്കളായിരുന്ന അറേബ്യയിലെ ക്രിസ്ത്യാനികൾ തങ്ങളിൽ നിന്ന് കേട്ട് പകർത്തിയാണ് പ്രസ്തുത അദ്ധ്യാപനം എഴുതിയിരിക്കുന്നതെന്ന് മുറവിളി കൂട്ടുമായിരുന്നു.
(റൂഹാനി ഖസായിൽ വോ. 20 പേ 342)

മറ്റൊരിടത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഹദ്റത്ത് നബി കരിം(സ)ന് മുമ്പ് രണ്ട് മഹാന്മാരായ പ്രവാചകന്മാർ കഴിഞ്ഞിരുന്നു. ഒന്ന് ഹദ്റത്ത് മൂസാ നബി (അ), മറ്റൊരാൾ ഹദ്റത്ത് ഈസാ നബി (അ) രണ്ട് പേർക്കും വിദ്യാഭ്യാസത്തിനുള്ള സന്ദർഭം ലഭിച്ചിരുന്നു. അവരിൽ ആരെ കുറിച്ചും അക്ഷരജ്ഞാനമില്ലാത്തവരാണെന്ന വാദം ഉന്നയിക്കപ്പെട്ടിട്ടില്ല. ഈ വാദം ഹദ്റത്ത് നബി കരിം (സ) ക്ക് മാത്രമാണുണ്ടായിരുന്നത്. ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു: ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിയുമായിരുന്നില്ല. പക്ഷേ നാം ഇതിനെ (ഈ ഗ്രന്ഥത്തെ) ഒരു പ്രകാശ മാക്കിയിരിക്കുന്നു. അതു മുഖേന നമ്മുടെ ദാസന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവരെ നാം വഴി നടത്തുന്നു. (43:45) ഹദ്റത്ത് മൂസാ നബി (അ) ഒരു രജകുമാരനെ പോലെയായിരുന്നു വിദ്യയഭ്യസിച്ചത്. ഫിർഔന്റെ മടിത്തട്ടിൽ രാജകീയ നിലയിൽ വളർന്ന അദ്ദേഹത്തിന് അധ്യാപകരെ നിയമിക്കപ്പെട്ടിരുന്നു. ഹദ്റത്ത് ഈസാ നബി (അ) ക്കും വിദ്യാഭ്യാസം ലഭിച്ചിരുന്നു. ... എന്നാൽ ഹദ്റത്ത് റസൂൽ കരിം (സ) തിരുമേനിയെ കുറിച്ച് ഏതെങ്കിലും യഹൂദിയോടോ ക്രിസ്ത്യനിയോടോ ഹിന്ദുവിനോടോ അദ്ദേഹം ആരിൽ നിന്നെങ്കിലും വിദ്യാഭ്യാസം നേടിയിരുന്നോ എന്ന് ചോദിക്കുകയാണെങ്കിൽ ഒരിക്കലും ഇല്ലാ എന്നവർ വ്യക്തമായിപ്പറയുന്നതാണ്. എത്ര മാത്രം റുബൂബിയത്തിന്റെ പ്രകടനനമായിരുന്നു ഇത്? (മൽഫൂസാത്ത് വോ 2 പേ. 34)

ഹദ്റത്ത് നബി കരിമിന് (സ) ഒന്നാമത്തെ വഹ്യ് ഇഖ്റഅ് ബിസ്മി റബിക്കല്ലദീ ഖലഖ് ഉണ്ടായപ്പോൾ (സൃഷ്ടി കർത്താവായ നിന്റെ നാഥന്റെ നാമത്തിൽ നീവായിക്കുക.) അദ്ദേഹം പറഞ്ഞ്: **'മാ അന ബിഖാരിയിൻ'** (എനിക്ക് വായിക്കാനറിയില്ല) എന്നാണ്. അതിന് ശേഷം ഹദ്റത്ത് ജിബ്രീൽ പറഞ്ഞുകൊടുത്തത് പോലെ അദ്ദേഹം ഉരുവിടുകയുണ്ടായി. ഖിറാഅത്ത് എന്നതിന് പാരായണം ചെയ്യുക എന്ന് മാത്രമല്ല മറിച്ച് ഒരാൾ പറയുന്നതനുസരിച്ച് ഉരുവിടുക എന്നും അർഥമുണ്ട്. ഒരാൾ ഖുർആൻ നന്നായി ഓതുകയാണെങ്കിൽ അയാൾ അന്ധനാണെങ്കിലും യുഹ്സിനു ഖിർഅത്തുൽ ഖുർആൻ (അയാൾ നന്നായി ഖുർആൻ ഓതി) എന്നാണ് പറയുക.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പ്രസ്താവിക്കുന്നു: ഉമ്മി എന്ന വാക്കിന് അറബി ഭാഷയിൽ നിരക്ഷരൻ എന്ന അർഥവും ഉണ്ട്. ഉമ്മയുമായി ബന്ധപ്പെട്ട ആൾ എന്നാണ് അതിന്റെ ശരിയായ അർഥം. . അതുകൊണ്ട് അതിൻെറ വിവക്ഷിതാർഥം വിദ്യാഭ്യാസമില്ലാത്തയാൾ എന്നാണ്. കാരണം അയാൾ നവജാത ശിശുവിനെ പോലെ എഴുത്തും വായനയും അറിയാത്ത ആളാണ്. എന്റെ അഭിപ്രായത്തിൽ പരിശുദ്ധൻ എന്നും അതിന് അർഥമുണ്ട്. കാരണം നവജാത ശിശു പരിശുദ്ധ പ്രകൃതിയുള്ള വനായിരിക്കുമല്ലോ? ഈ അർഥങ്ങളിൽ ഹദ്റത്ത് നബി കരിം (സ) പറ്റി ഈ വാക്ക് പ്രയോഗിക്കപ്പെട്ടിരിക്കുന്നു. (തഫ്സീർ കബീർ, വോ 3 പേ 53)


ചുരുക്കത്തിൽ ഹ്ദറത്ത് നബി കരിം (സ) ഒരു നവജാത ശിശുവിനെ പോലെ പരിശുദ്ധനാണ് എന്ന വിശേഷണം ഇവിടെ പ്രകടിതമായിരിക്കുകയാണ്. വിശുദ്ധ ഖുർആന്റെ മേൽ പ്രസ്താവിക്കപ്പെട്ട എല്ലാ തിരു വചനങ്ങളും അദ്ദേഹം എഴുതാനും വായിക്കാനും അറിയാത്ത അക്ഷരജ്ഞാനമില്ലാത്ത ദേഹമായിരുന്നുവെന്നും മനസ്സിലാക്കി തരുന്നു. അങ്ങനെയുള്ള ഒരാളിൽ നിന്ന് വിശുദ്ധ ഖുർആനെ പോലെ സ്ഥലകാലങ്ങൾക്കതീതമായ പരിപൂർണ ജ്ഞാനവും അദ്ധ്യാപനങ്ങളുമുള്ള മഹൽ ഗ്രന്ഥം പുറപ്പെടുവിക്കുക എന്നത് വിശുദ്ധ ഖുർആ ന്റെയും ഹദ്റത്ത് നബി കരിം (സ) തിരുമേനിയുടേയും മഹത്വം വിളിച്ചോതുന്ന മഹാത്ഭുതമാണ്. **'നുസൂലുൽ ഖുർആനി മുഅ്ജിസത്തുൻ'** (വിശുദ്ധ ഖുർആന്റെ അവതരണം തന്നെ ഒരു മഹാത്ഭുത മാണ്) എന്ന നബി വചനം ഈ യാഥാർഥ്യം അന്വർഥമാക്കുന്നു.

കുറിപ്പുകൾ

# ചൈനയിൽ നിന്ന് പൊട്ടി പുറപ്പെട്ട മഹാമാരി

## മുസാഫിർ

ചൈനയിൽ നിന്ന് പൊട്ടി പുറപ്പെട്ട വുഹാൻ കൊറോണാ വൈറസ് പരത്തുന്ന മഹാമാരി രാജ്യാതിർത്തികൾ ഭേദിച്ച് അതിദ്രുത ഗതിയിൽ (Pandemic) ലോകത്തെയാകമാനം ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. മനുഷ്യരിലേക്കും മൃഗങ്ങളിലേക്കും പക്ഷികളിലേക്കും പരസ്പരം രോഗം പരത്തുന്ന ഈ വൈറസിനെ പ്രതിരോധിക്കാനുള്ള ആന്റിവൈറൽ മരുന്നോ വാക്സിനോ മനുഷ്യൻ ഇത്വരെ കണ്ടെത്തിയിട്ടില്ല എന്നതാണ് കൂടുതൽ ആശങ്ക ജനിപ്പിക്കുന്നത്. 1960ലാണ് കൊറോണാ വൈറസുകളെ ആദ്യമായി കണ്ടെത്തിയത്. ഇലക്ട്രോൺ മൈക്രോസ്കോപ്പിലൂടെ നോക്കുമ്പോൾ ഒരു കിരീടം പോലെ കാണുന്നതിനാലാണ് ഈ വൈറസിന്ന് കോറോണ(കിരീടം) വൈറസ് എന്ന പേര് വന്നത്. ചൈനയിൽ 2019 ഡിസംബറിലാണ് ഈ രോഗം ജനിതക വ്യതിയാനം വന്ന കൊറോണാ വൈറസിലൂടെ ഹുബൈ പ്രവിശ്യയിലെ വുഹാൻ പ്രദേശത്ത് പ്രത്യക്ഷപ്പെട്ടത്. വുഹാനിലെ സമുദ്രോത്പന്ന മാർക്കറ്റിൽ നിന്നാണ് രോഗാണു പൊട്ടി പുറപ്പെട്ടതെന്നാണ് നിഗമനം. പാമ്പിൽ നിന്നോ മറ്റ് ഉരഗങ്ങളിൽ



നിന്നോ മൃഗങ്ങളിൽ നിന്നോ പക്ഷികളിൽ നിന്നോ മനുഷ്യനിലേക്ക് രോഗ വൈറസുകൾ പകർന്നതാകം എന്നാണ് നിഗമനം. എലി മുതൽ പല്ലിവരെയുള്ള ജീവികളെ യാതൊരു വിവേചനമോ ഭക്ഷ്യ നിയമങ്ങളോ വിധി വിലക്കുകളോ പാലിക്കാതെ നാവിന് രസം തോന്നുന്നതെല്ലാം ഭക്ഷിക്കുന്ന ഒരു ശീലമാണ് ചൈനക്കാർക്കുള്ളത്. ഈ ഭക്ഷണ ശീലമാണ് മാരകമായ ഈ രോഗത്തിന് ഹേതു എന്ന് സംശയിക്കപ്പെടുന്നു. ചൈനയിൽ രോഗം ദ്രുതഗതിയിൽ വ്യാപിക്കുകയാണ്. പത്ര റിപ്പോർട്ടുകൾ പ്രകാരം ജനുവരി 30 വരെ ചൈനയിൽ മരിച്ചവരുടെ എണ്ണം 170 ആയി. രോഗത്തിന്റെ പ്രഭവ കേന്ദ്രമായ വുഹാനിൽ ഒരു ദിവസം മാത്രം മരിച്ചവരുടെ എണ്ണം 38 ആയിരുന്നു. 7,711 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. 2,167 പേരുടെ സ്ഥിതി അതീവ ഗുരുതരമാണ്.

അടുത്ത 10 ദിവസങ്ങൾക്കകം രോഗ വ്യാപനം വീണ്ടും കൂടുമെന്നും അവർ പറഞ്ഞു. അമേരിക്ക, ജർമനി, തായ്വാൻ, ഹോങ്കോങ്ങ്, തായ്ലണ്ട്, വിയറ്റ്നാം, മലേഷ്യ, സിങ്കപ്പൂർ, നേപ്പാൾ, ജപ്പാൻ, ദക്ഷിണ കൊറിയ, മക്കാവു, ഓസ്ട്രേലിയ. ഫ്രാൻസ്, പാകിസ്താൻ, (ഇപ്പോൾ നിരവധി ചൈനക്കാർ പാകിസ്താനിലുണ്ട്) യു എ ഇ, ഇന്ത്യ എന്നിവിടങ്ങളിൽ രോഗ ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. അമേരിക്കയും പല യൂറോപ്യൻ രാജ്യങ്ങളും ചൈനയിൽ നിന്ന് പ്രത്യേക വിമാനത്തിൽ തങ്ങളുടെ പൗരന്മാരെ നാട്ടിലെത്തിച്ചിട്ടിട്ടുണ്ട്. അതിനിടെ കേരളത്തിൽ തൃശ്ശൂരിൽ ചൈനയിൽ നിന്നെത്തിയ ഒരു വിദ്യാർത്ഥിനിക്ക് കൊറോണാ വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. രാജസ്ഥാനിലും ഒരാൾക്ക് കൊറോണാ വൈറസ് ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ചൈനയിൽ നിന്നും എം ബി ബി എസ് കോഴ്സ് പൂർത്തിയാക്കി വന്ന ഒരു ഡോക്ടർക്കാണ് രോഗ ബാധ എന്നായിരുന്നു റിപ്പോർട്ട്. കേരളത്തിലും ചൈനയിൽ നിന്നും വന്ന നിരവധിപേർ നിരീക്ഷണത്തിലാണ്. പല രാജ്യങ്ങളും ചൈനയിലേക്കുള്ള വിമാനങ്ങൾ റദ്ദാക്കിയിട്ടുണ്ട്. രോഗ സംക്രമണം ഭയന്ന് ചൈനയിലെ ദശലക്ഷക്കണക്കിന് ജനങ്ങൾ അധിവസിക്കുന്ന 20

നഗരങ്ങൾ അടച്ചു പൂട്ടിയിരിക്കയാണ്. ആ നഗരങ്ങളിലേക്ക് പ്രവേശിക്കാനോ അവിടെയുള്ളവർ പുറത്ത് പോകാനോ പാടില്ല. രോഗം പൊട്ടിപുറപ്പെട്ട വുഹുവിൽ യാത്രനിരോധനം വരുന്നതിന് മുമ്പേ 5 ദശലക്ഷം ജനങ്ങൾ നഗരത്തിൽ നിന്നും പുറത്ത് പോയിട്ടുണ്ട്. ഭരണകൂടം രോഗവിവരം പുറത്ത് വിടാൻ വൈകിയതാണ് ഇതിന് കാരണമെന്ന് വ്യാപകമായ വിമർശനമുണ്ട്. റഷ്യ ചൈനീസ് അതിർത്തി അടച്ചിട്ടുണ്ട്. രോഗം കൂടുതൽ ബാധിക്കാൻ സാധ്യതയുള്ള 32 രാജ്യങ്ങളിൽ ഇന്ത്യയും ഉൾപ്പെടും. ലോകാരോഗ്യ സംഘടന കൊറോണാ വൈറസ് രോഗബാധയെ തുടർന്ന് ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനിടയുണ്ട്. കൊറോണാ വൈറസ് ബാധ ദ്രുതഗതിയിൽ ലോകം മുഴുവൻ പടരുന്നതിനാൽ രോഗത്തെ സംബന്ധിച്ച വിവരങ്ങൾ രാജ്യങ്ങൾ സുതാര്യമാക്കണമെന്നും മറച്ചു വെക്കാൻ പാടില്ലെന്നും ലോകാരോഗ്യാ സംഘടനാ അധികൃതർ പറയുകയുണ്ടായി. രോഗബാധയെ സംബന്ധിച്ച് ഭീതി പരത്താൻ പാടില്ല. അനാവശ്യമായി ഭയപ്പെടാനും പാടില്ല. കരുതലും ജാഗ്രതയുമാണ് വേണ്ടതെന്നും ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശങ്ങൾ ജനങ്ങൾ അനുസരിക്കണമെന്നും ആരോഗ്യ അധികൃതർ ജനങ്ങളെ അറിയിച്ചിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം നിപ്പാ വൈറസ് ബാധക്കാലത്ത് കേരളീയ സമൂഹം ഒത്തോരുമയോടെ രോഗ പ്രതിരോധരംഗത്ത് പ്രവർത്തിച്ചത് ലോക മാധ്യമങ്ങൾ തന്നെ വാഴ്ത്തി പറഞ്ഞ കാര്യമാണ്.

കൊറോണ വിഭാഗത്തിൽ പെടുന്ന വൈറസുകളാണ് മനുഷ്യരുൾപ്പെടെ സസ്തനികളായ ജീവികളിൽ 15–30 ശതമാനം വരെ രോഗങ്ങളുണ്ടാക്കുന്നത്. ആറുതരം വൈറസുകളായി കൊറോണ വൈറസ് കുടുംബത്തിലെ വൈറസിനെ തരം തിരിച്ചിട്ടുണ്ട്. അതിൽപ്പെട്ട ജനിതക വ്യതിയാനം വന്ന വൈറസാണ് ഇപ്പോൾ ഭീകരമായി രോഗം പരത്തുന്നത്. ശ്വാസകോശങ്ങളെയാണ് ആദ്യം ബാധിക്കുക. ഇവ ജലദോഷം, ന്യൂമോണിയ, അക്യൂട്ട് റെസ്പിറേറ്ററി ഡിസ്ട്രസ് സിൻഡ്രോം തുടങ്ങിയവക്ക് കാരണമാകും. മനുഷ്യനിൽ രോഗം പകർത്തുന്ന മുഖ്യകാരണക്കാർ ബാക്റ്റീരിയയും വൈറസുമാണ്. ബാക്റ്റീരിയയിൽ 1 ശതമാനം മാത്രമാണ് രോഗകാരി. ബാക്കിയെല്ലാം മനുഷ്യന് ഉപകാരപ്രദമായ അനേകം ധർമ്മങ്ങൾ നിർവ്വഹിക്കുന്നു. ഭക്ഷണം ദഹിപ്പിക്കുക, പോഷകം ഉദ്പ്പാദിപ്പിക്കുക, രോഗകാരികളായ കോശങ്ങളെ നശിപ്പിക്കുക മുതലായ ശരീരത്തിന്നാവശ്യമായ അനേകം ധർമ്മങ്ങൾ ബാക്ടീരിയ നിർവ്വഹിക്കുന്നു. ബാക്ടീരിയ അസ്തിത്വമുള്ള ഒരു ഏകകോശ ജീവിയാണ്. എന്നാൽ വൈറസ് ജീവിയാണെന്നോ ജീവനില്ലാത്തവയാണെന്നോ പറയാൻ സാദ്ധ്യമല്ല. ഈ രണ്ട് രൂപങ്ങളുടെയും സ്വഭാവം വൈറസ് കാണിക്കാറുണ്ട്. ബാക്റ്റീരിയയേക്കാൾ സൂക്ഷ്മമായ വൈറസ് 700 ഇരട്ടി വലിപ്പമാക്കി ഇലക്ട്രോണിക് മൈക്രോസ്കോപ്പിൽകൂടി മാത്രമേ കാണാൻ കഴിയൂ. ബാക്ടീരിയ പരത്തുന്ന രോഗങ്ങളേക്കാൾ മാരകമാണ് വൈറസ് പരത്തുന്ന രോഗങ്ങൾ. ആതിഥേയനായ ഒരു കോശമില്ലാതെ സ്വതന്ത്രമായി വളരാനോ പ്രത്യുൽപാദനം നടത്താനോ കഴിയാത്ത ഒരുഅസ്തിത്വമാണ് വൈറസ്.

എല്ലാ വൈറസും രോഗകാരിയല്ല. വൈറസ് ബാധയുണ്ടായാൽ ആന്റിബോഡി നിർമ്മിച്ച് ശരീരത്തിലെ പ്രതിരോധ സംവിധാനമാണ് രോഗത്തെ കീഴടക്കുന്നത്. എന്നാൽ രോഗകാരിയായ വൈറസ്, കോശത്തിലെ പ്രതിരോധ സംവിധാനത്തെ മറികടന്ന് ശരീരത്തിലെ ആതിഥേയ കോശത്തിൽ തുളച്ചു കയറി സ്വയം കോശത്തിന്റെ ഭാഗമായി പ്രവർത്തിച്ച് അതിന്റെ സ്വാഭാവിക സംവിധാനത്തെ തകിടം മറിച്ച് രോഗാതുരമാക്കുന്നു. പിന്നീട് മറ്റുകോശങ്ങളിലേക്ക് അവ കടക്കുന്നു. വൈറസ് രണ്ട് വിധത്തിലുണ്ട്. RNA വൈറസും DNA വൈറസും. ഇരട്ട പിരിയൻ കോണിയുടെ ആകൃതിയിലുള്ള DNA വഹിക്കുന്ന വൈറസിനേക്കാൾ എളുപ്പത്തിലും ദ്രുതഗതിയിലും പ്രവർത്തിക്കാൻ RNA വൈറസിന്ന് കഴിയും. കൊറോണ വൈറസ് RNA ടൈപ് വൈറസാ ണ്. അതുകൊണ്ടാണ് കൊറോണാ വൈറസ് കൂടുതൽ അപകടകാരിയായ രോഗകാരിയാവുന്നത്.

രോഗിയിൽ നിന്നും രോഗസ്ഥലത്ത് നിന്നും പരമാവധി അകന്ന് നിൽക്കുകയും രോഗബാധിതരെ രോഗം ശമിക്കുന്നത് വരെ ഒറ്റപ്പെടുത്തി കിട്ടാവുന്ന മരുന്നു നൽകി ചികിത്സിക്കുകയുമാണ് പ്രതിരോധമാർഗ്ഗം. ഇതല്ലാതെ വൈറസിനെ തടയാൻ മറ്റു മാർഗ്ഗമില്ല. അതുകൊണ്ടാണ് രോഗം ബാധിച്ചവരുമായി എല്ലാ സമ്പർക്കങ്ങളുമൊഴിവാക്കി അതിന്റെ പകർച്ച ചങ്ങലയുടെ കണ്ണി മുറിക്കുന്ന രീതി വിദഗ്ധന്മാർ അവലംബിച്ചിരിക്കുന്നത്. ഈ വൈറസിനെതിരെ വാക്സിൻ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ രാവും പകലും ലോകത്തെല്ലായിടത്തും ഊർജിതമായി നടക്കുന്നുണ്ട്. രോഗം കൂടുതൽ പകരാതിരിക്കാൻ കൈകഴുകുന്നതും വൃത്തി പാലിക്കേണ്ടതുമായ കാര്യങ്ങളാണ് ലോകാരോഗ്യ സംഘടനയും ഭരണകൂടങ്ങളും ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുന്നത്.

## ഇസ്‌ലാമിന്റെ ആരോഗ്യപാഠങ്ങൾ

രോഗവും രോഗശമനവും സംബന്ധിച്ച് ഇസ്‌ലാമിന്റെ ആരോഗ്യ പാഠങ്ങളിലേക്ക് ലോകം ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി മനുഷ്യന്റെ ആത്മീയവും ധാർമികവും ശാരീരികവുമായ ആരോഗ്യത്തിന്നും ക്ഷേമത്തിന്നും

ഭക്ഷിക്കേണ്ടത് എന്താണെന്നും വർജ്ജിക്കേണ്ടത് എന്താണെന്നുമുള്ള ഹറാം ഹലാൽ സങ്കൽപ്പം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ നൽകിയ മതമാണ് ഇസ്‌ലാം. ഖുർആൻ പറയുന്നു: ***'സത്യവിശ്വാസികളെ! നാം നിങ്ങൾക്ക് നൽകിയിട്ടുള്ള നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക.' (2:173)***

***'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവീൻ, എന്നാൽ ഒന്നിന്നും അമിതത്വമാവരുത് ' (7:32) 'ശവം, രക്തം, പന്നിമാംസം അല്ലാഹുവല്ലാത്ത (മറ്റുവല്ല)തിന്റെയും പേരിൽ അർപ്പിക്കപ്പെട്ടത്, ശ്വാസം മുട്ടിച്ചത്തത്, അടിച്ചു കൊന്നത്, വീണു ചത്തത്, കൊമ്പുകൊണ്ട് കുത്തികൊല്ലപ്പെട്ടത്, ദുഷ്ട ജന്തുക്കൾ തിന്നു ബാക്കിയായത്, ബിംബങ്ങൾക്ക് വേണ്ടി നിങ്ങൾ ബലി പീഢത്തിൽ അറുക്കപ്പെട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു.'***

***(അൽമാഇദ:5:4)***

മനുഷ്യനിലെ രോഗ പ്രതിരോധവ്യവസ്ഥ അത്ഭുതകരമായ ഒരു ദൈവികാനുഗ്രഹമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു: ***'നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു.'(95:5)*** രോഗം വന്നാൽ ചികിത്സയിലൂടെ രോഗം മാറുന്നു എന്ന പ്രതിഭാസം ദൈവത്തിന്റെ അനുഗ്രഹമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. മനുഷ്യശരീരവും അതിലെ രോഗശമന വ്യവസ്ഥയും വൈദ്യശാസ്ത്രമല്ല. സ്രഷ്ടാവായ ദൈവമാണ് സൃഷ്ടിച്ചത്. മനുഷ്യൻ അത്നോക്കി മനസ്സിലാക്കി ചികിത്സിക്കുന്ന കേവലം അനുകർത്താക്കൾ മാത്രമാണ്. അതുകൊണ്ട് നമുക്ക് അറിഞ്ഞതും അറിയാത്തതുമായ പ്രപഞ്ച സാകല്യത്തെ സൃഷ്ടിച്ച അല്ലാഹുവിനോട് രോഗശമനത്തിന്നായുള്ള പ്രാർത്ഥനക്ക് വളരെയേറെ സാംഗത്യവും സാഫല്യവുമുണ്ട്. അത് ശാസ്ത്രത്തിന്റെ സൂത്രവാക്യമനുസരിച്ചോ നിശ്ചിത നിയമങ്ങൾ പ്രകാരമോ അല്ല പ്രാവർത്തികമാവുന്നത്. അതിന്റെ രീതിശാസ്ത്രവും ശമന മാർഗ്ഗവും മറ്റൊന്നാണ്. പ്രാർത്ഥന മനുഷ്യന്റെ പ്രകൃതിയിൽ അന്തർലീനവും രോഗപീഢയുണ്ടാവുമ്പോഴുള്ള മനുഷ്യന്റെ സ്വാഭാവിക പ്രതികരണവുമാണ്. മഹാമാരികൾക്ക് മുമ്പിൽ അന്തംവിട്ട് നിൽക്കുന്ന ഇത്തരം സന്ദർഭങ്ങളിൽ വൈദ്യശാസ്ത്രത്തിന്ന് രോഗശമനത്തിന്നായുള്ള ആത്മീയ മാർഗ്ഗങ്ങളെ സംബന്ധിച്ച് ബോദ്ധ്യവും തങ്ങളുടെ കരങ്ങൾക്കതീതമായ ഒരു പരാശക്തിയെ സംബന്ധിച്ച വിചാരവും ഉണ്ടാവേണ്ടതാണ്. എങ്കിൽ മാത്രമേ വൈദ്യശാസ്ത്രം വിനയാന്വിതവും കരുണാർദ്രവുമാകുകയുള്ളൂ അത്വഴി ചൂഷണത്തിൽ നിന്നും മുക്തമാവുകയും ചെയ്യും. വൈറസിനെ ചെറുക്കാൻ മനുഷ്യനുണ്ടാക്കുന്ന വാക്സിൻ ശരീരത്തിലെ തന്നെ നിലവിലുള്ള പ്രതിരോധ സംവിധാനത്തെ കൃത്രിമമായി ത്വരിപ്പിച്ച് ആന്റി ബോഡികൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്. ഏത് നിമിഷവും മാരകമായ വൈറസുകളും ബാക്ടീരിയകളും ജനിതകമാറ്റം സംഭവിച്ച് മനുഷ്യനെ ആക്രമിക്കാനും രോഗത്തിന്നടിമപ്പെടുത്താനും സാധിക്കും. അതാണ് കൊറോണ, നിപ്പാ, സാർസ് വൈറസിന്റെ വിളയാട്ടം നൽകുന്ന സന്ദേശം. ഇത്തരം മാരകാവസ്ഥ സംജാതമാവാനുള്ള കോടാനു കോടി അവസരങ്ങൾ നമ്മുടെ ഭൂമിയിലുണ്ട്. വിശാലമായ പ്രപഞ്ചം മേലാപ്പായി നിൽക്കുന്ന ഭൂമിയിലേക്ക് ആകാശത്തിന്റെ ഏതെങ്കിലും കോണുകളിൽ നിന്നും പുതിയ രോഗാണുക്കളിലൂടെ ആക്രമണമുണ്ടാകാനും സാധ്യതയുമുണ്ട്. ഒരു രോഗവും മരുന്നു കൊണ്ടും ചികിത്സകൊണ്ടും പൂർണ്ണമായും ഉന്മൂലനം ചെയ്തു എന്ന് നമുക്ക് പറയാനാവില്ല. നാം മരുന്നുകൊണ്ട് കീഴടക്കി എന്ന് കരുതുന്ന രോഗാണുക്കൾ ജനിതകമാറ്റം സംഭവിച്ച് പുതിയ രീതിയിലുള്ള ശക്തിസംഭരിച്ച് നിലവിലുള്ള ഔഷധങ്ങളെ അപ്രസക്തമാക്കുമാറ് രോഗകാരികളായി വീണ്ടും വരാം. നാം സുരക്ഷിതമായി ജീവിക്കുന്നത് ദൈവാനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ്. ഏതാനും വാക്സിനുകളും ആന്റി ബയോട്ടിക്കുകളുമായി രോഗങ്ങളെയെല്ലാം കീഴടക്കിയെന്ന മട്ടിൽ അഹങ്കരിക്കാൻ വൈദ്യലോകത്തിന്ന് സാദ്ധ്യമല്ല. ചികിത്സ ഒരു ജീവകാരുണ്യ പ്രവർത്തനമാക്കണമെന്ന സന്ദേശമാണ് ഇതെല്ലാം നൽകുന്നത്. ചികിത്സകനെ ഹക്കിം (തത്വജ്ഞാനി) എന്നാണ് ഇസ്‌ലാം വിശേഷിപ്പിക്കുന്നത് അദ്ദേഹം ചികിത്സകനും അതേസമയം തത്വജ്ഞാനിയുമായിരിക്കണം എന്നാണ് ഇതിലെ താൽപര്യം

ഏത് രോഗവും തടയാൻ ഏറ്റവും ഫലപ്രദമായ പ്രതിരോധ മാർഗ്ഗങ്ങളാണ് നാം സ്വീകരിക്കേണ്ടത്. അതിൽ ഏറ്റവും പ്രധാനമായത് ശുചിത്വമാണ്.ആ ന്തരികവും ബാഹ്യവുമായ ശുദ്ധിയാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. ശരീരവും അത്പോലെ വീടും പരിസരവും വൃത്തിയാക്കുക. ശുചിത്വത്തിന്ന് ഇസ്‌ലാം നൽകുന്ന പ്രാധാന്യം എത്രത്തോളമെന്നാൽ റസൂൽ തിരുമേനി(സ) പറയുകയുണ്ടായി ***'ശുചിത്വം വിശ്വാസത്തിന്റെ പകുതിയാണ്.' (സ്വഹീഹ് മുസ്‌ലിം)*** ഇതിനേക്കാൾ ശുചിത്വത്തെ പുരസ്കരിച്ച് പറഞ്ഞ മറ്റൊരു മതസ്ഥാപകൻ ഉണ്ടാവില്ല. വിശുദ്ധ ഖുർആൻ പറയുന്നു:***'നിങ്ങൾക്ക് ഒരു വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കുന്നതിന്നും നിങ്ങൾക്ക് അവന്റെ അനുഗ്രഹം പൂർത്തീകരിച്ചു തരുന്നതിന്നുമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.' (വി: ഖുർആൻ 5:7) 'നിന്റെ വസ്ത്രങ്ങളെ ശുദ്ധീകരിക്കുക.' (വി: ഖുർആൻ*** **74:5)** ഇസ്‌ലാമിക പ്രാർത്ഥനയുടെ പ്രാരംഭകർമ്മം തന്നെ അംഗശുദ്ധി വരുത്തലാണ്. അതിന്ന് ശേഷമാണ് പ്രാർത്ഥന. റസൂൽ തിരുമേനി(സ)

പറയുന്നു ***'ശരിയായ ആരോഗ്യ പരിചരണം ശരീരത്തിന്റെ അവകാശമാണ്.' (ബുഖാരി)***

കൈ കഴുകലും കഴുകി വൃത്തിയാക്കലും പല പൂർവ്വിക നാഗരികതകൾക്കും പരിചയമില്ലാത്ത ശീലമാണ്. യൂറോപ്യന്മാരുടെ ടിഷ്യൂ പേപ്പർ സമ്പ്രദായം അതിന്റെ അവശിഷ്ടമാണ് വെള്ളംകൊണ്ട് കൈകഴുകാത്തതിന്റെയും കഴുകി വൃത്തിയാക്കാത്തതിന്റെയും ആരോഗ്യ പ്രത്യാഘാതങ്ങളും രോഗസാദ്ധ്യതയും മനസ്സിലാക്കിയ ലോകാരോഗ്യ സംഘടന (WHO) എല്ലാ വർഷവും ഒക്ടോബർ 15 ന്ന് ലോക ഹസ്തശുദ്ധി ദിനം ആയി (World Hand Hygine Day) ആചരിക്കുകയാണ്. കോളറയും അതിസാരവും മറ്റു സാംക്രമിക രോഗങ്ങളും പിടിപെടുന്നതിൽ പ്രത്യേകിച്ചും കുട്ടികളിൽ ഹസ്തശുദ്ധിയില്ലായ്മ ഒരു മുഖ്യഘടകമാണ്. ലക്ഷക്കണക്കിന് മനുഷ്യർക്ക് ജീവഹാനിയും പ്രവർത്തിദിന നഷ്ടവും ഇത്മൂലം സംഭവിക്കുന്നു എന്ന് പല പഠനങ്ങളും തെളിയിക്കുന്നു. ഭക്ഷണം കഴിക്കുന്നതിന്ന് മുമ്പും ശേഷവും കൈകഴുകണം എന്നും ശൗചം കഴിഞ്ഞാൽ വെള്ളം കൊണ്ട് കഴുകി വൃത്തിയാക്കണം എന്നുമുള്ള റസൂൽ തിരുമേനി (സ)യുടെ കർശനമായ കൽപ്പന ആയിരത്തി നാനൂറ് വർഷങ്ങളായി മുസ്‌ലിം ലോകം അനുവർത്തിക്കുന്ന ശീലമാണ്. തുമ്മൽ ഉണ്ടാകുമ്പോൾ മുഖം തൂവാലകൊണ്ടോ കൈകൊണ്ടോ മറക്കണമെന്നുള്ളത് റസൂൽ തിരുമേനി(സ) യുടെ കൽപ്പനയും പകർച്ചവ്യാധികൾ തടയുന്നതിന്നുള്ള ഉപാധിയുമാണ്. മറ്റൊരു ഹദീസ് നോക്കൂ. ***'ഒരു പ്രദേശത്ത് നിങ്ങൾ പ്ളേഗ് (സംക്രമിക രോഗം) ഉണ്ടായെന്ന് കേട്ടാൽ അവിടേക്ക് നിങ്ങൾ പ്രവേശിക്കരുത്. അപ്രകാരം നിങ്ങളുള്ള സ്ഥലത്ത് ആ രോഗം വരുകയാണെങ്കിൽ നിങ്ങൾ അവിടം വിട്ട് പോകുകയുമരുത്.' (ബുഖാരി, മുസ്‌ലിം)*** രോഗികളെ സന്ദർശിക്കണമെന്ന് ഉപദേശിച്ച റസൂൽ തിരുമേനി (സ) രോഗികൾ രോഗമില്ലാത്തവരെ അങ്ങോട്ട് പോയി സന്ദർശിക്കരുത് (മുസ് ലിം) എന്ന് വിലക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം അതിദ്രുത പകർച്ചവ്യാധികളോട് അതികൃതർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടുള്ള സമീപനമായിരിക്കണം നാം സ്വീകരിക്കേണ്ടത്. അതിനെക്കുറിച്ചുള്ള അറിവ് നമ്മെ ജാഗ്രതപ്പെടുത്തുന്നത് അതാണ്.

രോഗി വേദനിക്കുന്നവനും അസ്വസ്ഥനുമാണ്. മതപരമായി നിർബന്ധമാക്കിയ പല കർമ്മങ്ങളിൽ നിന്നും രോഗിയെ ഒഴിവാക്കുകയോ ഇളവ് നൽകുകയോ ചെയ്തിട്ടുണ്ട്. കരുണയോടും സഹതാപത്തോടെയും സ്നേഹത്തോടെയുമാണ് രോഗിയെ നാം സമീപിക്കേണ്ടത്. ഇത് സംബന്ധിച്ച് റസൂൽ തിരുമേനി(സ)യുടെ വ്യക്തമായ നിരവധി അദ്ധ്യാപനങ്ങളുണ്ട്. ഖലീലുല്ലാഹി ഹദ്റത്ത് ഇബ്രാഹിം (അ)നടത്തിയ പ്രാർത്ഥനയോടെ ഈ കുറിപ്പ് അവസാനിപ്പിക്കാം. ***'അവനത്രെ എന്നെ സൃഷ്ടിച്ചത്, എന്നിട്ട് അവൻ നേർവഴിയിൽ എന്നെ നടത്തുന്നു. എനിക്ക് ആഹാരവും പാനീയവും നൽകുന്നവനാണവൻ. ഞാൻ രോഗിയായാൽ അവൻ എനിക്ക് ശമനം നൽകുന്നു. എന്നെ മരിപ്പിക്കുകയും പിന്നീട് എന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനാണവൻ....... എന്റെ നാഥാ നീ എനിക്ക് വിവേകജ്ഞാനം നൽകുകയും എന്നെ സുകൃതവാന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ!'(26:79-82)*** ലോകത്തെ ബാധിച്ച മാരകമായ ഈ പകർച്ചവ്യാധിയിൽ നിന്നും അല്ലാഹു ഉടൻ മോചനം നൽകുമാറാകട്ടെ. ആ രോഗാണുവിനെ നിർവീര്യമാക്കിത്തരട്ടെ, കൊറോണാ വൈറസ് രോഗത്തിന് പൂർണ്ണ ശമനം നൽകുന്ന ഔഷധം ഉടൻ നിലവിൽ വരാൻ കാരുണ്യവാനായ അല്ലാഹു തുണക്കുമാറാകട്ടെ. (ആമീൻ)

**പേജ് 34 ൽ നിന്ന് തുടർച്ച**

മനുഷ്യാവകാശങ്ങളുടെ റാങ്കിംങ്ങ് പരിശോധിച്ച് പട്ടിക പുറപ്പെടുവിക്കുന്ന അന്താരാഷ്ട്ര സംഘടനയാണ് ഇന്റർനാഷണൽ ഹ്യൂമൻ റൈറ്റ്സ് ഇൻഡിക്കേറ്റർ The International Human Rights Rank Indicator (IHRRI) അവർ 2014 ഒക്ടോബർ 11 ന്ന് പ്രസിദ്ധീകരിച്ച 216 പട്ടികയിൽ യു എ ഇ ഒഴികെ എല്ലാ മുസ്‌ലിം രാജ്യങ്ങളും വളരെ താഴെയാണ് നിൽക്കുന്നത്. പട്ടികയിൽ 14-ാം സ്ഥാനത്ത് നിൽക്കുന്ന യു എ ഇ സ്തുത്യർഹമാം വിധം മുന്നിലാണ് എന്ന വസ്തുത ഇവിടെ സ്മരിക്കുന്നു. തൊട്ടടുത്ത് നിൽക്കുന്ന മുസ്‌ലിം രാജ്യമായ ബഹ്റൈൻ മനുഷ്യാവകാശങ്ങളുടെ കാര്യത്തിൽ 94-ാം സ്ഥാനത്തും സഊദി അറേബ്യ 206-ാം സ്ഥാനത്ത് ഏറ്റവും പിന്നിലെ രാജ്യങ്ങളുടെ കൂട്ടത്തിലുമാണ്. സ്വീഡനാണ് എറ്റവും മുന്നിൽ. ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് നീതി നടപ്പാക്കാൻ ശക്തമായി ആവശ്യപ്പെട്ട ഒരു മതത്തിന്റെ അനുയായികൾ ഇന്ന് വന്നുപെട്ടിരിക്കുന്ന അവസ്ഥയെക്കുറിച്ച് മുസ്‌ലിംകൾ ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു: ***'നിങ്ങൾക്കിടയിൽ നീതിപൂർവ്വം വിധി കൽപ്പിക്കണമെന്ന് എന്നോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു ഞങ്ങളുടെയും നിങ്ങളുടെയും നാഥനാണ്.'(42: 16) 'ഓ വിശ്വാസികളെ, ദൈവ മാർഗ്ഗത്തിൽ ഉറച്ചു നിൽക്കുവീൻ നീതിക്ക് സാക്ഷികളായിരിക്കുവീൻ. ഒരു കൂട്ടർക്ക് നിങ്ങളോടുള്ള ശത്രുത നീതി വിരുദ്ധമായി പ്രവർത്തിക്കുന്നതിന്ന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പ്രവർത്തിക്കുവീൻ അതത്രെ ഭയഭക്തിയോടടുത്തത്. അല്ലാഹുവിനോടുള്ള കടപ്പാടിനെക്കുറിച്ച് സദാ ജാഗരൂഗരായിരിക്കുവീൻ നിങ്ങൾ ചെയ്യുന്നതേതോ അത് അല്ലാഹു നിശ്ചയമായും അറിയുന്നുണ്ട്.' (5:9)***




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പാലക്കാട്-തൃശൂർ ജില്ലാ സമ്മേളനം ജനുവരി 11ന് ആലത്തൂരിൽ നടന്നു. കേന്ദ്ര പ്രതിനിധി മൗലവി എം.നാസിർ സാഹിബ് ഉദ്ഘാടനം ചെയ്തു. ജില്ലാ അമീർ എച്ച്. സുലൈമാൻ, ജില്ലാ ഇൻചാർജ് മൗലവി കെ. അബ്ദുസ്സലാം, എം. താജുദ്ദീൻ, എം. അബ്ദുൾ ബഷീർ, എ.പി. മുഹമ്മദ് ഇസ്മായിൽ എന്നിവർ വേദിയിൽ.

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേരള സംസ്ഥാന സമ്മേളനം

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സമ്പൂർണ്ണ സംസ്ഥാന സമ്മേളനം 2020 ഏപ്രിൽ 4,5 തീയതികളിൽ നടത്തണമെന്ന (ഇൻശാ അല്ലാഹ്) അഭിപ്രായം സംസ്ഥാനത്തെ സോണൽ അമീർമാരുടെ പ്രത്യേക യോഗം മർക്കസിന് സമർപ്പിച്ചതായി കോഴിക്കോട് ജില്ലാ അമീർ കെ. എം അഹ്മദ് കോയാ സാഹിബ് അറിയിച്ചു. സമ്മേളനം വിപുലമായ പരിപാടികളോടെ നടത്താനാണ് മേഖലാ അമീർമാരുടെ സമ്മേളനം ഉദ്ദേശിക്കുന്നതെന്നും കോഴിക്കോട് മേഖലാ അമീർ അറിയിച്ചു. വിശദ വിവരങ്ങൾ മർക്കസിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് അറിയിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

## അനുസ്മരണം

# കെ. ബി. അബ്ദുൽ കരീം സാഹിബ്



കൊച്ചി ജമാഅത്തിലെ ആദ്യകാല അഹ്മദിയായിരുന്ന ബഹുമാനപ്പെട്ട കെ.ബി. അബ്ദുൽ കരീം സാഹിബ് (63 വയസ്സ്) 2020 ജനുവരി 9-ാം തീയതി ഹൃദയാഘാതത്തേ തുടർന്ന് വഫാത്തായി. (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ) കൊച്ചി ജമാഅത്തിലെ തഅ്‌ലീമുൽ ഖുർആൻ വഖ്ഫെ ആർസി സെക്രട്ടറിയും അതോടൊപ്പം നിയുക്ത അൻസാറുല്ലാഹ് സയീമായും സേവനം അനുഷ്ടിച്ചു വരികയായിരുന്നു. ഖാദിയാനിൽ അദ്ദേഹം ഒരു വർഷക്കാലം മു അല്ലിം കോഴ്സ് പഠിക്കുകയും തുടർന്ന് ഐരാപുരം ജമാഅത്തിൽ കുറച്ച് കാലം സേവനം അനുഷ്ഠിക്കുകയും ചെയ്തിരുന്നു. നിരവധി കുട്ടികളെ അദ്ദേഹം ഖുർആൻ പഠിപ്പിക്കുകയും ദീനി തഅ്‌ലീം കരസ്ഥമാക്കുന്നതിനായി കുട്ടികളെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വീട്ടിലും കുട്ടികൾ വന്ന് ഖുർആൻ പഠിക്കുമായിരുന്നു. തബ്‌ലീഗിൽ അദ്ദേഹം വളരെയധികം താൽപര്യം പ്രകടിപ്പിച്ചിരുന്നു. തബ്‌ലീഗ് രംഗത്തെ മാന്യമായ പെരുമാറ്റം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. അന്യരും അതിൽ പ്രഭാവിതരായിരുന്നു. ബൈബിൾ വിഷയങ്ങളിൽ അദ്ദേഹത്തിന് അതീവ പാണ്ഡിത്യമുണ്ടായിരുന്നു. സോഷൽ മീഡിയ അദ്ദേഹത്തിന്റെ പൊതുവിലുള്ള തബ്‌ലീഗ് വേദിയായിരുന്നു. കൃത്യ മായി പള്ളിയിൽ വന്ന് അഞ്ചുനേരം നമസ്കാരം അദ്ദേഹം നിർവഹിച്ചിരുന്നു. മരണദിവസവും അദ്ദേഹം പള്ളിയിൽ വന്ന് അസർ നമസ്കാരം നിർവഹിച്ചിരുന്നു. വഫാത്തിന്റെ സമയത്ത് അദ്ദേഹത്തിന്റെ സമീപത്ത് ഉണ്ടായിരുന്ന ജമാഅത്ത് സദർ സാഹിബിനോടു തനിക്കുവേണ്ടി ദുആ ചെയ്യണമെന്ന് അപേക്ഷിക്കുകയും ഞാൻ എന്റെ പ്രിയതമന്റെ അടുത്തേക്ക് പോകുന്നുവെന്നു പറഞ്ഞ് ശഹാദത്ത് കലിമ ചൊല്ലുകയും ചെയ്തു. അദ്ദേഹം മൂസിയാ യിരുന്നു. അല്ലാഹു പരേതന്റെ തെറ്റുകളെല്ലാം മാപ്പാക്കി പദവികൾ ഉയർത്തുമാറാകട്ടെ. അല്ലാഹു മഅ്ഫിറത്തോടും റഹ്മത്തോടും കൂടി തിരിക്കുകയും അവന്റെ ജന്നത്തിൽ ഇടം നല്കുകയും ചെയ്യുമാറാകട്ടെ. ഭാര്യ: നസീറ, മക്കൾ: ഹഫീഫ മുഅ്സിൻ, അയ്യൂബ്. മരുമകൻ: അബ്ദുറസാഖ്.

*എം.ബി.അബൂബക്കർ-കൊച്ചി*

Published on 7.02.2020

Pages 44

Vol: 92 Issue. 02

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2018-20

Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment

The Sathyadoothan Monthly



# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

# സമ്പൂർണ്ണ സംസ്ഥാന സമ്മേളനം

## 2020 ഏപ്രിൽ 4, 5
## കോഴിക്കോട്

LOVE FOR ALL HATRED FOR NONE

أَلَيْسَ اللّٰهُ بِكَافٍ عَبْدَهٗ

അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ?